**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1188** **27-07-2021 - ൽ മറുപടിയ്ക്ക്**

**സാമൂഹ്യനീതി വകുപ്പിൽ നിന്നുള്ള ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് | | **Dr. R. Bindu**<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സമൂഹത്തിലെ ദുർബ്ബലർക്കും അവശത അനുഭവിക്കുന്നവർക്കും രോഗികൾക്കും സാമൂഹ്യനീതി വകുപ്പിന്റ കീഴിൽ നൽകുന്ന സഹായങ്ങളും ആനുകൂല്യങ്ങളും എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | സാമൂഹ്യനീതി വകുപ്പ് മുഖേന നൽകുന്ന സഹായങ്ങളും, ആനുകൂല്യങ്ങളും, ക്ഷേമ പദ്ധതികളും, അവയ്ക്കുള്ള മാനദണ്ഡങ്ങളും സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഇവ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും അപേക്ഷിക്കേണ്ട രീതി എങ്ങനെയാണെന്നും വിശദമാക്കാമോ; | (ബി) | സാമൂഹ്യനീതി വകുപ്പ് മുഖേന നൽകുന്ന സഹായങ്ങളും, ആനുകൂല്യങ്ങളും, ക്ഷേമ പദ്ധതികളും, അവയ്ക്കുള്ള മാനദണ്ഡങ്ങളും സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (സി) | വകുപ്പിന്റെ കീഴിലുള്ള ക്ഷേമ പദ്ധതികളും പെൻഷനുകളും ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (സി) | സാമൂഹ്യനീതി വകുപ്പ് മുഖേന പെൻഷൻ പദ്ധതികൾ ഒന്നും തന്നെ നടപ്പിലാക്കുന്നില്ല. ക്ഷേമപദ്ധതികൾ സംബന്ധിച്ച ഉത്തരവുകളുടെ പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു. |
| (ഡി) | പ്രസ്തുത ആനുകൂല്യങ്ങൾ ലഭിക്കാനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും അപേക്ഷിക്കേണ്ട രീതി എങ്ങനെയാണെന്നും വ്യക്തമാക്കാമോ; | (ഡി) | സാമൂഹ്യനീതി വകുപ്പ് മുഖേന പെൻഷൻ പദ്ധതികൾ ഒന്നും തന്നെ നടപ്പിലാക്കുന്നില്ല. ക്ഷേമപദ്ധതികൾ സംബന്ധിച്ച ഉത്തരവുകളുടെ പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു. |
| (ഇ) | വകുപ്പിന്റെ കീഴിലുള്ള ക്ഷേമപദ്ധതികളും പെൻഷനുകളുമായി ബന്ധപ്പെട്ട് കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ എത്ര സർക്കാർ ഉത്തരവുകൾ പുറത്തിറങ്ങിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; പ്രസ്തുത ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ? | (ഇ) | സാമൂഹ്യനീതി വകുപ്പ് മുഖേന പെൻഷൻ പദ്ധതികൾ ഒന്നും തന്നെ നടപ്പിലാക്കുന്നില്ല. ക്ഷേമപദ്ധതികൾ സംബന്ധിച്ച ഉത്തരവുകളുടെ പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

## സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നൽകുന്ന സേവനങ്ങൾ

□. **ക്യാൻസർ സുരക്ഷാ പദ്ധതി** : 18 വയസ്സുവരെയുള്ള ക്യാൻസർ രോഗികളായ കുട്ടികളുടെ ജീവൻ സംരക്ഷിക്കുന്നതിന് പൂർണ്ണമായും സൗജന്യ ചികിത്സ അനുവദിച്ച് നടപ്പാക്കി വരുന്ന പദ്ധതി. ടി പദ്ധതി സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 14 ആശുപത്രികൾ മുഖേന നടപ്പാക്കിവരുന്നു.

**മാനദണ്ഡം**

- 18 വയസ്സിന് താഴെ പ്രായമുള്ള ക്യാൻസർ ബാധിതരായ കുട്ടികളായിരിക്കണം.
- സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 14 ആശുപത്രികളിൽ ക്യാൻസർ ചികിത്സയ്ക്കായി സമീപിക്കുന്ന കുട്ടികൾക്കായിരിക്കും പദ്ധതി ആനുകൂല്യം ലഭിക്കുന്നത്.
- സ്വന്തമായി ചികിത്സാചെലവ് വഹിക്കുവാൻ കഴിയാത്തവിധം വരുമാനം കുറഞ്ഞ കുടുംബങ്ങളിലെ കുട്ടികളായിരിക്കണം.
- കേരളത്തിലെ കുട്ടികളായിരിക്കണം
- ആശുപത്രിയിൽ കിടത്തി ചികിത്സിക്കുന്ന കാലയളവിലാണ് സൗജന്യ ചികിത്സസഹായം ലഭിക്കുക.

**അപേക്ഷിക്കേണ്ട രീതി**

ഈ പദ്ധതിക്ക് പ്രത്യേക അപേക്ഷാ ഫോറം ഇല്ല. സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 14 ആശുപത്രികളിൽ നിയോഗിച്ചിട്ടുള്ള കൗൺലർമാരുമായി ബന്ധപ്പെട്ട് പദ്ധതിയിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്.

□. **താലോലം പദ്ധതി** : ജന്മനായുള്ള ഹൃദയവൈകല്യങ്ങളാലും ജനിതക രോഗങ്ങളാലും മറ്റ് ഗുരുതര രോഗങ്ങളാലും കഷ്ടപ്പെടുന്ന 18 വയസ്സുവരെയുള്ള കുട്ടികൾക്ക് പൂർണ്ണമായും സൗജന്യ ചികിത്സ അനുവദിക്കുന്ന പദ്ധതി സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 17 ആശുപത്രികൾ മുഖേന നടപ്പാക്കിവരുന്നു.

**മാനദണ്ഡം**

- 18 വയസ്സിനു താഴെപ്രായമുള്ള കുട്ടികളായിരിക്കണം.
- ശസ്ത്രക്രിയ ആവശ്യമായ വൃക്ക വൈകല്യങ്ങൾ, കാർഡിയോവാസ്കുലാർ വൈകല്യങ്ങൾ, സെറിബ്രൽ പാൾസി, ഹീമോഫീലിയ, താലസീമിയ, സിക്കിൾസെൽ അനീമിയ, അസ്ഥിവൈകല്യങ്ങൾ, ഞരമ്പ് സംബന്ധമായ വൈകല്യങ്ങൾ എന്നീ രോഗങ്ങളുടെ ചികിത്സക്കും ഡയാലിസിസ് നടത്തുന്നതിനും, ശസ്ത്രക്രിയ ചെയ്യുന്നതിനും അവയവങ്ങൾ മാറ്റിവയ്ക്കുന്നതിനും ആവശ്യമായ സൗജന്യ ചികിത്സ ഈ പദ്ധതിയിലൂടെ ലഭ്യമാകും.
- സംസ്ഥാനത്ത് തെരഞ്ഞെടുക്കപ്പെട്ട 17 ആശുപത്രികളിൽ ചികിത്സയ്ക്കായി സമീപിക്കുന്ന കുട്ടികൾക്കാണ് പദ്ധതി ആനുകൂല്യം ലഭിക്കുന്നത്.
- സ്വന്തമായി ചികിത്സാചെലവ് വഹിക്കുവാൻ കഴിയാത്തവിധം വരുമാനം കുറഞ്ഞ കുടുംബങ്ങളിലെ കുട്ടികളായിരിക്കണം.

**അപേക്ഷിക്കേണ്ട രീതി**

ഈ പദ്ധതിക്ക് പ്രത്യേക അപേക്ഷാ ഫോറം ഇല്ല. സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 17 ആശുപത്രികളിൽ നിയോഗിച്ചിട്ടുള്ള കൗൺലർമാരുമായി ബന്ധപ്പെട്ട് പദ്ധതിയിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്.

. **ആശ്വാസകിരണം പദ്ധതി :** ഒരു മുഴുവൻ സമയ പരിചാരകന്റെ സേവനം ആവശ്യമാവിധം കിടപ്പിലായ രോഗികളെയും മാനസികശാരീരിക വെല്ലുവിളി നേരിടുന്നവരെയും ഗുരുതര രോഗങ്ങളുള്ളവരെയും പരിചരിക്കുന്നവർക്ക് പ്രതിമാസ ധനസഹായം അനുവദിക്കുന്ന പദ്ധതി. നിലവിൽ 600/- രൂപയാണ് പ്രതിമാസം അനുവദിക്കുന്നത്. ആശ്വാസകിരണം ധനസഹായത്തിന് അർഹതയുള്ളവർക്ക് മറ്റ് പെൻഷനുകൾ ലഭിക്കുന്നതിന് തടസ്സമില്ല.

**മാനദണ്ഡം**

- ശയ്യാവലംബരായവർ, ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി, മാനസികവൈകല്യം, 100 % കാഴ്ചശക്തിയില്ലാത്തവർ പ്രായാധിക്യം കൊണ്ടും ക്യാൻസർ മുതലായ മാരകരോഗം കാരണവും

പൂർണ്ണ സമയവും ദൈനംദിന കാര്യങ്ങൾക്കായി പരിചാരകന്റെ സഹായം ആവശ്യമുള്ളവരുടെ പരിചാരകരാണ് ഗുണഭോക്താക്കൾ.

- ബുദ്ധിമാന്ദ്യം ഉള്ളവർ സെറിബ്രൽ പാൾസി, ഓട്ടിസം തുടങ്ങിയ രോഗം ബാധിച്ചവർക്ക് വരുമാന പരിധി ബാധകമല്ല.
- പരിചരണം നൽകുന്നയാൾ സ്ഥിരവരുമാനമുള്ളവരായിരിക്കരുത്.
- വാർഷികകുടുംബ വരുമാനം ഗ്രാമപ്രദേശങ്ങളിലുള്ളവർക്ക് 20,000/- രൂപയും നഗരപ്രദേശങ്ങളിലുള്ളവർക്ക് 22,375/- രൂപയിലും താഴെയായിരിക്കണം.

**അപേക്ഷിക്കേണ്ട രീതി**

നിശ്ചിത ഫോറത്തിലുള്ള അപേക്ഷ പൂരിപ്പിച്ച് ആവശ്യമായ രേഖകൾ സഹിതം ശിശുവികസന പദ്ധതി ആഫീസർക്ക് നൽകേണ്ടതാണ്.

. **സ്നേഹസ്പർശം പദ്ധതി :** ചൂഷണത്തിന് വിധേയരായി അവിവാഹിത അവസ്ഥയിൽ അമ്മമാരാകുന്നവർ കുടുംബങ്ങളിൽ നിന്നും സമൂഹത്തിൽ നിന്നും ഒറ്റപ്പെട്ട് ജീവിക്കേണ്ടിവരുന്നു. ഇത്തരക്കാർക്ക് ദൈനംദിന ജീവിതത്തിന് ആവശ്യമായ സാമ്പത്തിക സഹായം നൽകി ഇവരെ പുനരധിവസിപ്പിക്കുക എന്ന ഉദ്ദ്യേശത്തോടെ ആവിഷ്ക്കരിച്ച് നടപ്പാക്കി വരുന്ന പദ്ധതി. പ്രതിമാസ ധനസഹായം 2000/ രൂപ

**മാനദണ്ഡം**

- 65 വയസ്സിനുള്ളിൽ പ്രായമുള്ളവരായിരിക്കണം
- ചൂഷണത്തിനു വിധേയരായി അവിവാഹിത അവസ്ഥയിൽ അമ്മമാരായവർ ആയിരിക്കണം.
- പുനർ വിവാഹിതരായിരിക്കാൻ പാടില്ല.
- സർക്കാരിന്റെ മറ്റൊരാനുകൂല്യം ലഭിക്കാത്തവരായിരിക്കണം
- ജാതി ബാധകമല്ല
- എല്ലാ അഗതികളായ അവിവാഹിത അമ്മമാർക്കും ആനുകൂല്യം ലഭിക്കുന്നതാണ്.

**അപേക്ഷിക്കേണ്ട രീതി**

നിശ്ചിത ഫോറത്തിലുള്ള അപേക്ഷ പൂരിപ്പിച്ച് രേഖകൾ ഉൾപ്പെടെ ബന്ധപ്പെട്ട ജില്ലാ സാമൂഹ്യ നീതി ആഫീസർക്ക് നൽകണം.

. **<u>എൻഡോസൾഫാൻ ദുരിതബാധിതർ ക്ക വേണ്ടിയുള്ള പദ്ധതികൾ:</u>**

(എ) എൻഡോസൾഫാൻ ദുരിത ബാധിതർക്ക് സ്നേഹസാന്ത്വനം പദ്ധതി പ്രകാരം 1200/-, 1700/-, 2200/- എന്നീ നിരക്കിൽ പ്രതിമാസ ധനസഹായം നിലവിൽ 5423 പേർക്ക് നൽകിവരുന്നു.

(ബി) സ്പെഷ്യൽ ആശ്വാസകിരണം പദ്ധതി പ്രകാരം എൻഡോസൾഫാൻ ദുരിത ബാധിതരെ പരിചരിക്കുന്നവർക്ക് 700/- രൂപ നിരക്കിൽ പ്രതിമാസ ധനസഹായം അനുവദിച്ചുവരുന്നു.

(സി) എൻഡോസൾഫാൻ ദുരിത ബാധിതകുടുംബങ്ങളിലെ 12-ാം ക്ലാസ്സുവരെ പഠിക്കുന്ന കുട്ടികൾക്ക് 2000, 3000, 4000 എന്നീ നിരക്കിലുള്ള ഒറ്റത്തവണ വിദ്യാഭ്യാസ ധനസഹായവും നൽകിവരുന്നു.

**<u>മാനദണ്ഡം</u>**

- ആരോഗ്യവകുപ്പ് നടത്തുന്ന സർവ്വേയിൽ എൻഡോസൾഫാൻ ദുരിതബാധിതരായി കണ്ടെത്തി ജില്ലാകളക്ടർ അംഗീകരിക്കുന്ന ലിസ്റ്റിൽ ഉൾപ്പെടുന്നവർക്ക് വരുമാന പരിധി കണക്കിലെടുക്കാതെ പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നു.

**<u>അപേക്ഷിക്കേണ്ട രീതി</u>**

(എ) സ്നേഹസാന്ത്വനം പദ്ധതി പ്രകാരം ധനസഹായം ലഭിക്കുവാൻ പ്രത്യേക അപേക്ഷാ ഫാറം ഇല്ല. ജില്ലാകളക്ടർ അംഗീകരിക്കുന്ന ലിസ്റ്റിൽ ഉൾപ്പെടുന്നവർക്ക് വരുമാനപരിധി കണക്കിലെടുക്കാതെ പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നു.

(ബി) സ്പെഷ്യൽ ആശ്വാസകിരണം പദ്ധതിയ്ക്കായി നിശ്ചിത ഫോറത്തിലുള്ള അപേക്ഷ പൂരിപ്പിച്ച് ആവശ്യമായ രേഖകൾ സഹിതം ശിശുവികസന പദ്ധതി ആഫീസർക്ക് നല്കേണ്ടതാണ്.

(സി) എൻഡോസൾഫാൻ ദുരിത ബാധിത കുടുംബങ്ങളിലെ വിദ്യാഭ്യാസ ധനസഹായത്തിനായി നിശ്ചിത ഫോറത്തിലുള്ള അപേക്ഷ ബന്ധപ്പെട്ട സ്കൂളുകൾ മുഖേന മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്.

. **<u>വയോമിത്രം പദ്ധതി</u>** :

നഗരസഭകളുമായി ചേർന്നുകൊണ്ട് 65 വയസ്സിന് മുകളിൽ പ്രായമുള്ള മുതിർന്ന പൗരന്മാർക്ക് മൊബൈൽ ക്ലിനിക്കിലൂടെ സൗജന്യ ചികിത്സ, സൗജന്യ മരുന്ന്,

കൗൺസിലിംഗ് എന്നിവ നൽകി ആരോഗ്യ സുരക്ഷ ഉറപ്പ് വരുത്തുന്ന പദ്ധതിയാണ് വയോമിത്രം പദ്ധതി.

**<u>മാനദണ്ഡം</u>**

- നഗരപ്രദേശത്ത് താമസിക്കുന്ന 65 വയസ്സിനുമേൽ പ്രായമുള്ള വൃദ്ധജനങ്ങൾക്ക് പദ്ധതി ആനുകൂല്യം ലഭിക്കുന്നു.

**<u>അപേക്ഷിക്കേണ്ട രീതി</u>**

ഈ പദ്ധതി സഹായത്തിന് പ്രത്യേക അപേക്ഷാ ഫോറമില്ല. പദ്ധതി നടപ്പിലാക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപന പരിധിയിൽ സ്ഥിര താമസമാക്കിയ 65 വയസ്സിനുമേൽ പ്രായമുള്ള വൃദ്ധജനങ്ങൾക്ക് വയോമിത്രം ആഫീസുമായി ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യണം.

. **<u>ശ്രുതിതരംഗം പദ്ധതി :</u>**

5 വയസ്സുവരെ പ്രായമുള്ള കുട്ടികളിൽ നിന്നും ശ്രവണ വൈകല്യമുള്ള കുട്ടികളെ വളരെ ചെറുപ്പത്തിൽതന്നെ ക്കണ്ടത്തി കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറി നടത്തി ആഡിറ്ററിവെർബൽ ഹബിലിറ്റേഷനിലൂടെ വൈകല്യം മാറ്റിയെടുക്കുന്ന പദ്ധതിയാണ് ശ്രുതിതരംഗം. സർക്കാർ/സ്വകാര്യ ആശുപത്രികളിലൂടെ ഈ പദ്ധതി നടപ്പിലാക്കി വരുന്നു. കൂടാതെ സ.ഉ (എം.എസ്)നം.640/17/സാനീവ തീയതി: 28/09/17 ഉത്തരവ് പ്രകാരം ശ്രുതിതരംഗം പദ്ധതി ആരംഭിക്കുന്നതിന് മുൻപ് രക്ഷിതാക്കളുടെ സ്വന്തം ചിലവിൽ കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറി നടത്തിയ 25 വയസ്സുവരെയുള്ളവർക്ക് സ്പീച്ച് പ്രോസസർ അപ്ഗ്രേഡ്ചെയ്ത് എക്സ്റ്റൻഡഡ് വാറന്റി നൽകുന്നതിനുള്ള **<u>ധ്വനി പദ്ധതി</u>** ആരംഭിച്ചിട്ടുണ്ട്.

**<u>മാനദണ്ഡം</u>**

- 0-5 വയസ്സുവരെ പ്രായപരിധിയിലുള്ള കുട്ടികളായിരിക്കണം.
- കുടുംബ വാർഷികവരുമാനം 2 ലക്ഷം രൂപ വരെയുള്ള കുടുംബങ്ങളിലെ കുട്ടികളായിരിക്കണം.
- കേരളത്തിലുള്ള കുട്ടികളായിരിക്കണം.
- കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറി ചെയ്താൽ പ്രയോജനമുണ്ടെന്ന് സ്പെഷ്യലൈസ്ഡ് ഡോക്ടർ സാക്ഷ്യപ്പെടുത്തിയിരിക്കണം.

- സ്ഥിരമായി സ്പീച്ച് തെറാപ്പി നടത്തുവാൻ സന്നദ്ധരായ കുടുംബങ്ങളായിരിക്കണം.

**<u>അപേക്ഷിക്കേണ്ട രീതി</u>**

നിശ്ചിത ഫോറത്തിൽ അപേക്ഷ ആവശ്യമായ രേഖകൾ സഹിതം കേരള സാമൂഹ്യസുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് നൽകണം.

**. <u>വൈകല്യ നിർണ്ണയ മെഡിക്കൽ സർട്ടിഫിക്കേഷൻ ക്യാമ്പിലൂടെ വികലാംഗർക്ക് മെഡിക്കൽ സർട്ടിഫിക്കറ്റും തിരിച്ചറിയൽ കാർഡും തൽസമയം വിതരണം ചെയ്യുന്ന പദ്ധതി</u>**

സംസ്ഥാനത്തെ 40% വൈകല്യം ബാധിച്ച മുഴുവൻ പേരെയും കണ്ടെത്തി ഇത്തരം വ്യക്തികൾക്ക് കേന്ദ്ര സംസ്ഥാന സർക്കാരുകളിൽ നിന്നും ലഭിക്കാവുന്ന ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള അടിസ്ഥാനരേഖയായ മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റും തിരിച്ചറിയൽ കാർഡും നൽകുന്ന പദ്ധതിയാണിത്.

**<u>മാനദണ്ഡം</u>**

- അപേക്ഷ ലഭിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ക്യാമ്പുകൾ സംഘടിപ്പിച്ച് 40% മോ അതിനു മുകളിലോ വൈകല്യം ഉള്ളവർക്ക് മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റും ഐഡന്റിറ്റി കാർഡും നൽകിവരുന്നു.
- നിശ്ചിതഫോറത്തിൽ അപേക്ഷ കേരള സാമൂഹ്യസുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് നൽകേണ്ടതാണ്.

**<u>അപേക്ഷിക്കേണ്ട രീതി</u>**

നിശ്ചിത ഫോറത്തിൽ അപേക്ഷ ആവശ്യമായ രേഖകൾ സഹിതം കേരള സാമൂഹ്യസുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് നൽകണം.

**. <u>സ്നേഹപൂർവ്വം പദ്ധതി :</u>**

മാതാപിതാക്കൾ ഇരുവരുമോ ആരെങ്കിലും ഒരാളോ മരണപ്പെട്ട് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് വിദ്യാഭ്യാസത്തിന് ധനസഹായം നൽകുന്ന പദ്ധതിയാണിത്.

**<u>മാനദണ്ഡം</u>**

- മാതാപിതാക്കൾ മരണപ്പെട്ട കുട്ടികൾ/മാതാപിതാക്കളിൽ ഒരാൾ മരണപ്പെട്ടു പോവുകയും ജീവിച്ചിരിക്കുന്നയാൾക്ക് സാമ്പത്തികമായ ബുദ്ധിമുട്ടുമൂലം കുട്ടിയെ സ്വകുടുംബങ്ങളിൽ നിർത്തി സംരക്ഷിക്കാൻ കഴിയാത്ത സാഹചര്യങ്ങളിൽ കുട്ടിയെ കുടുംബാംഗങ്ങൾ തന്നെ സ്വഭവനങ്ങളിൽ സംരക്ഷിച്ച് വിദ്യാഭ്യാസം ചെയ്യിക്കുന്നതിനാണ് പ്രതിമാസ ധനസഹായം നൽകുന്നത്.
- 5 വയസ്സുവരെയുള്ള കുട്ടികളും, സർക്കാർ/ എയ്ഡഡ്സ് സ്കൂളുകളിൽ 1 മുതൽ ഡിഗ്രിതലത്തിൽ/പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന കുട്ടികളും പദ്ധതിയുടെ ഗുണഭോക്താക്കളാണ്.
- കുട്ടിയെ സംരക്ഷിക്കുന്ന കുടുംബം ഗ്രാമപ്രദേശങ്ങളിൽ 20,000/- രൂപയും നഗരപ്രദേശങ്ങളിൽ 22,375/- രൂപയിലും താഴെ വാർഷിക വരുമാനമുള്ളവരായിരിക്കണം.

**അപേക്ഷിക്കേണ്ട രീതി**

വെള്ളക്കടലാസിലുള്ള അപേക്ഷയും ബന്ധപ്പെട്ട രേഖകളും സഹിതം അപേക്ഷകർ അവരവരുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന മേധാവികൾ മുഖേന ഓൺലൈൻ ആയി അപേക്ഷ  എക്സിക്യൂട്ടീവ് ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്. ഓൺലൈനായി അപേക്ഷിക്കുന്നതിനാൽ പ്രത്യേകമായി അപേക്ഷ ഫോറമില്ല.

II. **സമാശ്വാസം പദ്ധതി** :

വൃക്ക തകരാർ സംഭവിച്ച് സ്ഥിരമായി ഡയാലിസിസിൽ ഏർപ്പെടുന്നവർ, വൃക്ക, കരൾ മാറ്റിവയ്ക്കൽ സർജറിയ്ക്ക് വിധേയരായവർ, ഹീമോഫീലിയ രോഗികൾ, സിക്കിൾസെൽ അനീമിയരോഗികൾ എന്നിവർക്ക് പ്രതിമാസ ധനസഹായം അനുവദിക്കുന്ന പദ്ധതിയാണ് സമാശ്വാസം പദ്ധതി ഡയാലിസിസിന് വിധേയരാകുന്ന ബി.പി.എൽ വിഭാഗത്തിൽപെടുന്ന രോഗികൾക്ക് പ്രതിമാസം 1100/- രൂപയും വൃക്ക, കരൾമാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരായ കുടുംബ വാർഷിക വരുമാനം 1 ലക്ഷംരൂപ വരെയുള്ളവർക്ക് പ്രതിമാസം 1000/- രൂപയും ഹീമോഫീലിയ രോഗികൾക്ക് വരുമാന പരിധിയില്ലാതെ 1000/- രൂപയും നോൺട്രൈബൽ വിഭാഗത്തിൽപ്പെട്ട അരിവാൾരോഗം ബാധിച്ച രോഗികൾക്ക് പ്രതിമാസം 2000/- രൂപയും നൽകിവരുന്നു.

**മാനദണ്ഡം**

**സമാശ്വാസംI**

- മാസത്തിലൊരിക്കലെങ്കിലും സ്ഥിരമായി ഡയാലിസിസിന് വിധേയരാകുന്ന ബി.പി.എൽ കുടുംബാംഗമായിരിക്കണം.
- ആറുമാസമെങ്കിലും തുടർച്ചയായ ഡയാലിസിസ് ആവശ്യമുള്ളവരാണെന്ന് വൃക്കരോഗവിദഗ്ധൻ സർട്ടിഫിക്കറ്റ് നൽകിയിരിക്കണം.
- ഡയാലിസിസ് ചെയ്തു കൊണ്ടിരിക്കുന്ന രോഗി വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്കു വിധേയനായി ഡയാലിസിസ് അവസാനിപ്പിച്ചാൽ വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയക്കുശേഷമുള്ള Immuno Suppressive Treatment എടുക്കുന്ന കാലയളവിൽ പരമാവധി രണ്ട് വർഷം ധനസഹായത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്. ഡയാലിസിസിന്റെ ഇടവേള ഒരു മാസത്തിൽ കൂടുതലാണെങ്കിൽ ധനസഹായത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല
- മറ്റ് സർക്കാർ ധനസഹായം ലഭ്യമാകുന്നവർക്കും ഈ പ്രത്യേക ധനസഹായത്തിന് അർഹതയുായിരിക്കും. ഈ പദ്ധതി പ്രകാരം പ്രതിമാസം 1100/- രൂപയാണ് ധനസഹായം അനുവദിക്കുന്നത്.

**<u>സമാശ്വാസംII</u>**

- വൃക്ക/കരൾ എന്നീ അവയവങ്ങളിലേതെങ്കിലും മാറ്റിവയ്ക്കപ്പെട്ട രോഗികൾ ആയിരിക്കണം. ശസ്ത്രക്രിയ കഴിഞ്ഞ തീയതി മുതൽ പരമാവധി 5 വർഷക്കാലത്തേയ്ക്കാണ് പദ്ധതി ആനുകൂല്യം ലഭിക്കുന്നത്.
- വൃക്ക/കരൾമാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്തി തുടർ ചികിസ ആവശ്യമുള്ളവരാണെന്ന് വൃക്ക/കരൾരോഗവിദഗ്ധൻ സർട്ടിഫിക്കറ്റ് നൽകിയിരിക്കണം.
- കുടുംബ വാർഷികവരുമാനം 1 ലക്ഷം രൂപയിൽ താഴെയുള്ളവരായിരിക്കണം.
- മറ്റ് സർക്കാർ ധനസഹായം ലഭിക്കുന്നവർക്കും ഈ പ്രത്യേക ധനസഹായത്തിന് അർഹതയുണ്ടായിരിക്കും.
- ഈ പദ്ധതി പ്രകാരം പ്രതിമാസം 1000/- രൂപയാണ് ധനസഹായം അനുവദിക്കുന്നത്.

**<u>സമാശ്വാസംIII</u>**

- രക്തം കട്ടപിടിക്കുന്നതിനാവശ്യമായ ഘടകങ്ങളുടെ കുറവ് മൂലം ഉണ്ടാകുന്ന ഹീമോഫീലിയും അനുബന്ധരോഗാവസ്ഥയും ഉള്ളവരാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ.

- പ്രതിമാസം 1000/- രൂപയാണ് ഈ പദ്ധതി പ്രകാരം ധനസഹായം അനുവദിക്കുക.
- APL/BPL വ്യത്യാസമില്ലാതെ ഹീമോഫീലിയ ബാധിച്ചിട്ടുള്ള എല്ലാ ആളുകൾക്കും ഈ പദ്ധതിയുടെ ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കും.
- സർക്കാരിന്റെ ക്ഷേമപെൻഷനുകളോ മറ്റു ധനസഹായങ്ങളോ ലഭിക്കുന്നവർക്കും ഈ പ്രത്യേക പ്രതിമാസ ധനസഹായത്തിന് അർഹതയുണ്ടായിരിക്കും.
- ഹീമോഫീലിയ ബാധിച്ചയാളാണെന്ന് ഗവൺമെന്റ് മെഡിക്കൽ കോളേജിലെ മെഡിസിൻ/ പീഡിയാട്രിക്സ്/ ഹെമറ്റോളജി വിഭാഗത്തിലെ ഡോക്ടർ സാക്ഷ്യപ്പെടുത്തിയിരിക്കണം. വകുപ്പ്തലവനോ/സ്ഥാപന സൂപ്രണ്ടോ മെഡിക്കൽ സർട്ടിഫിക്കറ്റിൽ counter sign ചെയ്തിരിക്കണം.
- അർഹതയുള്ള ഗുണഭോക്താക്കൾക്ക് അവരുടെ പേരിലോ 15 വയസിനു താഴെയുള്ള കുട്ടികളാണെങ്കിൽ കുട്ടിയുടെയും രക്ഷകർത്താവിന്റെയും പേരിലുള്ള joint account ലേക്ക് കോർബാങ്കിംഗ്/RTGS വഴി പദ്ധതി ആനുകൂല്യം ട്രാൻസ്ഫർ ക്രെഡിറ്റ്ചെയ്ത് നൽകുന്നതാണ്.
- എല്ലാവർഷവും ജനുവരി/ജൂൺ മാസങ്ങളിൽ ലൈഫ് സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

## <u>സമാശ്വാസംIV</u>

- സംസ്ഥാനത്ത് ട്രൈബൽ വിഭാഗത്തിൽപ്പെടാത്ത ദാരിദ്ര്യരേഖക്ക് താഴെയുള്ള പൊതുവിഭാഗത്തിൽപ്പെട്ട കുടുംബങ്ങളിലെ രോഗബാധിതർ.
- അപേക്ഷകർ അരിവാൾ രോഗം (HBSS) ബാധിച്ചവരോ HBS Combination ബാധിച്ചവരോ ആണെന്ന് HPLC (High Performing Liquid Chromatography) വഴി കണ്ടെത്തിയവരായിരിക്കണം. ഇതു സംബന്ധിച്ച് കോഴിക്കോട് മെഡിക്കൽകോളേജ് പത്തോളജിവിഭാഗത്തിൽ നിന്നും നിശ്ചിതമാതൃകയിലുള്ള സാക്ഷ്യപത്രം അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.
- (HBAS) Sickel cell trair casesന് ചികിത്സ ആവശ്യമില്ല. അതിനാൽ അത്തരം കേസുകളെ ടി പദ്ധതിയിൽ പരിഗണിക്കുന്നതല്ല.
- പട്ടികവർഗ്ഗക്കാരല്ലാത്ത അരിവാൾരോഗം ബാധിച്ചവരെ മാത്രമേ ഈ പ ദ്ധതിയിൽ

പരിഗണിക്കുകയുള്ളൂ.

- വില്ലേജ് ഓഫീസർ നൽകുന്ന ജാതിസർട്ടിഫിക്കറ്റിന്റെയും വരുമാന സർട്ടിഫിക്കറ്റിന്റെയും രോഗാവസ്ഥ തെളിയിക്കുന്നതിന് കോഴിക്കോട് മെഡിക്കൽ കോളേജിലെ പത്തോളജി വിഭാഗം നൽകുന്ന സർട്ടിഫിക്കറ്റിന്റെയും അടിസ്ഥാനത്തിൽ ആനുകൂല്യം അനുവദിക്കുന്നതാണ്.
- ററാഗി മരണപ്പെട്ടാൽ രോഗിയുടെ ആശ്രിതന് ധനസഹായം ലഭിക്കാൻ അർഹത ഉണ്ടായിരിക്കില്ല.
- ധനസഹായം ബാങ്ക് അക്കൗണ്ട്വഴിമാത്രമേ നൽകുകയുള്ളൂ.
- അർഹരായ അപേക്ഷകർക്ക് അപേക്ഷ സമർപ്പിച്ച മാസത്തിന് തൊട്ടടുത്ത മാസം മുതൽ ധനസഹായം അനുവദിച്ച് നൽകുന്നതാണ്.
- ധനസഹായം തുടർന്ന് ലഭിക്കുന്നതിന് എല്ലാവർഷവും ജനുവരി /ജൂൺ മാസങ്ങളിൽ നിശ്ചിതമാതൃകയിൽ ലൈഫ് സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

**<u>അപേക്ഷിക്കേണ്ട രീതി</u>**

സമാശ്വാസത്തിന് കീഴിലുള്ള നാല് പദ്ധതികൾക്കും നിശ്ചിത ഫോറത്തിലുള്ള അപേക്ഷ ആവശ്യമായ രേഖകൾ സഹിതം കേരള സാമൂഹ്യസുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് നൽകണം.

**□□. <u>വി-കെയർ</u>:**

കേരള സാമൂഹ്യസുരക്ഷാ മിഷൻ ഏറ്റെടുക്കുന്ന ക്ഷേമ പരിപാടികൾക്കും വ്യക്തിഗത ആനുകൂല്യ പദ്ധതികൾക്കും ഫണ്ട് സ്വരൂപിക്കാനുള്ള ഒരു ധനാഗമമാർഗ്ഗമായിട്ടാണ് ഈ പദ്ധതി രൂപപ്പെടുത്തിയിട്ടുള്ളത്. ആരോഗ്യ, സാമൂഹ്യ, മാനസിക പരിചരണം ലഭിക്കാൻ നിർവ്വാഹമില്ലാത്തതോ അതിന് തീരെ നിവർത്തിയില്ലാത്തതോ ആയ കേരളത്തിലെ ജനങ്ങളുടെ വിവിധങ്ങളായ ആവശ്യങ്ങൾ നിറവേറ്റാൻ തക്കവിധത്തിൽ അടിസ്ഥാന ഫണ്ട് കണ്ടെത്താനുള്ള ഒരു ഉദ്യമമാണ് ഈ പദ്ധതി. ഇപ്രകാരം സമാഹരിക്കുന്ന തുക സമൂഹത്തിൽ പർശ്വവൽക്കരിക്കപ്പെട്ട ജന വിഭാഗങ്ങളുടെ ചികിത്സ, സാമ്പത്തിക സഹായം, ജീവനോപാധി കണ്ടെത്തുന്നതിനുള്ള സഹായം, പഠന സഹായം തുടങ്ങിയവയ്ക്കായി

വിനിയോഗിക്കുന്നു.

വീകെയർ പദ്ധതി പ്രകാരം സ്വരൂപിക്കുന്ന ഫണ്ട് വിനിയോഗിച്ച് അർഹരായ രോഗികൾക്ക് കിഡ്നി/ലിവർ ട്രാൻസ്പ്ലാന്റേഷൻ, ബോൺമാരോ ട്രാൻസ്പ്ലാന്റേഷൻ, ബ്രയിൻ സ്റ്റിമുലേഷൻ സർജറി, കാർഡിയാക്സർജറി, ഇടുപ്പ്എല്ല്/മുട്ട് മാറ്റിവയ്ക്കൽ സർജറി, ഹോർമോൺ തെറാപ്പി കൂടാതെ സഹായ ഉപകരണങ്ങൾ എന്നിവ ഈ പദ്ധതി പ്രകാരം നൽകി വരുന്നു.

**<u>മാനദണ്ഡം</u>**

- അപേക്ഷകൻ ബി.പി.എൽ കുടുംബാംഗമായിരിക്കണം.
- വീകെയർ പദ്ധതിയിൽ ലഭിക്കുന്ന അപേക്ഷകളിൻ മേൽ അന്വേഷണം നടത്തുകയും ലഭ്യമാകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വീകെയറിന്റെ വിവിധ കമ്മിറ്റികളിൽ പരിഗണിക്കുകയും കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തുടർ നടപടി സ്വീകരിക്കുകയും ചെയ്യുന്നു.

**<u>അപേക്ഷിക്കേണ്ട രീതി</u>**

വീകെയർ പദ്ധതിയിൽ അപേക്ഷിക്കുന്നതിനായി വെള്ള പേപ്പറിൽ തയ്യാറാക്കിയ അപേക്ഷയോടൊപ്പം റേഷൻകാർഡ്, ആധാർ കാർഡ്, വരുമാന സർട്ടിഫിക്കറ്റ്, ചികിത്സ സംബന്ധിച്ച രേഖകൾ എന്നിവയുടെ പകർപ്പ് തപാൽ മുഖേനയോ നേരിട്ടോ കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് നല്കേണ്ടതാണ്.

**II. <u>ജുവനൈൽ ഡയബറ്റീസ് ബാധിച്ച കുട്ടികൾക്കുള്ള സാമൂഹ്യ സഹായ പദ്ധതി (മിഠായി)</u>**

Type 1 Diabetic ബാധിച്ച കുട്ടികൾക്കും കൗമാരക്കാർക്കും സമഗ്ര പരിരക്ഷ നൽകുന്നതിന് കേരള സാമൂഹ്യസുരക്ഷാ മിഷൻ ആവിഷ്ക്കരിച്ച സമഗ്ര പദ്ധതിയാണ് 'മിഠായി'. ടി പദ്ധതിയിൽ continuous glucose monitoring, insulin pen/pump എന്നിവ നൽകുകയും കൗൺസിലിംങ്ങും മാതാപിതാക്കൾക്ക് പരിശീനലവും മറ്റ് സാമൂഹ്യ സുരക്ഷാ സംവിധാനങ്ങൾ ഉൾപ്പെടെ 6 ഘടകങ്ങൾ ഉൾപ്പെടുന്ന ഒരു ബൃഹത് പദ്ധതിയാണിത്. ടി പദ്ധതിയുടെ ഭാഗമായി ആദ്യഘട്ടത്തിൽ തിരുവനന്തപുരം, ആലപ്പുഴ, കോഴിക്കോട് എന്നീ മെഡിക്കൽ കോളേജുകളിൽ പ്രത്യേക Type 1 ഡയബറ്റിക്

ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ട്. ടി ആശുപത്രികളിൽ ആരംഭിച്ച ഡയബറ്റീസ് സെന്ററുകളിൽ ഒരു എംഎസ്‌സി നഴ്സിന്റെയും ഡയറ്റീഷ്യന്റെയും സേവനം ലഭ്യമാക്കിയിട്ടുണ്ട്. ഈ പദ്ധതിയിൽ രജിസ്റ്റർചെയ്തിട്ടുള്ള 1200 കുട്ടികളിൽ 400 പേർക്ക് insulin pen ലഭ്യമാക്കിയിട്ടുണ്ട്.

**<u>മാനദണ്ഡം</u>**

- ടി പദ്ധതി അപേക്ഷ ഓൺലൈൻ മുഖേന യാണ് സ്വീകരിക്കുന്നത്. www.mittayi.org എന്ന വെബ്സൈറ്റ് വഴി പദ്ധതിയിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്.
- 18 വയസ്സിന് താഴെ പ്രായമുള്ളവരായിരിക്കണം പദ്ധതി ഗുണഭോക്താക്കൾ.
- അപേക്ഷകന്റെ വാർഷിക കുടുംബ വരുമാനം 2 ലക്ഷത്തിൽ താഴെ ആയിരിക്കണം.
- അപേക്ഷകൻ/ രക്ഷകർത്താവ് കേരളത്തിലെ സ്ഥിരതാമസക്കാരായിരിക്കണം.
- Type 1 ഡയബറ്റിസ് രോഗ നിർണ്ണയത്തെ കുറിച്ചും പദ്ധതിയുടെ കീഴിൽ ശുപാർശ ചെയ്യുന്ന ചികിത്സാ രീതിയെ കുറിച്ചും എംപാനൽഡ് ഡോക്ടർ കുട്ടി/ കൗമാരക്കാർക്ക് സർട്ടിഫിക്കറ്റ് നൽകിയിരിക്കണം.
- ചികിത്സ ആരംഭിക്കുന്നതിന് മുൻപ് കുട്ടിയുടെ/കൗമാരക്കാരുടെ മാതാപിതാക്കൾ ടി വിവരം അറിഞ്ഞുള്ള സമ്മതപത്രത്തിൽ ഒപ്പിടാൻ തയ്യാറായിരിക്കണം.
- കുട്ടിയുടെ/കൗമാരക്കാരുടെ മാതാപിതാക്കൾ റസിഡൻഷ്യൽ ഡയബറ്റിക് ക്യാമ്പുകൾ ഉൾപ്പെടെയുള്ള നിർബന്ധിത പരിശീലനത്തിന് തയ്യാറായിരിക്കണം.

**<u>അപേക്ഷിക്കേണ്ട രീതി</u>**

നിശ്ചിത മാതൃകയിലുള്ള അപേക്ഷ ബന്ധപ്പെട്ട രേഖകൾ സഹിതം അപേക്ഷ ഓൺലൈൻ മുഖേനയാണ് സ്വീകരിക്കുന്നത്. www.mittayi.org എന്ന വെബ്സൈറ്റ് വഴി പദ്ധതിയിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്.

II. **<u>അനുയാത്രാ പദ്ധതി :</u>** അനുയാത്രാ പദ്ധതിയുടെ കീഴിൽ ചുവടെ പറയുന്ന

പദ്ധതികൾ നടപ്പിലാക്കി വരുന്നു.

വൈകല്യങ്ങൾ എത്രയും നേരത്തെ കണ്ടെത്തുന്നതിനും തെറാപ്പികൾ ഉൾപ്പെടെയുള്ള അനുയോജ്യമായ ഇടപെടൽ നടത്തുന്നതിനുമായുള്ള വിവിധ പദ്ധതികളാണ് അനുയാത്രയിലൂടെ സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് നടപ്പാക്കുന്നത്. അനുയാത്രയുടെ ഭാഗമായി നിലവിൽ നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | |
|---|---|---|
| 1. | **റീജിയണൽ ഏർളി ഇന്റർവെൻഷൻ സെന്റർ** | |
| 2. | **ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ-** | |
| 3. | **മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകൾ -** | അംഗപരിമിതർക്ക്, പ്രത്യേകിച്ചും കുട്ടികൾക്ക് തുടർച്ചയായ തെറാപ്പികളും പരിശീലനവും ആവശ്യമാണ്. വിദൂര പ്രദേശങ്ങളിലുള്ള ഭിന്നശേഷി പരിപാലന കേന്ദ്രത്തിൽ എത്തി ഈ സേവനങ്ങൾ ലഭ്യമാക്കുന്നതിന് പലർക്കും വിവിധ കാരണങ്ങളാൽ കഴിയുന്നില്ല. ഇതിനൊരു പരിഹാരമായി ഇത്തരക്കാർ താമസിക്കുന്ന പ്രദേശത്തിന് സമീപം ഈ സേവനങ്ങൾ ലഭ്യമാക്കുന്നതിനായി ആരംഭിച്ച പദ്ധതിയാണ് മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകൾ. |
| 4 | **കാതോരം**<br>കേൾവി വൈകല്യം എത്രയും നേരത്തെ കണ്ടെത്തി ആവശ്യമായ ഇടപെടലുകളിലൂടെ പരിഹരിക്കുന്നതിനായുള്ള പദ്ധതിയാണ് കാതോരം. | |
| 5 | **സ്പെക്ട്രം പദ്ധതി**<br>കേരള സാമൂഹ്യ സുരക്ഷാ മിഷൻ 2018-19 മുതൽ ഓട്ടിസം കുട്ടികൾക്കായി ആവിഷ്ക്കരിച്ച് നടപ്പാക്കി വരുന്ന പ്രത്യേക സമഗ്ര പദ്ധതിയാണ് സ്പെക്ട്രം | |

## Social Justice Directorate-

| ക്രമ നം. | സ്കീമിന്റെ പേര് | ഗുണഭോക്താക്കൾ | ധനസഹായം സംബന്ധിച്ച വിവരം | ധനസഹായം ലഭ്യമാകുന്നതിനുള്ള മാനദണ്ഡം | അപേക്ഷ നൽകുന്ന വിധം |
|---|---|---|---|---|---|
| പ്രൊബേഷനും ശേഷമുള്ള പരിചരണ സംവിധാനവും: | | | | | |
| 1 | പ്രൊബേഷണർമാർക്കും മുൻ കുറ്റവാളികൾക്കുമായുള്ള സ്വയം തൊഴിൽ പദ്ധതി | മുൻ കുറ്റവാളികളും പ്രൊബേഷണറും | ഒരാൾക്ക് 15,000 / - (ഒറ്റത്തവണ സഹായം) | മുൻ കുറ്റവാളികൾ, ജില്ലാ പ്രൊബേഷൻ ഓഫീസർമാരുടെ മേൽനോട്ടത്തിൽ വരുന്ന പ്രൊബേഷണർമാർ. | ബന്ധപ്പെട്ട പ്രൊബേഷൻ ഓഫീസർക്ക് അപേക്ഷ സമർപ്പിക്കണം |
| 2 | തടവുകാരുടെ ആശ്രിതർക്കുള്ള സ്വയം തൊഴിൽ പദ്ധതി തടവുകാരുടെ ആശ്രിതർ | തടവുകാരുടെ ആശ്രിതർ | Rs. ഒരാൾക്ക് 15,000 / - (ഒറ്റത്തവണ സഹായം) · | 1. 5 വർഷമോ അതിൽ കൂടുതലോ തടവ് അനുഭവിച്ച അത്തരം പ്രതികളുടെ കുടുംബങ്ങൾ · അപേക്ഷകൻ ബിപിഎൽ കുടുംബത്തിൽപ്പെട്ടവരായി രിക്കണം. | ബന്ധപ്പെട്ട പ്രൊബേഷൻ ഓഫീസർക്ക് അപേക്ഷ സമർപ്പിക്കണം |
| 3 | തടവുകാരുടെ കുട്ടികൾക്ക് വിദ്യാഭ്യാസ സഹായം | തടവുകാരുടെ കുട്ടികൾ | · ഒന്നാം ക്ലാസ്. മുതൽ അഞ്ചാം ക്ലാസ് വരെ - പ്രതിമാസം 300 രൂപ · ആറാം ക്ലാസ്. മുതൽ പത്താം ക്ലാസ് വരെ- പ്രതിമാസം 500 രൂപ · +1 (പ്ലസ് വൺ) & +2 (പ്ലസ് ടു) - പ്രതിമാസം 750 രൂപ | 1. അപേക്ഷകൻ ബിപിഎൽ കുടുംബത്തിൽപ്പെട്ടവനായിരിക്കണം · 2. ഡിഗ്രി / പ്രൊഫഷണൽ കോഴ്സ് സർക്കാർ / എയ്ഡഡ് മേഖലയിലായിരിക്കണം | ജയിൽ സൂപ്രണ്ടിന് അപേക്ഷ സമർപ്പിക്കണം |

| | | | | | |
|---|---|---|---|---|---|
| | | | · ഡിഗ്രി / പ്രൊഫഷണൽ കോഴ്സ്- പ്രതിമാസം 1000 രൂപ · | | |
| 4 | തടവുകാരുടെ കുട്ടികൾക്ക് പ്രൊഫഷണൽ വിദ്യാഭ്യാസ സഹായം | തടവുകാരുടെ കുട്ടികൾ | Rs. 100,000 / - (ഒരു വിദ്യാർത്ഥിക്ക് ) വാർഷിക ഫീസും ഹോസ്റ്റൽ ഫീസും ഉൾപ്പെടെ. | · 1. ബിപിഎൽ വിഭാഗത്തിൽ പെടണം.<br>· 2. മെറിറ്റ് സീറ്റ് വഴി കോഴ്സുകളിൽ പ്രവേശനം നേടിയ അപേക്ഷകർക്ക് സഹായത്തിന് അർഹതയുണ്ട്. | ജയിൽ സൂപ്രണ്ടിന് അപേക്ഷ സമർപ്പിക്കണം |
| 5 | ക്രൈം ഇരകളുടെ കുട്ടികൾക്ക് വിദ്യാഭ്യാസ സഹായം | ക്രൈം ഇരകളുടെ കുട്ടികൾ | · ഒന്നാം ക്ലാസ് മുതൽ അഞ്ചാം ക്ലാസ് വരെ - പ്രതിമാസം 300 രൂപ<br>· ആറാം ക്ലാസ്. മുതൽ പത്താം ക്ലാസ് വരെ- പ്രതിമാസം 500 രൂപ<br>· +1 (പ്ലസ് വൺ) & +2 (പ്ലസ് ടു) - പ്രതിമാസം 750 രൂപ<br>ഡിഗ്രി / പ്രൊഫഷണൽ കോഴ്സ്- പ്രതിമാസം 1000 രൂപ · | 1. കുടുംബങ്ങളുടെ സംയോജിത വാർഷിക വരുമാനം ഒരു ലക്ഷത്തിൽ താഴെയായിരിക്കണം.<br>2. സർക്കാർ, എയ്ഡഡ് സ്ഥാപനങ്ങളിൽ ബിരുദ, ഉന്നത വിദ്യാഭ്യാസ കോഴ്സുകൾ പഠിക്കുന്നവരും അൺഎയ്ഡഡ് സ്ഥാപനങ്ങളിൽ മെറിറ്റ് സീറ്റുകളിൽ പ്രവേശിക്കുന്നവരുമായ കുട്ടികൾ സഹായത്തിന് അർഹരാണ്. | ബന്ധപ്പെട്ട ജില്ലാ പ്രൊബേഷൻ ഓഫീസർക്ക് അപേക്ഷ സമർപ്പിക്കണം |
| 6 | കുറ്റകൃത്യങ്ങൾക്കും ഇരകൾക്കും ആശ്രിതർക്കും സാമ്പത്തിക സഹായം | ഇരകളുടെയും കുറ്റകൃത്യങ്ങളുടെയും ഇരകളെ ആശ്രയിച്ച് കഴിയുന്നവരും | Rs. ഒരാൾക്ക് 20,000 / - (ഒറ്റത്തവണ സഹായം) | (1) അപേക്ഷകൻ ഒന്നുകിൽ ഒരു കുറ്റകൃത്യത്തിൽ ഗുരുതരമായി പരിക്കേറ്റ വ്യക്തിയായിരിക്കണം<br>(2) അല്ലെങ്കിൽ ഒരു ആശ്രിതനായിരിക്കണം - ഭാര്യ / ഭർത്താവ് / അവിവാഹിതനായ മകൻ അല്ലെങ്കിൽ | ബന്ധപ്പെട്ട ജില്ലാ പ്രൊബേഷൻ ഓഫീസർക്ക് അപേക്ഷ സമർപ്പിക്കണം |

| | | | | | |
|---|---|---|---|---|---|
| | | | | കുറ്റകൃത്യത്തിന് ഇരയായ മകൾ.<br>(3) കുടുംബത്തിന്റെ വാർഷിക വരുമാനം 50000 കവിയാൻ പാടില്ല. ഒരു ലക്ഷം.<br>(4) കുറ്റകൃത്യം നടന്ന് 5 വർഷത്തിനുള്ളിൽ അപേക്ഷിച്ചിരിക്കണം. | |
| 7 | തടവുകാരുടെ പുത്രിമാർക്കുള്ള വിവാഹ സഹായം Rs. | തടവുകാരുടെ പെൺമക്കൾ | ഒരാൾക്ക് 30,000 /- (ഒറ്റത്തവണ സഹായം) | (1) ഒന്നുകിൽ അച്ഛനോ അമ്മയോ രണ്ടുവർഷത്തിൽ കൂടുതൽ തടവ് അനുഭവിക്കണം.<br>(2) അപേക്ഷകൻ ബിപിഎൽ വിഭാഗത്തിൽ പെടണം.<br>(3) വിവാഹം കഴിഞ്ഞ് ആറുമാസത്തിനും ഒരു വർഷത്തിനുള്ളിൽ സഹായം തേടാം.<br>(4) ഒരു കുടുംബത്തിൽ നിന്ന് പരമാവധി രണ്ട് സ്ത്രീകൾക്ക് സഹായം വാഗ്ദാനം ചെയ്യും. | ബന്ധപ്പെട്ട ജില്ലാ പ്രൊബേഷൻ ഓഫീസർക്ക് അപേക്ഷ സമർപ്പിക്കണം |
| 8 | തണലിടം പ്രൊബോഷൻ ഹോം | പ്രൊബേഷൻ, പരോൾ, അകാല മോചനം, ജാമ്യം എന്നിവയ്ക്ക് അർഹരായ തണലിടം പ്രൊബേഷൻ ഹോം കുറ്റവാളികൾ | ഒരു വർഷം 15 ലക്ഷം രൂപ. ഹോം നടത്തിപ്പിന് നൽകും | (1) പ്രൊബേഷണർമാർക്കും മുൻ കുറ്റവാളികൾക്കും പ്രവേശനം നൽകും. , വിചാരണ തടവുകാർക്ക് കീഴിൽ, പരോളുകാരും സ്വന്തമായി താമസിക്കാൻ സ്ഥലമില്ലാത്ത | ബന്ധപ്പെട്ട ജില്ലാ പ്രൊബേഷൻ ഓഫീസർക്ക് അപേക്ഷ സമർപ്പിക്കണം |

| | | | | | |
|---|---|---|---|---|---|
| | | | | ജാമ്യത്തിൽ പുറത്തിറങ്ങിയ വ്യക്തികളും. (2) 18 നും 70 നും ഇടയിൽ പ്രായമുള്ളവർക്ക് താൽക്കാലിക അഭയം നൽകും. മാനസിക രോഗികളും കിടപ്പിലായവരുമായവർക്ക് പ്രവേശനം നൽകില്ല. | |
| 9 | സുഖം പ്രാപിച്ച മാനസികരോഗികളായ തടവുകാരുടെ പുനരധിവാസം | മാനസികരോഗികളായ തടവുകാരെ പുനരധിവസിപ്പിക്കുക | ഓരോ വ്യക്തിയുടെയും ഭക്ഷണം, വസ്ത്രം, മരുന്നുകൾ, വ്യക്തിഗത ശുചിത്വം എന്നിവയ്ക്കായി പ്രതിവർഷം Rs. 39,660 / - രൂപ അനുവദിച്ചിരിക്കുന്നു.. | മാനസികരോഗികളായ തടവുകാരെ മോചിപ്പിക്കുകയും ചികിത്സിക്കുകയും ചെയ്യുന്നു | ബന്ധപ്പെട്ട ജില്ലാ പ്രൊബേഷൻ ഓഫീസർക്ക് അപേക്ഷ സമർപ്പിക്കണം |

| ക്രമ നം. | സ്കീമിന്റെ പേര് | ഗുണഭോക്താക്കൾ | ധനസഹായം സംബന്ധിച്ച വിവരം | ധനസഹായം ലഭ്യമാകുന്നതിനുള്ള മാനദണ്ഡം | അപേക്ഷ നൽകുന്ന വിധം |
|---|---|---|---|---|---|
| | **ട്രാൻസ്ജെൻഡർ ക്ഷേമം** | | | | |
| 10 | ട്രാൻസ്ജെൻഡർ സ്കോളർഷിപ്പ് | വിദ്യാർത്ഥികൾ | സ്കൂൾ വിദ്യാർത്ഥികൾക്ക് പ്രതിമാസം 1000 രൂപയും കോളേജ് വിദ്യാർത്ഥികൾക്ക് 2000 രൂപയും. | സ്കൂൾ തലം മുതൽ പിജി പ്രൊഫഷണൽ കോഴ്സുകൾ വരെയുള്ള എല്ലാ ട്രാൻസ്ജെൻഡർ വിദ്യാർത്ഥികളെയും സ്കോളർഷിപ്പ് ഉൾപ്പെടുത്തി. സ്കൂൾ വിദ്യാർത്ഥിക്ക് പ്രതിമാസം 1000 രൂപയും കോളേജ് വിദ്യാർത്ഥികൾക്ക് 2000 രൂപയും. ട്രാൻസ്ജെൻഡർ വ്യക്തിയെന്ന നിലയിൽ | സോഷ്യൽ ജസ്റ്റിസ് ഡയറക്ടർക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ് |

| | | | | | |
|---|---|---|---|---|---|
| | | | | സ്വയം പ്രഖ്യാപനം അപേക്ഷാ ഫോമിനൊപ്പം സമർപ്പിക്കേണ്ടതാണ്. | |
| 11 | ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്കുള്ള ഹോസ്റ്റൽ സൗകര്യം | വിദ്യാർത്ഥികൾ | അർഹരായ വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ സൗകര്യത്തിനായി പ്രതിമാസം 4000 രൂപ ലഭിക്കും. | സർക്കാർ / എയ്ഡഡ് / അൺഎയ്ഡഡ് / സെൽഫ് ഫിനാൻസ് സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഈ സൗകര്യം ലഭിക്കും. | സോഷ്യൽ ജസ്റ്റിസ് ഡയറക്ടർക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ് |
| 12 | നിയമപരമായി വിവാഹിതരായ ട്രാൻസ്ജെൻഡർ ദമ്പതികൾക്കുള്ള വിവാഹ സഹായം | ട്രാൻസ്ജെൻഡർ ദമ്പതികൾ | വിവാഹ സഹായത്തിന്റെ തുക Rs. 30,000 / - (ഒറ്റത്തവണ സഹായം) | നിയമപരമായി വിവാഹിതരായ ട്രാൻസ്ജെൻഡർ ദമ്പതികൾക്ക് വിവാഹ സഹായം നൽകുന്നു | സോഷ്യൽ ജസ്റ്റിസ് ഡയറക്ടർക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ് |
| 13 | പ്രൊഫഷണൽ കോഴ്സുകൾക്കുള്ള സാമ്പത്തിക സഹായം ('സഫലം') | വിദ്യാർത്ഥികൾ | പ്രതിവർഷം ഒരു ലക്ഷം രൂപ വിദ്യാർത്ഥികൾക്ക് നൽകുന്നു | ഡിഗ്രി / ഡിപ്ലോമ ലെവൽ പ്രൊഫഷണൽ കോഴ്സുകൾ പഠിക്കുന്ന ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായം നൽകുന്നു. | സോഷ്യൽ ജസ്റ്റിസ് ഡയറക്ടർക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ് |
| 14 | വനിതാ വികസന കോർപ്പറേഷൻ ലിമിറ്റഡ് മുഖേനയുള്ള സ്വയം | ട്രാൻസ്ജെൻഡർ | തൊഴിൽ വായ്പകൾ ഒരു പദ്ധതിക്ക് 3 ലക്ഷം രൂപ. | ഒരു വ്യക്തിക്കോ ഒരു കൂട്ടം ട്രാൻസ്ജെൻഡർ വ്യക്തികൾക്കോ മൂന്ന് ലക്ഷം രൂപ വായ്പ നൽകാനാണ് പദ്ധതി ലക്ഷ്യമിടുന്നത്. കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ വഴിയാണ് പദ്ധതി നടപ്പാക്കുന്നത് | കെ.എസ്.ഡബ്ല്യു.ഡി.സിക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ് |

| | | | | | |
|---|---|---|---|---|---|
| 15 | ലിംഗ പുനർനിയമനം ശസ്ത്രക്രിയയ്ക്കുള്ള സാമ്പത്തിക സഹായം | ട്രാൻസ്ജെൻഡർ മാർ | ട്രാൻസ്ജെൻഡർമാർ ട്രാൻസ് സ്ത്രീകൾക്ക് 2.5 ലക്ഷം രൂപ ട്രാൻസ് മാന് 5 ലക്ഷം രൂപ | ലിംഗഭേദം പുനർനിയമനം ശസ്ത്രക്രിയയാണ് ട്രാൻസ്ജെൻഡർ വ്യക്തിയുടെ ശാരീരിക രൂപങ്ങളും അവരുടെ നിലവിലുള്ള ലൈംഗിക സ്വഭാവ സവിശേഷതകളും അവരുടെ തിരിച്ചറിഞ്ഞ ലിംഗഭേദവുമായി സാമൂഹികമായി ബന്ധപ്പെട്ടിരിക്കുന്നതിന് സമാനമായി മാറ്റം വരുത്തുന്ന ശസ്ത്രക്രിയാ രീതി.<br><br>ട്രാൻസ് വുമൺസിന് 2.5 ലക്ഷം രൂപയും രൂപ. സ്വകാര്യ ആശുപത്രികളിലൂടെ ട്രാൻസ്മാൻമാർക്ക് 5 ലക്ഷം രൂപ വീതം ശസ്ത്രക്രിയയ്ക്കായി നൽകുന്നു | സോഷ്യൽ ജസ്റ്റിസ് ഡയറക്ടർക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ് |
| 16 | എസ്ആർഎസിന് ശേഷം ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് കൂടുതൽ ചികിത്സയ്ക്കായി ധനസഹായം | ട്രാൻസ്ജെൻഡർ | ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് നിശ്ചിത തുക 3000 / - എല്ലാ മാസവും 12 മാസം വരെ നിശ്ചിത തുക നൽകുന്നു | ട്രാൻസ്ജെൻഡർമാർക്ക് അവരുടെ പോഷക ആവശ്യങ്ങൾ നിറവേറ്റുന്നതിനായും ശസ്ത്രക്രിയാനന്തര ചികിത്സകൾക്കായും | സോഷ്യൽ ജസ്റ്റിസ് ഡയറക്ടർക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ് |

| | | | | | |
|---|---|---|---|---|---|
| 17 | HIV Zero സർവ്വൈലൻസ് സെൻറർ | ട്രാൻസ്ജെൻഡർ | ക്ഷേമ പദ്ധതി | വിദ്യാഭ്യാസത്തിന്റെ അഭാവവും തൊഴിലില്ലായ്മയും കാരണം പല ട്രാൻസ്ജെൻഡർമാരും സമൂഹം അംഗീകരിക്കാത്ത പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ നിർബന്ധിതരാകുന്നു. എച്ച് ഐ വി രഹിത സമൂഹം വികസിപ്പിക്കുന്നതിന്, സാമൂഹ്യക്ഷേമ ബോർഡ് വഴി പതിവായി ആരോഗ്യ പരിശോധനയും ബോധവൽക്കരണ ക്ലാസുകളും നടത്തി. സാമൂഹ്യക്ഷേമ ബോർഡ് വഴി വകുപ്പ് മൂന്ന് എച്ച്ഐവി സീറോ നിരീക്ഷണ കേന്ദ്രം തിരുവനന്തപുരം, എറണാകുളം, കാസറഗോഡ് ജില്ലകളിൽ സ്ഥാപിച്ചു. 59 ലക്ഷം രൂപയാണ് ഈ പദ്ധതിക്കായി അംഗീകരിച്ചത്. | അപേക്ഷ സോഷ്യൽ സെക്യൂരിറ്റി ബോർഡിന് സമർപ്പിക്കണം |
| 18 | കെയർഹോം/ഷെൽട്ടർ ഹോം | ട്രാൻസ്ജെൻഡർ മാർ | | കെയർ ഹോമുകൾ / ഷെൽട്ടർ ഹോമുകൾ എൻജിഒകളുടെ നേരിട്ടുള്ള നിയന്ത്രണത്തിലാണ് പ്രവർത്തിച്ചിരുന്നത് | എൻജിഒ പദ്ധതി |

| | | | | | |
|---|---|---|---|---|---|
| | | | | 2 വീടുകൾ ആരംഭിച്ചു.<br><br>52.31 ലക്ഷം രൂപയാണ് ഈ പദ്ധതിക്കായി അംഗീകരിച്ചത് | |
| 19 | സമന്വയ തുടർ വിദ്യാഭ്യാസ പരിപാടി | ട്രാൻസ്ജെൻഡർ മാർ | നടപ്പ് സാമ്പത്തിക വർഷം കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിക്ക് 10,70,000 രൂപ അധികമായി അനുവദിച്ചു. | വിദ്യാഭ്യാസത്തിലൂടെ തങ്ങളുടെ വ്യക്തിത്വം വെളിപ്പെടുത്താൻ വിമുഖത കാണിക്കുന്നവരുടെ ശ്രദ്ധ ആകർഷിക്കുകയെന്നതാണ് സമന്വയ തുടർവിദ്യാഭ്യാസ പരിപാടി.<br><br>അടിസ്ഥാന അടിത്തറ, നാലാമത്തെ തുല്യത, 7, 10, 12 തുല്യതാ വിദ്യാഭ്യാസ പരിപാടികൾ നടത്തി.<br><br>ഈ പദ്ധതിക്കായി 35 ലക്ഷം രൂപ അനുവദിച്ചു. | സാക്ഷരതാ മിഷന് അപേക്ഷ സമർപ്പിക്കേണ്ടതാണ് |
| 20 | ട്രാൻസ്ജെൻഡർ വ്യക്തികൾക്കുള്ള ശാക്തീകരണ കേന്ദ്രം | ട്രാൻസ്ജെൻഡർ മാർ | കരിയർ കോഴ്സ് പദ്ധതി | ലിംഗമാറ്റക്കാർക്കായി കരിയർ കോഴ്സ് പ്രോഗ്രാം കേരള സംസ്ഥാന സാമൂഹ്യക്ഷേമ ബോർഡ് വഴി 647600 രൂപ ഈ പദ്ധതിക്ക് അംഗീകരിച്ചു. | അപേക്ഷ സോഷ്യൽ സെക്യൂരിറ്റി ബോർഡിന് സമർപ്പിക്കണം |

| ക്രമ നം. | സ്കീമിന്റെ പേര് | ഗുണഭോക്താക്കൾ | ധനസഹായം സംബന്ധിച്ച വിവരം | ധനസഹായം ലഭ്യമാകുന്നതിനുള്ള മാനദണ്ഡം | അപേക്ഷ നൽകുന്ന വിധം |
|---|---|---|---|---|---|
| **വയോജനക്ഷേമം** | | | | | |
| 21 | സെക്കൻറ് ഇന്നിംഗ്സ് ഹോം പദ്ധതി | കണ്ണൂർ, മലപ്പുറം, കൊല്ലം ജില്ലകളിലെ ഹോമുകളിലെ അന്തേവാസികൾ | എല്ലാ ചികിത്സാ ഇടപെടലുകളും ഉൾപ്പെടെ വാസയോഗ്യമായ പുനരധിവാസം | അഗതികളായ മുതിർന്ന പൗരന്മാർ (അന്തേവാസികൾ ) | എൻജിഒ പദ്ധതി |
| 22 | വയോക്ഷേമ കാൾ സെൻറർ | മുതിർന്ന പൌരൻമാർ | റഫറൽ, ഫോളോ അപ്പ് സൗകര്യങ്ങളുള്ള കോൾ സെന്റർ സഹായം സംസ്ഥാനത്തെ 11.50 ലക്ഷം പ്രായമായവർക്ക് ഒന്നിലധികം സേവനങ്ങൾ നൽകി വരുന്നു | മുതിർന്ന പൌരൻമാർ | ബാധകമല്ല |
| 23 | ഡിമെൻഷ്യ കെയർ സെന്റർ ഇടവനക്കാട് & ഡേ കെയർ സെന്റർ, കുന്നംകുളം | അൽഷൈമേഴ്സ് രോഗികൾ | ചികിത്സയും തുടർനടപടികളും നൽകുന്ന റെസിഡൻഷ്യൽ പുനരധിവാസവും ഡേ കെയർ സൗകര്യങ്ങളും. | ഈ മേഖലയിലെ പയനിയർമാരായ ARDSI വഴി നടപ്പിലാക്കി. | എൻജിഒ പദ്ധതി |
| 24 | വയോ മധുരം (കോവിഡ് കാരണം ഈ വർഷം ഈ പദ്ധതി നടപ്പാക്കിയിട്ടില്ല) | മുതിർന്ന പൌരൻമാർ | ഗ്ലൂക്കോമീറ്ററും സ്ട്രിപ്പുകളും നൽകുന്നു | മെഡിക്കൽ സർട്ടിഫിക്കറ്റ്<br>- 60 വയസോ അതിൽ കൂടുതലോ ആയിരിക്കണം.<br>- ബിപിഎൽ വിഭാഗത്തിൽ നിന്നായിരിക്കണം | ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഉദ്യോഗസ്ഥർക്ക് അപേക്ഷ സമർപ്പിക്കണം |

| | | | | | |
|---|---|---|---|---|---|
| | | | | | |
| 25 | മന്ദഹാസം (കോവിഡ് കാരണം ഈ വർഷം ഈ പദ്ധതി നടപ്പാക്കിയിട്ടില്ല) | മുതിർന്ന പൌരൻമാർ | ടൂത്ത് സെറ്റ് (5000 / - രൂപ) | ബിപിഎൽ വിഭാഗത്തിലെ മുതിർന്ന പൗരന്മാർക്ക് ഈ സ്കീം അനുസരിച്ച് ആനുകൂല്യത്തിന് അർഹതയുണ്ട്. | ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഉദ്യോഗസ്ഥർക്ക് അപേക്ഷ സമർപ്പിക്കണം |
| | | | | ടൂത്ത് സെറ്റ് ശരിയാക്കാൻ ഒരു ഗുണഭോക്താവിന് പരമാവധി 5,000 രൂപ ധനസഹായം ലഭിക്കും. | |
| 26 | അഗതികളെ പുനരധിവാസിപ്പിക്കുന്ന പദ്ധതി | വീടില്ലാത്തവർ, തെരുവിൽ അലഞ്ഞുതിരിയുന്നവർ, റോഡുകളിൽ അനാഥരായവർ എന്നിവരുടെ പരിചരണം ഉറപ്പാക്കുന്നതിന് ആശുപത്രികളിൽ പ്രവേശിപ്പിക്കപ്പെട്ടതും അനാഥരുമായവരുടെ പുനരധിവാസം | ഒരു ലക്ഷം രൂപ ഗ്രാന്റ്. സ്ഥാപനത്തിലെ അന്തേവാസികൾക്ക് പ്രതിമാസം 1500 രൂപ നൽകുന്ന പദ്ധതി | എൻജിഒകൾ വഴിയാണ് പദ്ധതി നടപ്പാക്കുന്നത് ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ ചേർന്ന ഒരു സമിതി എൻജിഒകളുടെ എംപാനൽമെന്റിന് ശുപാർശ ചെയ്യുകയും സർക്കാർ ഉത്തരവുകൾ പുറപ്പെടുവിക്കുകയും ചെയ്തു. 6 എൻജിഒകളെ സ്കീമുകൾക്ക് കീഴിൽ എംപാനൽ ചെയ്യുന്നു. | എൻജിഒ പദ്ധതി |

| | | | | | |
|---|---|---|---|---|---|
| | | | | തെരുവുകളിൽ ഉപേക്ഷിക്കപ്പെട്ടവർ,ജനറൽ ആശുപത്രിയുടെ ഒൻപതാം വാർഡിലും ചികിത്സയ്ക്കായി പ്രവേശിപ്പിക്കപ്പെട്ടവർ എന്നിവർക്കായി പരിചരണം നൽകുന്നു | |
| 27 | വയോ അമൃതം | വകുപ്പിനു കീഴിലുള്ള ഹോമുകളിലെ അന്തേവാസികൾ | ആയുർവേദ ചികിത്സയും മരുന്നുകളും ലഭ്യമാക്കുന്നു | ഇന്ത്യൻ സിസ്റ്റം ഓഫ് മെഡിസിൻ വഴി ഒരു മെഡിക്കൽ ഓഫീസറുടെയും ഒരു അറ്റൻഡറുടെയും സേവനം അന്തേവാസികൾക്ക് നൽകുന്നു . | ബാധകമല്ല |
| 28 | രക്ഷകർത്താക്കളുടെ പരിപാലനവും ക്ഷേമവും ഫലപ്രദമായി നടപ്പിലാക്കുക, സീനിയർ സിറ്റിസൺ ആക്റ്റ് - 2007 (സംസ്ഥാനത്തെ 27 ആർഡിഒകൾ വഴി) | മുതിർന്ന പൌരൻമാർ | നിയമപ്രകാരം ദുരിതാശ്വാസത്തിനായി ആർഡിഒയെ സമീപിക്കുന്നതിന് മുതിർന്ന പൗരന്മാർക്ക് സൗകര്യമൊരുക്കുക കേസുകൾ വേഗത്തിലും സമയബന്ധിതമായും തീർക്കാൻ ആർഡിഒകൾ വഴി സഹായം നൽകുക | ആർഡിഒകളിലെ ഒരു സാങ്കേതിക സഹായിയുടെയും ഡയറക്ടറേറ്റിലെ ഒരു സംസ്ഥാന കോർഡിനേറ്ററുടെയും സേവനം ആക്റ്റ് നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിന് ആർഡിഒകളിലെ | ബന്ധപ്പെട്ട ആർഡിഒകൾക്ക് അപേക്ഷ സമർപ്പിക്കണം |

| | | | | | |
|---|---|---|---|---|---|
| | | | | മെച്ചപ്പെട്ട കമ്പ്യൂട്ടറുകൾ, പ്രിന്ററുകൾ, മറ്റ് ലോജിസ്റ്റിക്ക് എന്നിവ ഇതിനായി നൽകുന്നു | |
| 29 | സയം പ്രഭ ഹോം: മുതിർന്ന പൗരന്മാർക്ക് ഡേ കെയർ സെന്റർ. | അഗതികളായ മുതിർന്ന പൌരൻമാർ | മുതിർന്ന പൗരന്മാർക്ക് ഡേ കെയർ സൗകര്യങ്ങൾ പരിചരണം നൽകുന്നയാളുടെ സേവനം നൽകുന്നു വിനോദത്തിനും പുതുക്കലിനുമുള്ള സൌകര്യങ്ങൾ ഒരുക്കിയിട്ടുണ്ട് ആയിരത്തോളം മുതിർന്ന പൗരന്മാർക്ക് പ്രയോജനം ലഭിക്കുന്നു | എൽഎസ്ജിഐകൾക്ക് കീഴിലുള്ള ഡേ കെയർ പൗരന്മാരെ പ്രവർത്തനക്ഷമമാക്കുന്നതിന് സാമ്പത്തിക സഹായം നൽകുന്നു. നിലവിൽ അത്തരം 64 വീടുകൾ എസ്ജെഡിയുടെ പിന്തുണയോടെ പ്രവർത്തിക്കുന്നു | [illegible] പദ്ധതി |
| 30 | 1മോഡൽ സയാം പ്രഭ ഹോം (മൾട്ടി സർവീസ് ഡേ കെയർ സെന്റർ) | മുതിർന്ന പൌരൻമാർ | ചികിത്സകളിലൂടെ മുതിർന്ന പൗരന്മാരുടെ മാനസികവും ശാരീരികവുമായ ക്ഷമതയെ കേന്ദ്രീകരിച്ച് ഒന്നിലധികം സേവനങ്ങൾ നൽകുന്ന ഡേ കെയർ സെന്റർ. നിരാലംബരായ മുതിർന്ന പൗരന്മാർക്ക് പോഷക പിന്തുണ നൽകുന്നു. | എൽഎസ്ജിഡി നൽകുന്ന കെട്ടിടങ്ങളിൽ മൾട്ടി സ്പെഷ്യാലിറ്റികളുള്ള 2 മോഡൽ സയാംപ്രഭ വീടുകൾ പ്രവർത്തിക്കുന്നു. എൻജിഒകളും മറ്റ് ഏജൻസികളും വഴി സേവനങ്ങൾ ഉറപ്പാക്കുന്നു നിലവിൽ | എൻജിഒ പദ്ധതി |

| | | | | | |
|---|---|---|---|---|---|
| | | | | എച്ച്എൽഎഫ്പിപിയും ഹെൽപ്പേജ് ഇന്ത്യയും പ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്നു | |
| 31 | സായന്തനം വയോജന പാർക്ക് | മുതിർന്ന പൌരൻമാർ | മുതിർന്ന പൗരന്മാരുടെ സാമൂഹികവൽക്കരണത്തിനും കമ്മ്യൂണിറ്റി പങ്കാളിത്തത്തിനും -50 ലക്ഷം അനുവദിച്ചു | മുതിർന്ന പൗരന്മാർക്ക് മാത്രമായി പാർക്ക് .പൈലറ്റ് പ്രോജക്ടായി എറണാകുളം ജില്ലയിൽ പദ്ധതി ആരംഭിച്ചു | ബാധകമല്ല |
| 32 | NAPDDR- മയക്കുമരുന്ന് ആവശ്യം കുറയ്ക്കുന്നതിനുള്ള ദേശീയ കർമപദ്ധതി 2018-19 മുതൽ 5 വർഷത്തേക്ക് GoI ഫണ്ടഡ് പ്രോഗ്രാം | ലഹരി ഉപയോഗത്തിലും മദ്യപാനത്തിലും ഏർപ്പെടുന്നവരെ കണ്ടെത്തലും പുനരധിവാസവും -പിയർ എഡ്യൂക്കേറ്റർ വോളണ്ടിയർ ഓൺലൈൻ പ്ലാറ്റ്ഫോമിൽ പരിശീലനം പ്രൊഫഷണൽ ഏജൻസികളുടെ പിന്തുണയോടെ വിദ്യാർത്ഥികൾക്കിടയിൽ മയക്കുമരുന്ന് ഉപയോഗത്തെക്കുറിച്ച് സ്കൂൾ കൗൺസിലർമാർക്കുള്ള ടോട്ട് പ്രോഗ്രാം സോഷ്യൽ മീഡിയയിലൂടെയും സമൂഹമാധ്യമങ്ങളിലൂടെയും ഉയർന്ന | പ്രിവന്റീവ് വിദ്യാഭ്യാസ, ബോധവൽക്കരണ പരിപാടി പുനരധിവാസ കേന്ദ്രങ്ങളെ കൂടുതൽ ശാസ്ത്രീയമാക്കുക ജീവിത നൈപുണ്യ വിദ്യാഭ്യാസം മാതാപിതാക്കളുടെയും അധ്യാപകരുടെയും പരിശീലനം, ജില്ലാ റിസോഴ്സ് ടീമിന്റെ രൂപീകരണം | അഞ്ച് വർഷ കാലയളവിൽ ഈ മേഖലയിൽ പ്രവർത്തിക്കുന്ന മറ്റ് അനുബന്ധ സർക്കാർ വകുപ്പ് / ഏജൻസികൾ / ഓർഗനൈസേഷനുകൾ വഴി വ്യത്യസ്ത പ്രോഗ്രാമുകൾ നടക്കുന്നു. | ബാധകമല്ല |

| | | | | | |
|---|---|---|---|---|---|
| | | അപകടസാധ്യതയുള്ള പ്രദേശങ്ങളിൽ ബോധവൽക്കരണ പദ്ധതി സ്ത്രീകൾക്കും കുട്ടികൾക്കും (ആൺകുട്ടികൾക്ക് മാത്രം) പ്രത്യേകമായി ഡി-ആഡിക്ഷൻ സെന്ററുകൾ സ്ഥാപിക്കുന്നു. കമ്മ്യൂണിറ്റി അധിഷ്ഠിത പിയർ നേതൃത്വത്തിലുള്ള ഇടപെടൽ കേന്ദ്രങ്ങളിൽ ഔട്ട്റീച്ച് ഡ്രോപ്പ് സ്ഥാപിക്കുന്നു | | | |
| 33 | NAPSrC<br><br>മുതിർന്ന പൗരന്മാർക്കായുള്ള ദേശീയ കർമപദ്ധതി 2019-20 മുതൽ 5 വർഷത്തേക്ക് GoI ഫണ്ടഡ് പ്രോഗ്രാം | മുതിർന്ന പൗരന്മാരുടെ ജീവിതനിലവാരം ഉയർത്തുന്നതിനുള്ള പദ്ധതികൾ. പരിപാടികൾ, ഇടപെടലുകൾ. | എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസുകളിലും ഹെൽപ്പ് ഡെസ്ക് സജ്ജമാക്കുന്നു മികച്ച എൻജിഒകളുടെ / സന്നദ്ധ സംഘടനയുടെ അംഗീകാരം. ജെറിയാട്രിക് ക്രമീകരണത്തിൽ വിശ്വാസം അല്ലെങ്കിൽ സംസ്ഥാനത്തെ പ്രായമായവരുടെ പരിചരണം<br>-വയോപോഷനം-<br>പോഷകാഹാര പിന്തുണ 2500 മുതിർന്നവരെ ബോധവൽക്കരണ പ്രവർത്തനങ്ങൾ<br>-പൈതൃകം -<br>മുതിർന്ന പൗരന്മാർക്കായി ഒരു എക്സ്ക്ലൂസീവ് പോർട്ടൽ. സ്റ്റാർട്ടപ്പ് മിഷന്റെ സഹായത്തോടെ വകുപ്പ് ഇത് തയ്യാറാക്കുന്നു. ഗവൺമെന്റിന്റെ | ഗവൺമെന്റിന്റെ മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ചാണ് പദ്ധതി നടപ്പാക്കുന്നത് | ബാധകമല്ല |

| | | | | | |
|---|---|---|---|---|---|
| | | | വിലയിരുത്തലിനും വിലയിരുത്തലിനുമായി ഗവേഷണവും പഠനവും. സ്കീമുകളും പ്രോഗ്രാമുകളും മുതിർന്ന പൗരന്മാർക്കുള്ള ദേശീയ ഹെൽപ്പ്ലൈൻ - ഈ പ്രോജക്റ്റ് പ്രവർത്തിപ്പിക്കുന്നതിനുള്ള സാങ്കേതികവും മാനേജർ പിന്തുണയും നൽകുന്നു | | |

| ക്രമ നം. | സ്കീമിന്റെ പേര് | ഗുണഭോക്താക്കൾ | ധനസഹായം സംബന്ധിച്ച വിവരം | ധനസഹായം ലഭ്യമാകുന്നതിനുള്ള മാനദണ്ഡം | അപേക്ഷ നൽകുന്ന വിധം |
|---|---|---|---|---|---|
| **ഭിന്നശേഷിമേഖല** | | | | | |
| 34 | വിദ്യാകിരണം | സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ഭിന്നശേഷിയുള്ള മാതാപിതാക്കളുടെ മക്കൾ (മാതാപിതാക്കൾക്കുള്ള വൈകല്യം / മാതാപിതാക്കൾക്കുള്ള വൈകല്യം) | സ്റ്റാൻഡേർഡ് 1 മുതൽ 5- 300 / - വരെ<br>സ്റ്റാൻഡേർഡ് 6 മുതൽ 10- 500 / - വരെ<br>+ 1, + 2, ഐടിഐ- Rs. 750 / -<br>ഡിഗ്രിയും അതിനുമുകളിലുള്ള 1000 രൂപയും<br>) | 1) ബിപിഎൽ വിഭാഗത്തിൽപ്പെട്ട വികലാംഗരായ മാതാപിതാക്കളുടെ കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകും.<br>2) അച്ഛന്റെ / അമ്മയുടെ വൈകല്യം 40 ശതമാനമോ അതിൽ കൂടുതലോ ആയിരിക്കണം.<br>3) വൈകല്യത്തിന്റെ ശതമാനം കാണിക്കുന്ന മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റിന്റെ പകർപ്പ്. | ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഉദ്യോഗസ്ഥർക്ക് അപേക്ഷ സമർപ്പിക്കണം |

| | | | | | |
|---|---|---|---|---|---|
| 35 | വിദ്യാജ്യോതി | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾ | യൂണിഫോം, സ്റ്റഡി മെറ്റീരിയലുകൾ<br>ഒൻപതും പത്തും - 2500 / - രൂപ<br>+ 1, + 2, ഐടിഐ -ആർ. 3500 / - ഡിഗ്രിയും മുകളിൽ-Rs. 3000 / -<br>ആകെ .<br>4200000 / - (പ്രതിവർഷം) | 1) അപേക്ഷകൻ സർക്കാർ / എയ്ഡഡ് സ്ഥാപനത്തിൽ പഠിച്ചിരിക്കണം.<br>2) അപേക്ഷകന് 40% അല്ലെങ്കിൽ അതിൽ കൂടുതൽ വൈകല്യമുണ്ടെന്ന് തെളിയിക്കുന്ന മെഡിക്കൽ ബോർഡ് നൽകിയ സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.<br>3) അപേക്ഷകന്റെ വാർഷിക കുടുംബ വരുമാനം ഈ സ്കീമിന് കീഴിൽ ബാധകമല്ല.<br>4) സ്ഥാപന മേധാവി ശരിയായി പൂരിപ്പിച്ച അപേക്ഷാ ഫോം സാക്ഷ്യപ്പെടുത്തണം | ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഉദ്യോഗസ്ഥർക്ക് അപേക്ഷ സമർപ്പിക്കണം |
| 36 | സ്വാശ്രയ | PH / MR വ്യക്തികളുടെ മാതാപിതാക്കൾ / അമ്മമാർ | സ്വയം തൊഴിൽ ചെയ്യുന്നതിനുള്ള സാമ്പത്തിക സഹായം Rs. 30,000 രൂപ.<br>56,00,000 / - (പ്രതിവർഷം) | 1) അപേക്ഷകൻ ബിപിഎൽ കുടുംബത്തിൽ നിന്നുള്ളവനായിരിക്കണം.<br>2) 70% അല്ലെങ്കിൽ അതിൽ കൂടുതൽ വൈകല്യമുള്ള / മാനസിക വൈകല്യമുള്ള കുട്ടികളുള്ള മാതാപിതാക്കൾ (അമ്മമാർ)<br>3) കഠിനമായി വൈകല്യമുള്ള / മാനസിക വെല്ലുവിളി നേരിടുന്ന കിടക്കയിൽ കഴിയുന്ന രോഗികളുടെ | ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഉദ്യോഗസ്ഥർക്ക് അപേക്ഷ സമർപ്പിക്കണം |

| | | | | | |
|---|---|---|---|---|---|
| | | | | അമ്മമാർക്ക് മുൻഗണന നൽകം.<br>4) അവിവാഹിതരായ / അവിവാഹിതരായ അമ്മമാർ / ഭർത്താക്കന്മാർ ഉപേക്ഷിച്ച ഭാര്യമാർ / നിയമപരമായി വിവാഹമോചനം നേടിയ സ്ത്രീകൾ / വേർപിരിഞ്ഞ സ്ത്രീകൾ എന്നിവർ ഈ പദ്ധതി പ്രകാരം അപേക്ഷിക്കാൻ അർഹരാണ്. | |
| 37 | പരിരക്ഷ | ഭിന്നശേഷിക്കാരായ വ്യക്തികൾ | അടിയന്തിര ചികിത്സകൾക്കും പ്രകൃതിദുരന്തങ്ങൾക്കും PWD- കൾക്ക് ധനസഹായം<br>ജില്ലാ കളക്ടറുടെ അധ്യക്ഷതയിലുള്ള മോണിറ്ററിംഗ് കമ്മിറ്റി വ്യക്തിഗത തുകകൾ നിശ്ചയിക്കും<br>28,00,000 / - (പ്രതിവർഷം) | 1) ഓരോ ജില്ലയിലും ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതുണ്ട്<br>2)ലിംഗഭേദമില്ലാതെ (പുരുഷ / സ്ത്രീ / ട്രാൻസ്ജെൻഡർ) വ്യത്യസ്ത കഴിവുള്ള എല്ലാവർക്കും സേവനം നൽകണം.<br>3) ബിപിഎൽ കാറ്റഗറി പരിധി പരിഗണിക്കരുത്.<br>4) അടിയന്തിര ശസ്ത്രക്രിയകൾ, പ്രഥമശുശ്രൂഷ, ആംബുലൻസ് സേവനം, ഭക്ഷണം, വസ്ത്രം തുടങ്ങിയ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി ഫണ്ട് ഉപയോഗപ്പെടുത്താം. | ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഉദ്യോഗസ്ഥർക്ക് അപേക്ഷ സമർപ്പിക്കണം |

| | | | | | |
|---|---|---|---|---|---|
| 38 | പരിണയം | ഭിന്നശേഷിക്കാരായ സ്ത്രീകളും അവരുടെ പെൺമക്കളുടെ വിവാഹത്തിനായി വ്യത്യസ്ത കഴിവുള്ള മാതാപിതാക്കളും | ഒരു അന്തേവാസിക്ക് 50,000 / - രൂപ വരെ ധനസഹായം. -2,52,00,000 / - നിലവിലെ സാമ്പത്തിക വർഷത്തിനായി നീക്കിവച്ചിരിക്കുന്നു. | 1) സംയോജിത വാർഷിക കുടുംബ വരുമാനം 1,00,000 / - കവിയാൻ പാടില്ല<br>2) 2 പെൺമക്കളുടെ വിവാഹത്തിന് സഹായത്തിനുള്ള അപേക്ഷകൾ സമർപ്പിക്കാം.<br>3). വിവാഹ സഹായത്തിനായി അപേക്ഷ സമർപ്പിക്കുമ്പോൾ വധുവിന് 18 വയസ്സ് പൂർത്തിയായിരിക്കണം. | ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഉദ്യോഗസ്ഥർക്ക് അപേക്ഷ സമർപ്പിക്കണം |
| 39 | മാതൃജ്യോതി | ഭിന്നശേഷിക്കാരായ അമ്മമാർ | കുട്ടികളെ പരിപാലിക്കുന്നതിനുള്ള പിന്തുണയ്ക്കായി 2 വർഷത്തേക്ക് പ്രതിമാസം 2000 രൂപ 36,00,000 / - (സാമ്പത്തിക വർഷം.) | അപേക്ഷകന്റെ വാർഷിക കുടുംബ വരുമാനം Rs. 1,00,000 രൂപയിൽ കവിയാൻ പാടില്ല. | ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഉദ്യോഗസ്ഥർക്ക് അപേക്ഷ സമർപ്പിക്കണം |
| 40 | വിദൂര വിദ്യാഭ്യാസത്തിനുള്ള സ്കോളർഷിപ്പ് പദ്ധതി | വിദൂര വിദ്യാഭ്യാസത്തിലൂടെ ബിരുദം, പിജി കോഴ്സുകൾ പഠിക്കുന്ന ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾ | Rs. ഒരു ഗുണഭോക്താവിന് 1000 രൂപ 1,00,000 / - (പ്രതിവർഷം) | 1) ഓപ്പൺ സർവകലാശാലകൾ, വിദൂര വിദ്യാഭ്യാസം അല്ലെങ്കിൽ സ്വകാര്യ രജിസ്ട്രേഷൻ വഴി ബിരുദം, പിജി കോഴ്സുകൾ പഠിക്കുന്ന വികലാംഗർക്ക് സ്കോളർഷിപ്പിന് അപേക്ഷിക്കാൻ അർഹതയുണ്ട്.<br>2) വാർഷിക കുടുംബ വരുമാനം Rs. 1,00,000 /-ൽ കവിയാൻ പാടില്ല | ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഉദ്യോഗസ്ഥർക്ക് അപേക്ഷ സമർപ്പിക്കണം |

| | | | | | |
|---|---|---|---|---|---|
| 41 | വ്യത്യസ്ത കഴിവുള്ളവർക്കുള്ള സഹായ ഉപകരണങ്ങൾ . | ഭിന്നശേഷിക്കാരായ വ്യക്തികൾ | 1,00,00,000 / - (പ്രതിവർഷം) KSHPWC വഴി നടപ്പിലാക്കി വരുന്നു | 1) 40% അല്ലെങ്കിൽ അതിൽ കൂടുതൽ വൈകല്യമുള്ള വികലാംഗർക്ക് അപേക്ഷിക്കാൻ അർഹതയുണ്ട്<br>2) സംയോജിത വാർഷിക കുടുംബ-വരുമാനം-Rs. 1,00,000 / -<br>3) സഹായ ഉപകരണം ഉപയോഗിക്കാൻ അപേക്ഷകന് കഴിവുണ്ടെന്ന് മെഡിക്കൽ ബോർഡ് സാക്ഷ്യപ്പെടുത്തണം.<br>4) ഏജൻസികൾ / സർക്കാരിതര സംഘടനകൾ / സർക്കാർ ഓർഗനൈസേഷനുകൾ എന്നിവയിൽ നിന്ന് ഇതിനകം സഹായ ഉപകരണങ്ങൾ ലഭിച്ച പിഡബ്ല്യുഡികൾക്ക് അപേക്ഷിക്കാൻ യോഗ്യതയില്ല. | ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഉദ്യോഗസ്ഥർക്ക് അപേക്ഷ സമർപ്പിക്കണം |
| 42 | വിജയാമൃതം | ഡിഗ്രി / തുല്യതാ കോഴ്സുകൾ, ബിരുദാനന്തര, പ്രൊഫഷണൽ കോഴ്സുകളിൽ ഉയർന്ന മാർക്ക് നേടിയ കഴിവുള്ള വ്യത്യസ്ത കഴിവുള്ള വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡ് | ബിരുദവും തുല്യതയും- 8000 രൂപ<br>പിജിയും മറ്റ്<br>പ്രൊഫഷണലുകളും-Rs. 10000 /<br>ആകെ -19,60,000 / - (പ്രതിവർഷം) | 1) അപേക്ഷകർ സർക്കാർ / എയ്ഡഡ് കോളേജുകൾ / മറ്റ് അനുബന്ധ സ്ഥാപനങ്ങൾ (സമാന്തര കോളേജുകൾ, വിദൂര വിദ്യാഭ്യാസ കേന്ദ്രങ്ങൾ) എന്നിവയിൽ നിന്ന് കോഴ്സുകൾ പാസായിരിക്കണം. | ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഉദ്യോഗസ്ഥർക്ക് അപേക്ഷ സമർപ്പിക്കണം |

| | | | | | |
|---|---|---|---|---|---|
| | | | | 2) അപേക്ഷാ ഫോമുകൾ - കോപ്പി പൂർത്തീകരണ സർട്ടിഫിക്കറ്റ് (മാർക്ക് ലിസ്റ്റിനൊപ്പം), ആധാർ കാർഡ്, മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ്, ഗസറ്റഡ് ഓഫീസർ കൃത്യമായി സാക്ഷ്യപ്പെടുത്തിയ ബാങ്ക് പാസ്സ്ബുക്കിന്റെ പകർപ്പ് എന്നിവ സഹിതം സമർപ്പിക്കണം.<br>3) അപേക്ഷകർ ഒരൊറ്റ അവസരത്തിൽ പരീക്ഷ പാസായിരിക്കണം. | |
| 43 | സഹചാരി | വ്യത്യസ്ത കഴിവുള്ള വിദ്യാർത്ഥികൾക്ക് പഠനത്തിലും മറ്റ് പാഠ്യേതര പ്രവർത്തനങ്ങളിലും സഹായം നൽകുന്ന സ്കൂളുകളിൽ പ്രവർത്തിക്കുന്ന എൻസിസി / എൻഎസ്എസ് / എസ്പിസി യൂണിറ്റുകൾ. | ഓരോ യൂണിറ്റിനും ക്യാഷ് അവാർഡ് @ Rs. 10000 / - 5,60,000 / - (പ്രതിവർഷം) | | ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഉദ്യോഗസ്ഥർക്ക് അപേക്ഷ സമർപ്പിക്കണം |
| 44 | ഇംപ്രസ്റ്റ് മണി | പൊതുസ്ഥലങ്ങളിൽ ഉപേക്ഷിക്കപ്പെട്ട അനാഥരുടെ പുനരധിവാസത്തിനായി പദ്ധതി | ഇംപ്രസ്റ്റ് തുക 3,50,000 / - / - (14 ജില്ലകൾക്ക് പ്രതിവർഷം ) | പൊതുസ്ഥലങ്ങളിൽ ഉപേക്ഷിക്കുന്ന അനാഥരെ പുനരധിവസിപ്പിക്കാൻ അടിയന്തിര സഹായം നൽകുന്നതിന് | ബാധകമല്ല |
| 45 | അതിജീവനം പദ്ധതി | 18 വയസ്സിനു മുകളിലുള്ള | പൊതുമരാമത്ത് വകുപ്പിന് പുനരധിവാസ | സ്കീം മാർഗ്ഗനിർദ്ദേശങ്ങൾ | NGO പദ്ധതി |

| | | | | | |
|---|---|---|---|---|---|
| | | അഗതികൾ | സേവനങ്ങൾ നൽകുന്നതിന് എൻജിഒകൾക്കും സർക്കാർ അനുബന്ധ സ്ഥാപനങ്ങൾക്കും സാമ്പത്തിക സഹായം നൽകുന്നു നിലവിലെ സാമ്പത്തിക വർഷത്തേക്കുള്ള വിഹിതം- 3,00,00,000 / - | അനുസരിച്ച് 70 എൻജിഒകളെ 70:30 സാമ്പത്തിക സഹായത്തിനായി ഇതുവരെ എംപാനൽ ചെയ്തിട്ടുണ്ട് | |
| 46 | സൈക്കോസോഷ്യൽ ഗ്രാൻഡ് ഇൻ എയ്ഡ് പദ്ധതി | നിരാലംബരും അനാഥരുമായ പിഡബ്ല്യുഡികൾ മാനസികരോഗങ്ങൾ ഭേദമാക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നതിനുള്ള പദ്ധതി | മാനസികരോഗികൾക്ക് പുനരധിവാസ സേവനങ്ങൾ നൽകുന്നതിന് എൻജിഒകൾക്കും സർക്കാർ സ്ഥാപനങ്ങൾക്കും സാമ്പത്തിക സഹായം. (നിലവിലെ സാമ്പത്തിക വർഷത്തേക്കുള്ള വിഹിതം- 4,00,00,000 / -) | സ്കീം മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് 60 എൻജിഒകളെ 60:40 സാമ്പത്തിക സഹായത്തിനായി ഇതുവരെ എംപാനൽ ചെയ്തിട്ടുണ്ട് | NGO പദ്ധതി |
| 47 | പ്രത്യാശ പദ്ധതി - പുനരധിവാസ കേന്ദ്രങ്ങളിലെ വ്യക്തികളെ സ്വന്തം സംസ്ഥാനങ്ങളിലേക്ക് തിരിച്ചയക്കുക. | മാനസികരോഗം ഭേദമായ വ്യക്തികളെ സ്വന്തം സംസ്ഥാനങ്ങളിലേക്ക് തിരിച്ചയക്കുക | 29,29,500/- | പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് എംഎച്ച്സികളിലെയും മറ്റ് പുനരധിവാസ കേന്ദ്രങ്ങളിലെയും എംപാനൽഡ് എൻജിഒകളിലൂടെ മറ്റ് സംസ്ഥാന അഗതികളെ പുനരധിവസിപ്പിക്കുക. ഒരു എൻജിഒ ഇതിനകം മധ്യമേഖലയ്ക്കായി എംപാനൽ ചെയ്തിട്ടുണ്ട്. മറ്റ് പ്രദേശങ്ങളിൽ പ്രവർത്തനം | ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഉദ്യോഗസ്ഥർക്ക് അപേക്ഷ സമർപ്പിക്കണം |

| | | | | | |
|---|---|---|---|---|---|
| | | | | പുരോഗമിക്കുന്നു | |
| 48 | റിക്കവറി ഫെസിലിറ്റേഷൻ യൂണിറ്റ് - ഡേ കെയർ പ്രോജക്റ്റ് - 18 നും 55 നും ഇടയിൽ പ്രായമുള്ളവർക്കും വിട്ടുമാറാത്ത മാനസികരോഗമുള്ളവർക്കും എൻജിഒകൾക്കും - സർക്കാർ അനുബന്ധ സ്ഥാപനങ്ങൾക്കും സാമ്പത്തിക സഹായം. നൽകുന്ന പദ്ധതി | കോഴിക്കോട് എംഎച്ച്സിയിൽ നിന്ന് ഡിസ്ചാർജ് ചെയ്ത പിഡബ്ല്യുഡികൾ മാനസികരോഗങ്ങൾ ഭേദമാക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നു | 35,45,900/- | 18 നും 55 നും ഇടയിൽ പ്രായമുള്ള പിഡബ്ല്യുഡികൾ മാനസികരോഗങ്ങൾ ഭേദമാക്കി നിയന്ത്രിക്കുന്നു IMHANS വഴി പദ്ധതി നടപ്പിലാക്കി വരുന്നു | NGO പദ്ധതി |
| 49. | വ്യക്തിഗത പരിചരണ പദ്ധതി | സെൻസസ് ഡാറ്റ പിഡബ്ല്യുഡികളുടെ അപ്ഡേറ്റും വ്യക്തിഗത പരിചരണ പദ്ധതികളുടെ രൂപീകരണവും. | 1,38,42,480/- | ഡിസെബിലിറ്റി സെൻസസ് പോർട്ടലിൽ നൽകേണ്ട ശേഖരിച്ച ഐസിപി ഡാറ്റയും അപ്ഡേറ്റിനായി എൽഎസ്ജിഐകളുമായി പങ്കിടേണ്ട ഡാറ്റയും ശേഖരിക്കുക | NGO പദ്ധതി |
| 50 | കമ്മ്യൂണിറ്റി ഡിസെബിലിറ്റി മാനേജ്മെന്റ് ആൻഡ് റിഹാബിലിറ്റേഷൻ പ്രോഗ്രാം (സിഡിഎംആർപി ) | വടക്കൻ മേഖലയിലെ പിഡബ്ല്യുഡികൾ - ബ early ദ്ധിക വൈകല്യമുള്ള നിരാലംബരായ പിഡബ്ല്യുഡികളുടെ നേരത്തെയുള്ള കണ്ടെത്തലും | 1,08,03,000/- | കാലിക്കട്ട് സർവകലാശാലയുമായി സഹകരിച്ച് നടപ്പാക്കിവരുന്നു | NGO പദ്ധതി |

| | | | | | |
|---|---|---|---|---|---|
| | | ചികിത്സാ ഇടപെടലുകളും | | | |
| 51 | ഇലക്ട്രിക്ക് ആട്ടോ നൽകുന്ന പദ്ധതി | PWD കളായ അമ്മമാർക്ക് നാഷണൽ ട്രസ്റ്റ് ആക്റ്റ്, 1999 പ്രകാരം ഇലക്ട്രിക്ക് ആട്ടോ നൽകുന്ന പദ്ധതി | 84,00,000/- | വരുമാന പരിധി ഒരു ലക്ഷത്തിൽ താഴെ ഉയർന്ന പിന്തുണ ആവശ്യമുള്ള പിഡബ്ല്യൂഡികളായ അമ്മമാർ. (ജില്ലാ കളക്ടർ അധ്യക്ഷനായ എൽഎൽസി തിരഞ്ഞെടുപ്പ് നടത്തി ഗുണഭോക്താക്കളെ കണ്ടെത്തുന്നു) | ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഉദ്യോഗസ്ഥർക്ക് അപേക്ഷ സമർപ്പിക്കണം |
| 52 | നിഡാസ് (നിഷ് ഓൺലൈൻ വൈകല്യ ബോധവൽക്കരണ പ്രോഗ്രാമുകൾ) | പിഡബ്ല്യൂഡിഎസിന്റെ മാതാപിതാക്കളും പരിചരണവും നൽകുന്നവർക്കായുള്ള പദ്ധതി | 20,00,000/- | പ്രതിമാസം വിവിധ വിഷയങ്ങളിലെ വൈകല്യ മേഖലയിലെ വിദഗ്ധരുടെ ഓൺലൈൻ അവബോധ സെഷനുകൾ നടത്തുക | ബാധകമല്ല |
| 53 | പുനർജ്ജനി പദ്ധതി | അട്ടപ്പാടി മേഖലയിൽ മാനസിക സാമൂഹിക പ്രശ്നങ്ങളുള്ള ആദിവാസികളുടെ പുനരധിവാസം | പുനരധിവാസ സ്ഥാപനത്തിന്റെയും അനുബന്ധ സേവനങ്ങളുടെയും പ്രവർത്തനത്തിനായി പ്രതിവർഷം 30 ലക്ഷം രൂപ. നൽകുന്നു | മുഖ്യമന്ത്രിയുടെ നിർദേശപ്രകാരം എസ്ജെഡി, എസ്ടി ഹെൽത്ത്, എൽഎസ്ജിഐ എന്നിവയുടെ സഹകരണ പദ്ധതി. സത്യ സായ് ട്രസ്റ്റ് സ്വമേധയാ ഈ പദ്ധതിയുമായി പിന്തുണയുമായി ബന്ധപ്പെട്ടിരിക്കുന്നു. | NGO പദ്ധതി |
| 56 | വൈകല്യ | ആർപിഡബ്ല്യൂഡി | Rs.48,00,000/- | വിവിധ തസ്തികകളുടെ | NGO പദ്ധതി |

| | | | | | |
|---|---|---|---|---|---|
| | ഗവേഷണവും വികസനവും | ആക്റ്റ്, 2016 പ്രകാരം നിയമാനുസൃതമായ മാൻഡേറ്റുകൾ നടപ്പിലാക്കുന്നതിനുള്ള പിന്തുണ നൽകുന്നതിനായി നിഷിൽ പ്രൊഫഷണൽ സജ്ജീകരണം | | ശാരീരികവും പ്രവർത്തനപരവുമായ വിലയിരുത്തലിനായി പിഡബ്ല്യുഡികൾക്ക് അനുയോജ്യമാണെന്ന് തിരിച്ചറിയുക പൊതുമരാമത്ത് വകുപ്പിന് സേവനങ്ങൾ നൽകുന്ന സ്ഥാപനങ്ങൾക്ക് മിനിമം മാനദണ്ഡങ്ങൾക്കായു ള്ള [illegible] തയ്യാറാക്കൽ പിഡബ്ല്യുഡികൾക്കുള്ള തെറാപ്പി സെന്ററുകളുടെ പരിശോധന പിഡബ്ല്യുഡികൾ മാനസികരോഗങ്ങൾ ഭേദമാക്കുകയും നിയന്ത്രിക്കുകയും ചെയ്യുക. | |
| 57 | പിഡബ്ല്യുഡിഎസി നായി സർക്കാർ സ്ഥാപനങ്ങളുടെ നവീകരണവും നവീകരണവും | പുണ്യ ഭവൻ, കെ.കെ.ഡി, എം.പി.എം പ്രതിക്ഷാ ഭവനിലെ അന്തേവാസികൾ കെഎൽഎമ്മിൽ പ്രിയ ഹോമിന്റെ പ്രവർത്തനം | Rs. 1,30,68,338 (പ്രതിക്ഷാ ഭവൻ)<br>Rs. 45,00,000 (പുണ്യ ഭവൻ)<br>30,00,000 / - രൂപ | അടിസ്ഥാന സ improve കര്യവികസനവും എല്ലാ പ്രൊഫഷണൽ തെറാപ്പി സേവനങ്ങളും നൽകുന്നു. സർക്കാർ അംഗീകരിച്ച എച്ച്എൽഎഫ്പിപിടി വഴി നടപ്പാക്കി വരുന്നു പ്രിയ ഹോം ഇതുവരെ പ്രവർത്തന-നവീകരണം പുരോഗമിച്ചിട്ടില്ല | ബാധകമല്ല |
| 58 | നിരമയ ഇൻഷുറൻസും എസ്എൻഎസി / എൽഎൽസി പ്രവർത്തനങ്ങളും | നാഷണൽ ട്രസ്റ്റ് ആക്റ്റിന് കീഴിലുള്ള പിഡബ്ല്യുഡികൾ ഇതുവരെ നൽകിയ ലീഗൽ | നിരമയ ഇൻഷുറൻസ് എൻറോൾമെന്റ് ഒരു ഗുണഭോക്താവിന് 500 രൂപ<br>ഒരു ഗുണഭോക്താവിന് | സർക്കാർ അംഗീകരിച്ച പ്രകാരം നടപ്പാക്കി വരുന്നു | ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഉദ്യോഗസ്ഥർക്ക് അപേക്ഷ സമർപ്പിക്കണം |

| | | | | | |
|---|---|---|---|---|---|
| | | ഗാർഡിയൻഷിപ്പ് സർട്ടിഫിക്കറ്റുകൾ - 11832 നിരമയ ഇൻഷുറൻസിന്റെ എൻറോൾമെന്റും പുതുക്കലും- 59239 | ബിപിഎൽ -250 രൂപ ഇൻഷുറൻസ് പുതുക്കൽ- Rs. 250 രൂപ ബിപിഎൽ- ഒരു ഗുണഭോക്താവിന് 50 രൂപ നിലവിലെ സാമ്പത്തിക വർഷത്തിൽ 220 ലക്ഷം രൂപ അനുവദിച്ചു | | |
| 59 | ബാരിയർ ഫ്രീ കേരള പദ്ധതി | സംസ്ഥാനത്തുടനീളമുള്ള പൊതുമരാമത്ത് വകുപ്പുകളുടെ അടിസ്ഥാന സൌകര്യങ്ങൾ, പൊതു സ്ഥലങ്ങൾ, ഗതാഗത സൌകര്യങ്ങൾ, ഐടി അനുബന്ധ സൌകര്യങ്ങൾ കര്യങ്ങൾ എന്നിവ പിഡബ്ല്യുഡി-കൾക്കായി സൌകര്യപ്രദം ആക്കി മാറ്റുന്നതിനുള്ള പദ്ധതി | പൌരന്മാരുടെ സേവനങ്ങൾ നൽകുന്ന ഓഫീസുകൾ വീണ്ടും മാറ്റുന്നതിനും വെബ്സൈറ്റുകൾ നവീകരിക്കുന്നതിനും മ്യൂസിയം കോമ്പൗണ്ടിൽ ആക്സസ് ചെയ്യാവുന്ന പാർക്കുകൾ സ്ഥാപിക്കുന്നതിനുമായി ഇതുവരെ 54 ലക്ഷം രൂപ വിവിധ ജില്ലയിലേക്ക് അനുവദിച്ചിട്ടുണ്ട്. | ആർപിഡബ്ല്യുഡി ആക്റ്റ്, 2016 പ്രകാരം നിഷ്കർഷിച്ചിട്ടുള്ള GoI രൂപീകരിച്ച ആക്സസ് ചെയ്യാവുന്ന മാനദണ്ഡങ്ങൾക്കനുസൃതമായി ചെയ്യേണ്ട പ്രവർത്തനങ്ങൾ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിന്റെ ആർക്കിടെക്ചർ വിങ്ങിന്റെ സാങ്കേതിക പിന്തുണയോടെ നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് ഒരു പ്രവേശനക്ഷമത കൺസൾട്ടൻസി സെൽ സജ്ജീകരിച്ചിരിക്കുന്നു. | ബാധകമല്ല |
| 60 | അക്സസിബിൾ ഇന്ത്യാ പദ്ധതി | സംസ്ഥാനത്തൊട്ടാകെയുള്ള പിഡബ്ല്യുഡികൾ - തലസ്ഥാന നഗരത്തിൽ പിഡബ്ല്യുഡികൾക്ക് പ്രവേശിക്കാവുന്ന 51 പൊതു കെട്ടിടങ്ങൾ | 28 കെട്ടിടങ്ങളുടെ റിട്രോഫിറ്റിംഗിനായി 4.29 കോടി രൂപ അനുവദിച്ചു. 23 കെട്ടിടങ്ങളുടെ എസ്റ്റിമേറ്റ് തയ്യാറെടുപ്പിലാണ്. | ഗവൺമെന്റ് സജ്ജീകരിച്ച മാനദണ്ഡങ്ങളും സംസ്ഥാനങ്ങളിൽ നിന്ന് കൈമാറിയ എസ്റ്റിമേറ്റിന്റെ അംഗീകാരവും അനുസരിച്ച് | ബാധകമല്ല |

<table>
<tr><td></td><td></td><td>വീണ്ടും മാറ്റുന്നതിനുള്ള ഗവൺമെന്റ് ഓഫ് ഇന്ത്യ പദ്ധതി.</td><td></td><td></td></tr>
<tr><td>61</td><td>പിഡബ്ല്യൂഡികൾക്കുള്ള സ്കോളർഷിപ്പ്</td><td>ഭിന്നശേഷിക്കാരായ കുട്ടികൾക്കുള്ള സ്കോളർഷിപ്പ്
<table>
<tr><td>ക്ലാസ്<br>1-4 വരെ</td><td>റെഗുലർ<br>300</td><td>ഹോസ്റ്റലേഴ്സ്</td><td>റീഡേഴ്സ് അലവൻസ്<br>200</td></tr>
<tr><td>ക്ലാസ്<br>5-10 വരെ</td><td>500</td><td>----</td><td>200</td></tr>
<tr><td>+1, +2, IT തുല്യത കോഴ്സുകൾ</td><td>750</td><td>1000</td><td>300</td></tr>
<tr><td>ഡിഗ്രി,പോളി, മറ്റ് തുല്യത കോഴ്സുകൾ, (implant training)</td><td>1000</td><td>1500</td><td>400</td></tr>
<tr><td>പ്രൊഫഷണൽ കോഴ്സുകൾ</td><td>1000</td><td>1500</td><td>400</td></tr>
</table></td><td>1) വിദ്യാർത്ഥികളുടെ വൈകല്യ വിഭാഗം (അന്ധ / ബധിര / ഓർത്തോപെഡിക്കലി വൈകല്യമുള്ള / മാനസിക വൈകല്യമുള്ളവർ).<br>2) വൈകല്യ ശതമാനം (40% അല്ലെങ്കിൽ കൂടുതൽ.)<br>3) സംയോജിത കുടുംബത്തിന്റെ വാർഷിക വരുമാനം 36,000 / - കവിയാൻ പാടില്ല<br>4) മുൻ വർഷത്തെ പരീക്ഷയിൽ 40% മാർക്ക് അപേക്ഷിക്കേണ്ടതില്ല</td><td>ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഉദ്യോഗസ്ഥർക്ക് അപേക്ഷ സമർപ്പിക്കണം</td></tr>
<tr><td></td><td></td><td></td><td></td><td></td></tr>
</table>

## മറ്റ് ക്ഷേമ പദ്ധതികൾ

| ക്രമ നം. | സ്കീമിന്റെ പേര് | ഗുണഭോക്താക്കൾ | ധനസഹായം സംബന്ധിച്ച വിവരം | ധനസഹായം ലഭ്യമാകുന്നതിനുള്ള മാനദണ്ഡം | അപേക്ഷ നൽകുന്ന വിധം |
|---|---|---|---|---|---|
| 62 | മിശ്ര വിവാഹത്തിനുള്ള ധനസഹായം | മിശ്ര വിവാഹത്തിനുള്ള ധനസഹായം(SC/ST ഒഴികെ) | 30000 രൂപയുടെ ഒറ്റത്തവണ ധനസഹായം | ദമ്പതികളുടെ സംയോജിത കുടുംബ വരുമാനം . 1,00,000 കവിയാൻ പാടില്ല നിയമപരമായി വിവാഹിതരായ ദമ്പതികൾക്ക് സാമ്പത്തിക സഹായത്തിന് അർഹതയുണ്ട്.<br><br>ദമ്പതികൾ വിവാഹത്തിന് ഒരു വർഷത്തിനുശേഷം സാമ്പത്തിക സഹായത്തിന് അപേക്ഷിക്കണം, പക്ഷേ വിവാഹ തീയതി മുതൽ 2 വർഷത്തിൽ കൂടരുത്. | ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഉദ്യോഗസ്ഥർക്ക് അപേക്ഷ സമർപ്പിക്കണം. |

File No.SJD-C2/7/2021-SJD

E- 92449

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ്- തെരുവ് വെളിച്ചം പദ്ധതി - പ്രവർത്തന ഫണ്ട് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യനീതി (സി) വകുപ്പ്

G.O.(Rt)No.17/2021/SJD തീയതി,തിരുവനന്തപുരം, 10/01/2021

---

പരാമർശം:- 1 സാമൂഹ്യനീതി ഡയറക്ടറുടെ 13/11/2020 ലെ ജി4-2562/2020 നമ്പർ കത്ത്.

2 17/12/2020 ലെ വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗ തീരുമാനം.

ഉത്തരവ്

തെരുവോരത്ത് ഉപേക്ഷിക്കപ്പെടുന്ന കുട്ടികളേയും, വൃദ്ധരേയും, മാനസിക രോഗികളേയും സംരക്ഷിക്കുകയെന്ന ലക്ഷ്യത്തോടെ എറണാകുളം ജില്ലയിൽ ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് തെരുവ് വെളിച്ചം. പ്രസ്തുത പദ്ധതിയുടെ 2019 ഒക്ടോബർ മുതൽ 2020 ആഗസ്റ്റ് വരെയുള്ള പ്രവർത്തനങ്ങൾക്കായി 5,93,450/- രൂപ നടപ്പ് സാമ്പത്തിക വർഷത്തെ 2235-60-200-83 (പി) എന്ന ശീർഷകത്തിൽ നിന്നും അനുവദിച്ച് ഭരണാനുമതി നൽകി ഉത്തരവ് ഉണ്ടാകണമെന്ന് പരാമർശം (1)പ്രകാരം സാമൂഹ്യനീതി ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

2) 17/12/2020 ൽ ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗം പ്രസ്തുത പ്രൊപ്പോസൽ പരിഗണിക്കുകയും ഇനം നം.3 ആയി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്

3)മേൽ സാഹചര്യത്തിൽ എറണാകുളം ജില്ലയിൽ നടപ്പിലാക്കി വരുന്ന തെരുവ് വെളിച്ചം പദ്ധതിയുടെ നടത്തിപ്പിനായി 2019 ഒക്ടോബർ മുതൽ 2020 ആഗസ്റ്റ് വരെ ചെലവഴിച്ച 5,93,450/- രൂപ (അഞ്ചു ലക്ഷത്തി തൊണ്ണൂറ്റി മൂവായിരത്തി നാനൂറ്റി അൻപത് രൂപ മാത്രം) നടപ്പ് സാമ്പത്തിക വർഷത്തെ 2235-60-200-83 (പി) എന്ന ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
BIJU PRABHAKAR
SECRETARY

പകർപ്പ്

ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, തിരുവനന്തപുരം.

ജനറൽ സെക്രട്ടറി, തെരുവോര പ്രവർത്തക അസ്സോസിയേഷൻ, എറണാകുളം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ജി&എസ്.എസ്.എ/എ&ഇ) കേരള, തിരുവനന്തപുരം.

ധനകാര്യ വകുപ്പ്

OFFICE OF THE DIRECTOR ... 19 JAN 2021

File No.SJD-C2/7/2021-SJD

ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്

സാമൂഹ്യനീതി (എ) വകുപ്പ്

വിവര പൊതുജന സമ്പർക്ക(വെബ് & ന്യൂ മീഡിയ വിഭാഗം) വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

File No.SJD-C1/293/2020-SJD

E-92783

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ്- ദുർബല ജനവിഭാഗങ്ങൾക്ക് സുരക്ഷിതത്വം നൽകുന്ന പദ്ധതി- 2020-21 സാമ്പത്തിക വർഷം തുക ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യനീതി (സി) വകുപ്പ്

സ.ഉ.(സാധാ) നം.13/2021/സാ.നീ.വ തിയതി,തിരുവനന്തപുരം, 10/01/2021

---

പരാമർശം:- 1 സ.ഉ. (എം.എസ്) നം. 69/2004/സാക്ഷേവ തീയതി 14.10.2004

2 സ.ഉ . (എം.എസ്) നം. 03/2007/സാക്ഷേവ തീയതി 11.01.2007

3 സ.ഉ. (സാധാ) നം. 522/2015/സാനീവ തീയതി 18.06.2015

4 സാമൂഹ്യനീതി ഡയറക്ടറുടെ 16.12.2020 ലെ SJD/185/2020-G1 നമ്പർ കത്ത്

5 17.12.2020 ലെ വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ മിനിറ്റ്സ്

ഉത്തരവ്

അനാരോഗ്യം ബാധിച്ച് നിരാശ്രയരായി തെരുവുകളിൽ അലഞ്ഞു തിരിയുന്നവർക്കും രോഗം ഭേദമായതിനുശേഷവും ആരും സ്വീകരിക്കുവാനില്ലാതെ ആശുപത്രികളിൽ തന്നെ കഴിയുവാൻ നിർബന്ധിതരായിട്ടുള്ള പ്രായപൂർത്തിയായ സ്ത്രീ-പുരുഷൻമാർക്ക് സംരക്ഷണം ഉറപ്പ് വരുത്തുന്നതിനായി ഒരു പദ്ധതിക്ക് പരാമർശം (1) പ്രകാരം ഭരണാനുമതി നൽകിയിരുന്നു. ദുർബല ജന വിഭാഗങ്ങൾക്ക് സുരക്ഷിതത്വം നൽകുന്ന പദ്ധതിയുമായി ബന്ധപ്പെട്ട് മേൽ പറഞ്ഞ വിഭാഗത്തിൽപ്പെട്ട നിരാലംബരെ ഏറ്റെടുത്ത് അവർക്ക് എല്ലാവിധ സംരക്ഷണവും നൽകുവാൻ തയ്യാറായിട്ടുള്ള സന്നദ്ധ സംഘടനകളെ തെരെഞ്ഞെടുത്ത് ചുമതല ഏൽപ്പിക്കുകയും ഇപ്രകാരം തെരെഞ്ഞെടുക്കപ്പെടുന്ന സ്ഥാപനങ്ങൾക്ക് ഗ്രാന്റ് നൽകുകയുമാണ് ഈ പദ്ധതി പ്രകാരം ചെയ്തു വരുന്നത്. ആശുപത്രി അധികൃതർ, പോലീസ് അധികാരികൾ, ജില്ല സാമൂഹ്യനീതി ഓഫീസർമാർ എന്നിവർ മുഖാന്തിരം തെരുവുകളിൽ നിന്നും കണ്ടെത്തി സ്ഥാപനങ്ങളിൽ പുനരധിവസിപ്പിക്കപ്പെടുന്നവർക്ക് മാത്രമാണ് പ്രസ്തുത ഗ്രാന്റിന് അർഹത ഉള്ളത്. പ്രസ്തുത പദ്ധതി എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കുന്നതിന് പരാമർശം (2) പ്രകാരം അനുമതി നൽകിയിട്ടുണ്ട്. പരാമർശം (3) പ്രകാരം, തെരെഞ്ഞെടുക്കപ്പെടുന്ന സ്ഥാപനങ്ങളിലെ താമസക്കാർക്ക് പ്രതിമാസം 1500/- രൂപ നിരക്കിലാണ് ഗ്രാന്റ് അനുവദിക്കുന്നത് . നിലവിൽ തിരുവനന്തപുരം , എറണാകുളം ജില്ലകളിൽ മാത്രമാണ് ഈ പദ്ധതി നടപ്പിലാക്കുന്നത് എന്നും മേൽപറഞ്ഞ ജില്ലകളിലുള്ള 6 സ്ഥാപനങ്ങൾക്കാണ് നിലവിൽ ധനസഹായം അനുവദിക്കുന്നതിനു സർക്കാർ അംഗീകാരം ലഭ്യമായിട്ടുള്ളത് എന്നും

ധനസഹായത്തിനുവേണ്ടി ലഭ്യമാകുന്ന അപേക്ഷകളിൽ ജില്ലാ സാമൂഹ്യനീതി ഓഫീസർമാരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഒരു സാമ്പത്തിക വർഷത്തിൽ രണ്ട് തവണയായാണ് ഗ്രാന്റ് അനുവദിക്കുന്നത് എന്നും പരാമർശം (4) പ്രകാരം സാമൂഹ്യനീതി ഡയറക്ടർ അറിയിക്കുന്നു. ആയതിനാൽ ദുർബല ജനവിഭാഗങ്ങൾക്ക് സുരക്ഷിതത്വം നൽകുന്ന പദ്ധതി 01/04/2020 മുതൽ 31/03/2021 വരെ തുടർന്നു നടത്തുന്നതിനായി നടപ്പു സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പാർശ്വവൽക്കരിക്കപ്പെടുന്നവർക്കായി സാമൂഹ്യസുരക്ഷിതത്വ സംരംഭങ്ങൾ എന്ന പദ്ധതിക്കായി 2235-60-200-83 (പി) എന്ന ശീർഷകത്തിൽ വകയിരുത്തിയ 13 കോടി രൂപയിൽ നിന്നും 67,50,000/- രൂപ അനുവദിക്കണമെന്ന് സാമൂഹ്യനീതി ഡയറക്ടർ ആവശ്യപ്പെട്ടിരിക്കുന്നു.

2) 17.12.2020 ൽ കൂടിയ വകുപ്പ് തല വർക്കിംഗ് ഗ്രൂപ്പ് ഇനം 9 എ -ആയി ഇക്കാര്യം അംഗീകരിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ, ദുർബല ജനവിഭാഗങ്ങൾക്ക് സുരക്ഷിതത്വം നൽകുന്ന പദ്ധതി 01/04/2020 മുതൽ 31/03/2021 വരെ തുടർന്നു നടത്തുന്നതിനായി നടപ്പ സാമ്പത്തിക വർഷത്തെ **2235-60-200-83 (പി)** ശീർഷകത്തിൽ നിന്നും **67,50,000/- രൂപ ( അറുപത്തേഴ് ലക്ഷത്തി അമ്പതിനായിരം രൂപ മാത്രം)** അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ബിജു പ്രഭാകർ**
**സെക്രട്ടറി**

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ( ജി & എസ്.എസ്.എ / എ & ഇ), കേരളം, തിരുവനന്തപുരം
സാമൂഹ്യനീതി (എ) വകുപ്പ്
ആസൂത്രണസാമ്പത്തികകാര്യ വകുപ്പ്
വിവരപൊതുജനസമ്പർക്ക ( ന്യൂ മീഡിയാ വിഭാഗം ) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

File No.SJD-C1/10/2021-SJD

E - 92833

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - കണ്ണൂർ സർക്കാർ വൃദ്ധസദനത്തിൽ സെക്കന്റ് ഇന്നിംഗ്സ് ഹോം പദ്ധതി രണ്ടാം വർഷം തുടരുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

സാമൂഹ്യനീതി (സി) വകുപ്പ്

സ.ഉ.(സാധാ) നം.16/2021/സാ.നീ.വ തീയതി,തിരുവനന്തപുരം, 10/01/2021

പരാമർശം:- 1 സ.ഉ. (സാധാ) നം. 548/2020/സാനീവ തീയതി 13.10.2020

2 സാമൂഹ്യനീതി ഡയറക്ടറുടെ 25.11. 2020 ലെ SJD/644/2020-G2 നമ്പർ കത്ത്

3 17.12.2020ൽ കൂടിയ വകുപ്പ് തല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ മിനിറ്റ്സ്

ഉത്തരവ്

സാമൂഹ്യ നീതി വകുപ്പിന്റെ കീഴിൽ സംസ്ഥാനത്ത് പ്രവർത്തിച്ച വരുന്ന വൃദ്ധ സദനങ്ങളിലെ അടിസ്ഥാന സൗകര്യങ്ങളും സേവനങ്ങളും മെച്ചപ്പെടുത്തി ദേശീയ നിലവാരത്തിലേക്ക് ഉയർത്തുന്നതിന്റെ ഭാഗമായി കണ്ണൂർ ഗവ. വൃദ്ധ സദനത്തിൽ സെക്കന്റ് ഇന്നിങ്ങ്സ് ഹോം പദ്ധതി ഹിന്ദുസ്ഥാൻ ലാറ്റെക്സ് ഫാമിലി പ്ലാനിംഗ് പ്രൊമോഷൻ ട്രസ്റ്റ് മുഖേന പൈലറ്റ് അടിസ്ഥാനത്തിൽ ആദ്യ ഘട്ടമായി ആരംഭിച്ചിരുന്നു. നിലവിൽ ടി പദ്ധതിക്ക് മികച്ച പ്രതികരണമാണ് ലഭ്യമായത് എന്നും ടി പദ്ധതി വിജയമായതിനെ തുടർന്ന് മറ്റ് ജില്ലകളിലേക്കും വ്യാപിപ്പിക്കുന്നതിന് തീരുമാനിക്കുകയും കൊല്ലം , മലപ്പുറം വൃദ്ധ സദനങ്ങളിൽ കൂടി പദ്ധതി ആരംഭിക്കുകയും ചെയ്തു എന്നും കണ്ണൂർ വൃദ്ധസദനത്തിൽ സെക്കന്റ് ഇന്നിങ്ങ്സ് ഹോം പദ്ധതി വിജയകരമാകുന്ന പക്ഷം തുടർന്നുള്ള മൂന്ന് വർഷത്തേക്ക് പദ്ധതി തുടരുന്നതിന് തീരുമാനിച്ച പ്രകാരം പദ്ധതിയുടെ രണ്ടാം വർഷമായ ഡിസംബർ 2019 മുതൽ നവംബർ 2020 ലെ പ്രവർത്തനഫണ്ടിനായി ഹിന്ദുസ്ഥാൻ ലാറ്റെക്സ് ഫാമിലി പ്ലാനിംഗ് പ്രൊമോഷൻ ട്രസ്റ്റ് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട് എന്നും പരാമർശം (2) പ്രകാരം സാമൂഹ്യനീതി ഡയറക്ടർ അറിയിക്കുന്നു. ഹിന്ദുസ്ഥാൻ ലാറ്റെക്സ് ഫാമിലി പ്ലാനിംഗ് പ്രൊമോഷൻ ട്രസ്റ്റ് സമർപ്പിച്ച രണ്ടാം വർഷ പ്രൊപ്പോസൽ പ്രകാരം HR Cost ഇനത്തിൽ 18,00,000/-രൂപയും ,പ്രോഗ്രാം ചെലവിനത്തിൽ 11,46,000/- രൂപയും, അഡ്മിനിസ്ട്രേഷൻ ചെലവിനത്തിൽ 40,000/-രൂപയും ,10% പ്രോജക്റ്റ് മാനെജ്മെന്റ് ഫീ ഇനത്തിൽ 2,98,600/- രൂപയുമുൾപ്പെടെ ആകെ 32,84,600/- രൂപയാണ് പദ്ധതിയുടെ ചെലവ് എന്നും ആയതിന്റെ 18% ജി.എസ്.ടി ആയി 5,91,228/- രൂപ കൂടി ചേർത്ത് ആകെ ചെലവ് 38,75,828,/- രൂപയാണ് എന്നും ഡയറക്ടർ അറിയിക്കുന്നു. ആയതിനാൽ കണ്ണൂർ വൃദ്ധസദനത്തിൽ സെക്കന്റ് ഇന്നിംഗ്സ് ഹോം പദ്ധതി രണ്ടാം വർഷവും തുടരുന്നതിന് ഭരണാനുമതി നൽകണമെന്നും ഇതിനാവശ്യമായ തുക നടപ്പ് സാമ്പത്തിക വർഷത്തെ 2235-02-104-82 ( പി) ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണെന്നും ഡയറക്ടർ അറിയിക്കുന്നു.

2) 17.12.2020 ൽ കൂടിയ വകുപ്പ്തല വർക്കിംഗ് ഗ്രൂപ്പ് യോഗം മിനിറ്റ്സിലെ ഇനം 5 ആയി ഇക്കാര്യം അംഗീകരിച്ചിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു, കണ്ണൂർ വൃദ്ധസദനത്തിൽ സെക്കന്റ് ഇന്നിംഗ്സ് ഹോം പദ്ധതി രണ്ടാം വർഷവും തുടരുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു. ഇതിനാവശ്യമായ 38,75,828,/(മുപ്പത്തെട്ട് ലക്ഷത്തി എഴുപത്തി അയ്യായിരത്തി എണ്ണൂറ്റി ഇരുപത്തെട്ട് രൂപ മാത്രം) രൂപ നടപ്പ് സാമ്പത്തിക വർഷത്തെ 2235-02-104-82 ( പി) ശീർഷകത്തിൽ നിന്നും വഹിയ്ക്കുന്നതിനും അനുമതി നൽകുന്നു. പദ്ധതിയുടെ ധനകാര്യ വിശകലനം അനുബന്ധമായി ചേർക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജു പ്രഭാകർ
സെക്രട്ടറി

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ( ജി & എസ്.എസ്.എ/ എ & ഇ) കേരളം, തിരുവനന്തപുരം

സാമൂഹ്യനീതി (എ) വകുപ്പ്

ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്

വിവരപൊതുജനസമ്പർക്ക (ന്യൂ മീഡിയാ വിഭാഗം ) വകുപ്പ് ( വെബ് സൈറ്റിൽ പ്രസിദ്ധീകരിയ്ക്കുന്നതിനായി)

കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

അനുബന്ധം

| Sl.No | Item | Unit | Unit Cost | Month/ Days | Amount ( in Rs.) |
|---|---|---|---|---|---|
| 1 | **HR Cost** | | | | |
| a. | Doctors/ Therapists/Nutritionists/ Speciality Doctors | 4 | 3000 | 12 | 1,44,000 |
| b. | Physiotherapist | 1 | 20,000 | 12 | 2,40,000 |
| c. | Nurses/ANM and Lab Tech | 4 | 20,000 | 12 | 9,60,000 |
| d. | Counselor | 1 | 30,000 | 12 | 3,60,000 |
| e. | House Keeping | 1 | 8,000 | 12 | 96,000 |
| | **Total HR Cost** | | | | **18,00,000** |
| 2 | **Programme Expense** | | | | |

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ...

സംഗ്രഹം

സാമൂഹ്യനീതിവകുപ്പ്- ഭിന്നശേഷിക്കാർക്ക് നൂതന സാങ്കേതിക ഉപകരണങ്ങൾ വികലാംഗക്ഷേമ കോർപ്പറേഷൻ മുഖാന്തിരം വിതരണം ചെയ്യുന്ന പദ്ധതി - ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

സാമൂഹ്യ നീതി( ഡി) വകുപ്പ്

**സ.ഉ.(സാധാ) നം.506/2020/സാ.നീ.വ** തീയതി,തിരുവനന്തപുരം, 24/09/2020

പരാമർശം:- 1 01/06/2019 ലെ സ.ഉ(സാധാ)നം.310/2019/സാ.നീ.വ .നമ്പർ ഉത്തരവ്

2 സാമൂഹ്യനീതി ഡയറക്ടറുടെ 13.7.2020 ലെ SJD/1954/2020-D1 നമ്പർ കത്ത്

3 13.8.2020 ലെ വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൻറെ മിനിട്ട്സ്.

<u>ഉത്തരവ്</u>

ഭിന്നശേഷിക്കാരുടെ അവകാശ സംരക്ഷണവും സാമൂഹ്യ സുരക്ഷിതത്വവും ഉറപ്പ് വരുത്തി രാഷ്ട്ര നിർമ്മാണത്തിന് ഉതകുന്ന രീതിയിൽ പ്രാപ്തരാക്കുന്നതിന് അവർക്ക് തടസ്സമാകുന്ന വൈകല്യങ്ങളെ മറി കടക്കാൻ കഴിയുന്ന തരത്തിലുള്ള നൂതന സാങ്കേതിക ഉപകരണങ്ങൾ അവരുടെ ആവശ്യകതയുടെ അടിസ്ഥാനത്തിൽ കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ വഴി വിതരണം ചെയ്യുന്നതിന് പരാമർശം 1 പ്രകാരം ഉത്തരവായിരുന്നു.

2 സർക്കാർ ഉത്തരവിലെ നിർദ്ദേശ പ്രകാരം ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റിയുടെ തീരുമാനമുൾപ്പെടെയുള്ള ഗുണഭോക്തൃ ലിസ്റ്റുകൾ മിക്ക ജില്ലകളിൽ നിന്നും യഥാസമയം ലഭിക്കാത്തതിനാൽ കഴിഞ്ഞ വർഷം മേൽ പദ്ധതി നടപ്പിലാക്കിയിരുന്നില്ല. പ്രസ്തുത സാഹചര്യത്തിൽ മേൽ ഉത്തരവു പ്രകാരം കഴിഞ്ഞ സാമ്പത്തിക വർഷം അനുവദിച്ച ഭിന്നശേഷിക്കാർക്കുള്ള "സഹായ ഉപകരണ പദ്ധതി" 2235-60-200-83(പി) ശീർഷകത്തിൽ നടപ്പ് വർഷം വകയിരുത്തിയ 1 കോടി രൂപ വിനിയോഗിച്ച് 2020-21 വർഷം വികലാംഗക്ഷേമ കോർപ്പറേഷൻ വഴി നടപ്പിലാക്കുന്നതിന് അനുമതി നൽകണമെന്ന് പരാമർശം 2 പ്രകാരം സാമൂഹ്യനീതി ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

3. 13.8.2020 ലെ വർക്കിംഗ് ഗ്രൂപ്പ് യോഗം ഒരു ഉപകരണം ഒരാൾക്ക് ഒന്നിലധികം തവണ നൽകരുതെന്ന നിബന്ധനയോടെ പ്രസ്തുത പ്രൊപ്പോസലിന് അംഗീകാരം നൽകി.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം 1 ഉത്തരവു പ്രകാരം കഴിഞ്ഞ സാമ്പത്തിക വർഷം അനുവദിച്ച ഭിന്നശേഷിക്കാർക്കുള്ള "സഹായ ഉപകരണ പദ്ധതി" 2235-60-200-83(പി) ശീർഷകത്തിൽ നടപ്പ് വർഷം വകയിരുത്തിയ 1,00,00,000/- രൂപ ( 1 കോടി രൂപ മാത്രം)

വിനിയോഗിച്ച് ഒരു ഉപകരണം ഒരാൾക്ക് ഒന്നിലധികം തവണ നൽകരുതെന്ന നിബന്ധനയോടെ 2020-21 വർഷം വികലാംഗക്ഷേമ കോർപ്പറേഷൻ വഴി നടപ്പിലാക്കുന്നതിന് സാമൂഹ്യ നീതി ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജു പ്രഭാകർ
സെക്രട്ടറി

പകർപ്പ്

ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, തിരുവനന്തപുരം

മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ( എ & ഇ / ജി & എസ്സ് .എസ്സ് .എ ),കേരള, തിരുവനന്തപുരം

ധനകാര്യ വകുപ്പ്

ട്രഷറി ഓഫീസർ, ജില്ലാ ട്രഷറി, തിരുവനന്തപുരം

സാമൂഹ്യനീതി(എ) വകുപ്പ് ( Vide Item No.4)

ആസൂത്രണസാമ്പത്തികകാര്യവകുപ്പ്

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്(വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

| | | | | | |
|---|---|---|---|---|---|
| a. | Additional cost for building beautification and purchase of additional equipments and material, maintenance cost of lawn & miscellaneous expense (CCTV, hot water facility in bathrooms, create a bathing facility for bedridden patients) | | 5,00,000 | 1 | 5,00,000 |
| b. | Library monthly expenditure ( for the purchase of selected books and periodicals) | 1 | 500 | 12 | 6,000 |
| c. | Lab Reagents for conducting more than 25 tests within the centre | 1 | 5,000 | 12 | 60,000 |
| d. | Other Medical Requirements for elders and engagement activities ( for X- ray, scanning or any other suggested by consultant doctors) | 1 | 10,000 | 1 | 10,000 |
| e. | Basic requirements for elders and engagement activities such as skill training motivation classes, monthly outings and purchase of adult dippers, purchase of bin with cover and height adequate for it to go underneath the bed for keeping soiled clothes, food serving tables for bedridden patients. | 1 | 40,000 | 12 | 4,80,000 |
| | **Total Programme Cost** | | | | **11,46,000** |
| 3 | **Admin Expense** | | | | |
| a. | Staff capacity building ( staff training for the old age home staff) | 1 | 20,000 | 2 | 40,000 |
| | **Total Admin cost** | | | | **40,000** |
| | **Total Cost** | | | | **29,86,000** |
| 4 | Project Management Fee @ 10% of the total cost | | | | 2,98,600 |
| | Total | | | | 32,84,600 |
| | GST @ 18 % | | | | 5,91,228 |
| | **Grand Total** | | | | **38,75,828** |

File No.SJD-C1/287/2020-SJD

E-92608

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

സാമൂഹ്യനീതി വകുപ്പ്- കോവിഡ് -19 പ്രതിരോധപ്രവർത്തനങ്ങളുടെ ഭാഗമായി ആരംഭിച്ച വയോക്ഷേമ കോൾ സെന്ററിന്റെ പ്രവർത്തനത്തിന് തുക ചെലവഴിച്ചത് സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

സാമൂഹ്യനീതി (സി) വകുപ്പ്

സ.ഉ.(സാധാ) നം.49/2021/സാ.നീ.വ തീയതി,തിരുവനന്തപുരം, 19/01/2021

പരാമർശം:- 1 സ.ഉ . (സാധാ) നം. 376/2020/സാനീവ തീയതി 12.08.2020

2 സാമൂഹ്യനീതി ഡയറക്ടറുടെ 02.11.2020, 02.12.2020 തീയതികളിലെ SJD/2696/2020-SC2 നമ്പർ കത്തുകൾ

<u>ഉത്തരവ്</u>

കോവിഡ് വ്യാപനം രൂക്ഷമായ സാഹചര്യത്തിൽ വീടുകളിൽ റിവേഴ്സ് ക്വാറന്റൈനിൽ കഴിയുന്ന വയോജനങ്ങളുടെ അടിയന്തര ആവശ്യങ്ങൾ പരിഹരിക്കുന്നതിനായി ജില്ലാതല വയോജനസെൽ രൂപീകരിക്കുന്നതിനും അതിനോട് അനുബന്ധിച്ച് ജില്ലകളിൽ കോൾ സെന്റർ ആരംഭിക്കുന്നതിനും പരാമർശം (1) പ്രകാരം അനുമതി നൽകിയിരുന്നു. കോൾ സെന്ററിന്റെ പ്രവർത്തനത്തിനായി 54,10,062/- രൂപ ( അമ്പത്തിനാല് ലക്ഷത്തി പതിനായിരത്തി അറുപത്തി രണ്ട് രൂപ മാത്രം ) നടപ്പ് സാമ്പത്തിക വർഷത്തെ 2235-02-104-82 ( പി) ശീർഷകത്തിൽ നിന്നും വിനിയോഗിച്ചിട്ടുണ്ട് എന്നും ടി. നടപടി സാധൂകരിക്കണമെന്നും പരാമർശം (2) പ്രകാരം സാമൂഹ്യനീതി ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്. അനുവദിച്ച തുകയുടെ ഇനം തിരിച്ചുള്ള വിവരം ചുവടെ ചേർക്കും പ്രകാരമാണ് എന്നും ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

| Sl.No | Category | Amount given to | Amount sanctioned ( in Rs) |
|---|---|---|---|
| 1 | Initial Expenses to set up call center and for recurring expenses (Head set stationery, hiring of vehicle, food to personnel in call centers etc). | 14 DSJOs | 43,82,000/- |

| | | | |
|---|---|---|---|
| 2 | Funds to VOXBAY solutions for call centre software installation and related services (released in two instalments) | VOXBAY solutions | 6,06,480/- |
| 3 | Monthly bill of 14 call Centers ( August) | BSNL | 1,04,699/- |
| 4 | Call connection bill of 14 Call Centers ( September) | BSNL | 3,16,883/- |
| | TOTAL | | 54,10,062/- |

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു കോവിഡ് -19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ആരംഭിച്ച വയോക്ഷേമ കോൾ സെന്ററിന്റെ പ്രവർ ത്തനത്തിനായി 54,10,062/- രൂപ ( അമ്പത്തിനാല് ലക്ഷത്തി പതിനായിരത്തി അറുപത്തി രണ്ട് രൂപ മാത്രം ) നടപ്പ് സാമ്പത്തിക വർഷത്തെ 2235-02-104-82 ( പി) ശീർഷകത്തിൽ നിന്നും വിനിയോഗിച്ച സാമൂഹ്യനീതി ഡയറക്ടറുടെ നടപടി സാധൂകരിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജു പ്രഭാകർ
സെക്രട്ടറി

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ( ജി & എസ്.എസ്.എ / എ & ഇ) കേരളം, തിരുവനന്തപുരം
വിവരപൊതുജനസമ്പർക്ക ( ന്യൂ മീഡിയാ വിഭാഗം ) വകുപ്പ് ( വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി )
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

File No.SJD-C1/168/2020-SJD-Part(1)

E- 92598

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

സാമൂഹ്യനീതി വകുപ്പ് - കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ആരംഭിച്ച വയോക്ഷേമ കോൾ സെന്ററിന്റെ പ്രവർത്തനം തുടരുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

സാമൂഹ്യനീതി (സി) വകുപ്പ്

സ.ഉ.(സാധാ) നം.43/2021/സാ.നീ.വ തീയതി,തിരുവനന്തപുരം, 19/01/2021

പരാമർശം:- 1 സ.ഉ . (സാധാ) നം. 376/2020/സാനീവ തീയതി 12.08.2020

2 സാമൂഹ്യനീതി ഡയറക്ടറുടെ 31.12.2020 ലെ SJD/2696/2020-SCZ നമ്പർ കത്ത്

<u>ഉത്തരവ്</u>

കോവിഡ്- 19 പ്രതിരോധപ്രവർത്തനങ്ങളുടെ ഭാഗമായി വീടുകളിലും വൃദ്ധസദനങ്ങളിലും റിവേഴ്സ് ക്വാറന്റൈനിൽ കഴിയുന്ന മുതിർന്ന പൗരന്മാരുടെ അടിയന്തര ആവശ്യങ്ങളും ആരോഗ്യപ്രശ്നങ്ങളും അറിയുന്നതിനും പരിഹരിക്കുന്നതിനുമായി എല്ലാ ജില്ലകളിലും വയോക്ഷേമ കോൾ സെന്റർ പ്രവർത്തിക്കുവാൻ പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. സംസ്ഥാനത്ത് 14 ജില്ലകളിലായി പ്രവർത്തിക്കുന്ന വയോജന കോൾ സെന്ററുകളിൽ 8 എണ്ണം സ്കൂളുകളിലും കോളേജുകളിലുമാണ് നിലവിൽ പ്രവർത്തിച്ചുവരുന്നത് എന്നും എന്നാൽ സ്കൂളുകളും കോളേജുകളും തുറന്നു പ്രവർത്തിക്കേണ്ടുന്ന സാഹചര്യത്തിൽ , പ്രസ്തുത കോൾ സെന്ററുകൾ അവിടെനിന്നും 1.1.2021 ന് മുൻപായി പൂർണ്ണമായും മാറ്റി സ്ഥാപിക്കേണ്ടതുണ്ടെന്നും കാൾസെൻററർ പ്രവർത്തനങ്ങൾക്കായി സോഫ്റ്റ് വെയർ സപ്പോർട്ട് നൽകുന്ന, Voxbay Solution ന് ഷിഫ്റ്റ് ചെയ്യേണ്ട 8 കാൾ സെന്ററുകളുടെ shifting&installation ഇനത്തിൽ ഒരു കോൾസെൻററിന് 25,000/-രൂപ നിരക്കിൽ അധികമായി നൽകണമെന്നു പ്രസ്തുത സ്ഥാപനം ആവശ്യപ്പെട്ടിട്ടുണ്ട് എന്നും മേൽപ്പറഞ്ഞത് പ്രകാരം 8 കോൾസെന്ററുകൾ മാറ്റി സ്ഥാപിക്കേണ്ടതിനു 2,00,000/- (രണ്ട് ലക്ഷം ) രൂപയും അനുബന്ധ ടാക്സും Voxbay Solutions എന്ന സ്ഥാപനത്തിന് നൽകുന്നതിനു അടിയന്തിര അനുമതി നൽകണം എന്നും പരാമർശം (2) പ്രകാരം സാമൂഹ്യനീതി ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്. കൂടാതെ, നിലവിൽ ഓരോ ജില്ലയിലും പ്രവർത്തിക്കുന്ന കാൾ സെന്ററുകളുടെ എണ്ണം 10 കോൾ ഏജന്റുകൾക്ക് പകരം 5 കോൾ ഏജന്റുകളായി കുറയ്ക്കുന്നതിന് അനുമതി നൽകണമെന്നും കോൾ സെന്ററുകളുടെ പ്രവർത്തനം 31/03/2021 വരെ തുടരുന്നതിനുള്ള സർക്കാർ അനുമതി നൽകണമെന്നും ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോവിടിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ വയോജനങ്ങളെ രോഗത്തിൽ നിന്നും മാറ്റി നിർത്താനും,

അവരുടെ ക്ഷേമ - ആരോഗ്യ കാര്യങ്ങളിൽ ദൈനം ദിന ഇടപെടൽ നടത്താനും വേണ്ടി യുദ്ധകാലാടിസ്ഥാനത്തിൽ സ്ഥാപിച്ച സ്കൂളുകളിലും കോളേജുകളിലുമായി പ്രവർത്തിച്ചുവരുന്ന 8 വയോജന കോൾ സെന്ററുകൾ അവിടെ നിന്നും മാറ്റി സ്ഥാപിയ്ക്കുന്നതിനും മാറ്റി സ്ഥാപിക്കേണ്ട 8 കാൾ സെന്റെറുകളുടെ shifting&installation ഇനത്തിൽ ഒരു കോൾസെൻററിന് 25,000/-രൂപ നിരക്കിൽ അധികമായി നൽകേണ്ട 2,00,000/- (രണ്ട് ലക്ഷം രൂപ മാത്രം ) രൂപയും അനുബന്ധ ടാക്സും Voxbay Solutions എന്ന സ്ഥാപനത്തിന് നൽകുന്നതിനും അനുമതി നൽകി ഉത്തരവാകുന്നു. കൂടാതെ, നിലവിൽ ഓരോ ജില്ലയിലും പ്രവർത്തിക്കുന്ന കാൾ സെന്റെറുകളുടെ എണ്ണം 10 കോൾ ഏജന്റുകൾക്ക് പകരം 5 കോൾ ഏജന്റുകളായി കുറയ്ക്കുന്നതിനും കോൾ സെന്ററുകളുടെ പ്രവർത്തനം 31/03/2021 വരെ തുടരുന്നതിനും അനുമതി നൽകി ഉത്തരവാകുന്നു. .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജു പ്രഭാകർ
സെക്രട്ടറി

സാമൂഹ്യനീതി ഡയറക്ടർ , തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ( ജി & എസ്. എസ്. എ / എ & ഇ ) കേരളം, തിരുവനന്തപുരം

വിവരപൊതുജനസമ്പർക്ക ( ന്യൂ മീഡിയാ വിഭാഗം ) വകുപ്പ് ( വെബ് സൈറ്റിൽ പ്രസിദ്ധീകരിയ്ക്കുന്നതിനായി)

കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

File No.SJD-C1/10/2021-SJD 9178/2021/FC

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

സാമൂഹ്യനീതി വകുപ്പ് - കണ്ണൂർ സർക്കാർ വൃദ്ധസദനത്തിൽ സെക്കന്റ് ഇന്നിംഗ്സ് ഹോം പദ്ധതി രണ്ടാം വർഷം തുടരുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

സാമൂഹ്യനീതി (സി) വകുപ്പ്

സ.ഉ.(സാധാ) നം.16/2021/സാ.നീ.വ തീയതി,തിരുവനന്തപുരം, 10/01/2021

പരാമർശം:- 1 സ.ഉ. (സാധാ) നം. 548/2020/സാനീവ തീയതി 13.10.2020

2 സാമൂഹ്യനീതി ഡയറക്ടറുടെ 25.11. 2020 ലെ SJD/644/2020-G2 നമ്പർ കത്ത്

3 17.12.2020ൽ കൂടിയ വകുപ്പ് തല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ മിനിറ്റ്സ്

<u>ഉത്തരവ്</u>

സാമൂഹ്യ നീതി വകുപ്പിന്റെ കീഴിൽ സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്ന വൃദ്ധ സദനങ്ങളിലെ അടിസ്ഥാന സൗകര്യങ്ങളും സേവനങ്ങളും മെച്ചപ്പെടുത്തി ദേശീയ നിലവാരത്തിലേക്ക് ഉയർത്തുന്നതിന്റെ ഭാഗമായി കണ്ണൂർ ഗവ. വൃദ്ധ സദനത്തിൽ സെക്കന്റ് ഇന്നിങ്ങ്സ് ഹോം പദ്ധതി ഹിന്ദുസ്ഥാൻ ലാറ്റെക്സ് ഫാമിലി പ്ലാനിംഗ് പ്രൊമോഷൻ ട്രസ്റ്റ് മുഖേന പൈലറ്റ് അടിസ്ഥാനത്തിൽ ആദ്യ ഘട്ടമായി ആരംഭിച്ചിരുന്നു. നിലവിൽ ടി പദ്ധതിക്ക് മികച്ച പ്രതികരണമാണ് ലഭ്യമായത് എന്നും ടി പദ്ധതി വിജയമായതിനെ തുടർന്ന് മറ്റ് ജില്ലകളിലേക്കും വ്യാപിപ്പിക്കുന്നതിന് തീരുമാനിക്കുകയും കൊല്ലം , മലപ്പുറം വൃദ്ധ സദനങ്ങളിൽ കൂടി പദ്ധതി ആരംഭിക്കുകയും ചെയ്തു എന്നും കണ്ണൂർ വൃദ്ധസദനത്തിൽ സെക്കന്റ് ഇന്നിങ്ങ്സ് ഹോം പദ്ധതി വിജയകരമാകുന്ന പക്ഷം തുടർന്നുള്ള മൂന്ന് വർഷത്തേക്ക് പദ്ധതി തുടരുന്നതിന് തീരുമാനിച്ച പ്രകാരം പദ്ധതിയുടെ രണ്ടാം വർഷമായ ഡിസംബർ 2019 മുതൽ നവംബർ 2020 ലെ പ്രവർത്തനഫണ്ടിനായി ഹിന്ദുസ്ഥാൻ ലാറ്റെക്സ് ഫാമിലി പ്ലാനിംഗ് പ്രൊമോഷൻ ട്രസ്റ്റ് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട് എന്നും പരാമർശം (2) പ്രകാരം സാമൂഹ്യനീതി ഡയറക്ടർ അറിയിക്കുന്നു. ഹിന്ദുസ്ഥാൻ ലാറ്റെക്സ് ഫാമിലി പ്ലാനിംഗ് പ്രൊമോഷൻ ട്രസ്റ്റ് സമർപ്പിച്ച രണ്ടാം വർഷ പ്രൊപ്പോസൽ പ്രകാരം HR Cost ഇനത്തിൽ 18,00,000/-രൂപയും ,പ്രോഗ്രാം ചെലവിനത്തിൽ 11,46,000/- രൂപയും, അഡ്മിനിസ്ട്രേഷൻ ചെലവിനത്തിൽ 40,000/-രൂപയും ,10% പ്രോജക്ട് മാനെജ്മെന്റ് ഫീ ഇനത്തിൽ 2,98,600/- രൂപയുമുൾപ്പെടെ ആകെ 32,84,600/- രൂപയാണ് പദ്ധതിയുടെ ചെലവ് എന്നും ആയതിന്റെ 18% ജി.എസ്.ടി ആയി 5,91,228/- രൂപ കൂടി ചേർത്ത് ആകെ ചെലവ് 38,75,828,/- രൂപയാണ് എന്നും ഡയറക്ടർ അറിയിക്കുന്നു. ആയതിനാൽ കണ്ണൂർ വൃദ്ധസദനത്തിൽ സെക്കന്റ് ഇന്നിംഗ്സ് ഹോം പദ്ധതി രണ്ടാം വർഷവും തുടരുന്നതിന് ഭരണാനുമതി നൽകണമെന്നും ഇതിനാവശ്യമായ തുക നടപ്പ് സാമ്പത്തിക വർഷത്തെ 2235-02-104-82 ( പി) ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണെന്നും ഡയറക്ടർ അറിയിക്കുന്നു.

AD (1) Pl. take further action 11/1

2

2) 17.12.2020 ൽ കൂടിയ വകുപ്പ്തല വർക്കിംഗ് ഗ്രൂപ്പ് യോഗം മിനിറ്റ്സിലെ ഇനം 5 ആയി ഇക്കാര്യം അംഗീകരിച്ചിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു, കണ്ണൂർ വൃദ്ധസദനത്തിൽ സെക്കന്റ് ഇന്നിംഗ്സ് ഹോം പദ്ധതി രണ്ടാം വർഷവും തുടരുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു. ഇതിനാവശ്യമായ 38,75,828,/(മുപ്പത്തെട്ട് ലക്ഷത്തി എഴുപത്തി അയ്യായിരത്തി എണ്ണൂറ്റി ഇരുപത്തെട്ട് രൂപ മാത്രം) രൂപ നടപ്പ് സാമ്പത്തിക വർഷത്തെ 2235-02-104-82 ( പി) ശീർഷകത്തിൽ നിന്നും വഹിക്കുന്നതിനും അനുമതി നൽകുന്നു. പദ്ധതിയുടെ ധനകാര്യ വിശകലനം അനുബന്ധമായി ചേർക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജു പ്രഭാകർ
സെക്രട്ടറി

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ( ജി & എസ്.എസ്.എ/ എ & ഇ) കേരളം, തിരുവനന്തപുരം
സാമൂഹ്യനീതി (എ) വകുപ്പ്
ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്
വിവരപൊതുജനസമ്പർക്ക (നൃൂ മീഡിയാ വിഭാഗം ) വകുപ്പ് ( വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

| Sl.No | Item | Unit | Unit Cost | Month/ Days | Amount ( in Rs.) |
|---|---|---|---|---|---|
| 1 | **HR Cost** | | | | |
| a. | Doctors/ Therapists/Nutritionists/ Speciality Doctors | 4 | 3000 | 12 | 1,44,000 |
| b. | Physiotherapist | 1 | 20,000 | 12 | 2,40,000 |
| c. | Nurses/ANM and Lab Tech | 4 | 20,000 | 12 | 9,60,000 |
| d. | Counselor | 1 | 30,000 | 12 | 3,60,000 |
| e. | House Keeping | 1 | 8,000 | 12 | 96,000 |
| | **Total HR Cost** | | | | **18,00,000** |
| 2 | **Programme Expense** | | | | |

| | | | | | |
|---|---|---|---|---|---|
| a. | Additional cost for building beautification and purchase of additional equipments and material, maintenance cost of lawn & miscellaneous expense (CCTV, hot water facility in bathrooms, create a bathing facility for bedridden patients) | | 5,00,000 | 1 | 5,00,000 |
| b. | Library monthly expenditure ( for the purchase of selected books and periodicals) | 1 | 500 | 12 | 6,000 |
| c. | Lab Reagents for conducting more than 25 tests within the centre | 1 | 5,000 | 12 | 60,000 |
| d. | Other Medical Requirements for elders and engagement activities ( for X- ray, scanning or any other suggested by consultant doctors) | 1 | 10,000 | 1 | 10,000 |
| e. | Basic requirements for elders and engagement activities such as skill training motivation classes, monthly outings and purchase of adult dippers, purchase of bin with cover and height adequate for it to go underneath the bed for keeping soiled clothes, food serving tables for bedridden patients. | 1 | 40,000 | 12 | 4,80,000 |
| | **Total Programme Cost** | | | | **11,46,000** |
| 3 | **Admin Expense** | | | | |
| a. | Staff capacity building ( staff training for the old age home staff) | 1 | 20,000 | 2 | 40,000 |
| | **Total Admin cost** | | | | **40,000** |
| | **Total Cost** | | | | **29,86,000** |
| 4 | Project Management Fee @ 10% of the total cost | | | | 2,98,600 |
| | Total | | | | 32,84,600 |
| | GST @ 18 % | | | | 5,91,228 |
| | **Grand Total** | | | | **38,75,828** |

File No.SJD-C2/7/2021-SJD

91849/2021/FC

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ്- തെരുവ് വെളിച്ചം പദ്ധതി - പ്രവത്തന ഫണ്ട് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യനീതി (സി) വകുപ്പ്

G.O.(Rt)No.17/2021/SJD തീയതി,തിരുവനന്തപുരം, 10/01/2021

---

പരാമർശം:- 1 സാമൂഹ്യനീതി ഡയറക്ടറുടെ 13/11/2020 ലെ ജി4-2562/2020 നമ്പർ കത്ത്.

2 17/12/2020 ലെ വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗ തീരുമാനം.

ഉത്തരവ്

തെരുവോരത്ത് ഉപേക്ഷിക്കപ്പെടുന്ന കുട്ടികളേയും, വൃദ്ധരേയും, മാനസിക രോഗികളേയും സംരക്ഷിക്കുകയെന്ന ലക്ഷ്യത്തോടെ എറണാകുളം ജില്ലയിൽ ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് തെരുവ് വെളിച്ചം. പ്രസ്തുത പദ്ധതിയുടെ 2019 ഒക്ടോബർ മുതൽ 2020 ആഗസ്റ്റ് വരെയുള്ള പ്രവർത്തനങ്ങൾക്കായി 5,93,450/- രൂപ നടപ്പ് സാമ്പത്തിക വർഷത്തെ 2235-60-200-83 (പി) എന്ന ശീർഷകത്തിൽ നിന്നും അനുവദിച്ച് ഭരണാനുമതി നൽകി ഉത്തരവ് ഉണ്ടാകണമെന്ന് പരാമർശം (1)പ്രകാരം സാമൂഹ്യനീതി ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

2) 17/12/2020 ൽ ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗം പ്രസ്തുത പ്രൊപ്പോസൽ പരിഗണിക്കുകയും ഇനം നം.3 ആയി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്

3)മേൽ സാഹചര്യത്തിൽ എറണാകുളം ജില്ലയിൽ നടപ്പിലാക്കി വരുന്ന തെരുവ് വെളിച്ചം പദ്ധതിയുടെ നടത്തിപ്പിനായി 2019 ഒക്ടോബർ മുതൽ 2020 ആഗസ്റ്റ് വരെ ചെലവഴിച്ച 5,93,450/- രൂപ (അഞ്ചു ലക്ഷത്തി തൊണ്ണൂറ്റി മൂവായിരത്തി നാനൂറ്റി അൻപത് രൂപ മാത്രം) നടപ്പ് സാമ്പത്തിക വർഷത്തെ 2235-60-200-83 (പി) എന്ന ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

BIJU PRABHAKAR

SECRETARY

പകർപ്പ്

ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, തിരുവനന്തപുരം.

ജനറൽ സെക്രട്ടറി, തെരുവോര പ്രവർത്തക അസ്സോസിയേഷൻ, എറണാകുളം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ജി&എസ്.എസ്.എ/എ&ഇ) കേരള, തിരുവനന്തപുരം

ധനകാര്യ വകുപ്പ്

OFFICE OF THE DIRECTOR ... JUSTICE TRIVANDRUM 2021

ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്

സാമൂഹ്യനീതി (എ) വകുപ്പ്

വിവര പൊതുജന സമ്പർക്ക(വെബ് & ന്യൂ മീഡിയ വിഭാഗം) വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

 91799/2021/FC

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ്- ദുർബല ജനവിഭാഗങ്ങൾക്ക് സുരക്ഷിതത്വം നൽകുന്ന പദ്ധതി- 2020-21 സാമ്പത്തിക വർഷം തുക ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

സാമൂഹ്യനീതി (സി) വകുപ്പ്

സ.ഉ.(സാധാ) നം.13/2021/സാ.നീ.വ തീയതി,തിരുവനന്തപുരം, 10/01/2021

പരാമർശം:- 1 സ.ഉ. (എം.എസ്) നം. 69/2004/സാക്ഷേവ തീയതി 14.10.2004

2 സ.ഉ . (എം.എസ്) നം. 03/2007/സാക്ഷേവ തീയതി 11.01.2007

3 സ.ഉ. (സാധാ) നം. 522/2015/സാനീവ തീയതി 18.06.2015

4 സാമൂഹ്യനീതി ഡയറക്ടറുടെ 16.12.2020 ലെ SJD/185/2020-G1 നമ്പർ കത്ത്

5 17.12.2020 ലെ വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ മിനിറ്റ്സ്

ഉത്തരവ്

അനാരോഗ്യം ബാധിച്ച് നിരാശ്രയരായി തെരുവുകളിൽ അലഞ്ഞു തിരിയുന്നവർക്കും രോഗം ഭേദമായതിനുശേഷവും ആരും സ്വീകരിക്കുവാനില്ലാതെ ആശുപത്രികളിൽ തന്നെ കഴിയുവാൻ നിർബന്ധിതരായിട്ടുള്ള പ്രായപൂർത്തിയായ സ്ത്രീ-പുരുഷൻമാർക്ക് സംരക്ഷണം ഉറപ്പ് വരുത്തുന്നതിനായി ഒരു പദ്ധതിക്ക് പരാമർശം (1) പ്രകാരം ഭരണാനുമതി നൽകിയിരുന്നു. ദുർബല ജന വിഭാഗങ്ങൾക്ക് സുരക്ഷിതത്വം നൽകുന്ന പദ്ധതിയുമായി ബന്ധപ്പെട്ട് മേൽ പറഞ്ഞ വിഭാഗത്തിൽപ്പെട്ട നിരാലംബരെ ഏറ്റെടുത്ത് അവർക്ക് എല്ലാവിധ സംരക്ഷണവും നൽകുവാൻ തയ്യാറായിട്ടുള്ള സന്നദ്ധ സംഘടനകളെ തെരഞ്ഞെടുത്ത് ചുമതല ഏൽപ്പിക്കുകയും ഇപ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന സ്ഥാപനങ്ങൾക്ക് ഗ്രാന്റ് നൽകുകയുമാണ് ഈ പദ്ധതി പ്രകാരം ചെയ്തു വരുന്നത്. ആശുപത്രി അധികൃതർ, പോലീസ് അധികാരികൾ. ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ എന്നിവർ മുഖാന്തിരം തെരുവുകളിൽ നിന്നും കണ്ടെത്തി സ്ഥാപനങ്ങളിൽ പുനരധിവസിപ്പിക്കപ്പെടുന്നവർക്ക് മാത്രമാണ് പ്രസ്തുത ഗ്രാന്റിന് അർഹത ഉള്ളത്. പ്രസ്തുത പദ്ധതി എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കുന്നതിന് പരാമർശം (2) പ്രകാരം അനുമതി നൽകിയിട്ടുണ്ട്. പരാമർശം (3) പ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന സ്ഥാപനങ്ങളിലെ താമസക്കാർക്ക് പ്രതിമാസം 1500/- രൂപ നിരക്കിലാണ് ഗ്രാന്റ് അനുവദിക്കുന്നത് . നിലവിൽ തിരുവനന്തപുരം , എറണാകുളം ജില്ലകളിൽ മാത്രമാണ് ഈ. പദ്ധതി നടപ്പിലാക്കുന്നത് എന്നും മേൽപറഞ്ഞ ജില്ലകളിലുള്ള 6 സ്ഥാപനങ്ങൾക്കാണ് നിലവിൽ ധനസഹായം അനുവദിക്കുന്നതിനു സർക്കാർ അംഗീകാരം ലഭ്യമായിട്ടുള്ളത് എന്നും

ധനസഹായത്തിനുവേണ്ടി ലഭ്യമാകുന്ന അപേക്ഷകളിൽ ജില്ലാ സാമൂഹ്യനീതി ഓഫീസർമാരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഒരു സാമ്പത്തിക വർഷത്തിൽ രണ്ട് തവണയായാണ് ഗ്രാന്റ് അനുവദിക്കുന്നത് എന്നും പരാമർശം (4) പ്രകാരം സാമൂഹ്യനീതി ഡയറക്ടർ അറിയിക്കുന്നു. ആയതിനാൽ ദുർബല ജനവിഭാഗങ്ങൾക്ക് സുരക്ഷിതത്വം നൽകുന്ന പദ്ധതി 01/04/2020 മുതൽ 31/03/2021 വരെ തുടർന്നു നടത്തുന്നതിനായി നടപ്പ സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പാർശ്വവൽക്കരിക്കപ്പെടുന്നവർക്കായി സാമൂഹ്യസുരക്ഷിതത്വ സംരംഭങ്ങൾ എന്ന പദ്ധതിക്കായി 2235-60-200-83 (പി) എന്ന ശീർഷകത്തിൽ വകയിരുത്തിയ 13 കോടി രൂപയിൽ നിന്നും 67,50,000/- രൂപ അനുവദിയ്ക്കണമെന്ന് സാമൂഹ്യനീതി ഡയറക്ടർ ആവശ്യപ്പെട്ടിരിയ്ക്കുന്നു.

2) 17.12.2020 ൽ കൂടിയ വകുപ്പ് തല വർക്കിംഗ് ഗ്രൂപ്പ് ഇനം 9 എ -ആയി ഇക്കാര്യം അംഗീകരിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ, ദുർബല ജനവിഭാഗങ്ങൾക്ക് സുരക്ഷിതത്വം നൽകുന്ന പദ്ധതി 01/04/2020 മുതൽ 31/03/2021 വരെ തുടർന്നു നടത്തുന്നതിനായി നടപ്പ സാമ്പത്തിക വർഷത്തെ 2235-60-200-83 (പി) ശീർഷകത്തിൽ നിന്നും 67,50,000/- രൂപ ( അറുപത്തേഴ് ലക്ഷത്തി അമ്പതിനായിരം രൂപ മാത്രം ) അനുവദിയ്ക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജു പ്രഭാകർ
സെക്രട്ടറി

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ( ജി & എസ്.എസ്.എ / എ & ഇ), കേരളം, തിരുവനന്തപുരം
സാമൂഹ്യനീതി (എ) വകുപ്പ്
ആസൂത്രണസാമ്പത്തികകാര്യ വകുപ്പ്
വിവരപൊതുജനസമ്പർക്ക ( ന്യൂ മീഡിയാ വിഭാഗം ) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

E-90205

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

സാമൂഹ്യനീതി വകുപ്പ്- മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും ക്ഷേമവും പരിരക്ഷയും സംബന്ധിച്ച സംസ്ഥാന ചട്ടങ്ങൾ പ്രകാരം രൂപീകൃതമായ മെയിന്റനൻസ് ട്രിബ്യൂണലുകളിലെ കൺസിലിയേഷൻ ഓഫീസർമാർക്ക് ഓണറേറിയം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

സാമൂഹ്യനീതി (സി) വകുപ്പ്

G.O.(Rt)No.715/2020/SJD തീയതി,തിരുവനന്തപുരം, 17/12/2020

പരാമർശം:- 1 സ.ഉ.(പി) 38/2009/സാ.ക്ഷേ.വ, തീയതി 28.08.2009

2 സാമൂഹ്യനീതി ഡയറക്ടറുടെ 6/10/2020 ലെ ജി4/3166/2020 നമ്പർ കത്ത്.

3 20/10/2020 ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗം

**ഉത്തരവ്**

മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും ക്ഷേമവും പരിരക്ഷയും സംബന്ധിച്ച സംസ്ഥാന ചട്ടങ്ങൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് പരാമർശം (1) പ്രകാരം പ്രസ്തുത ചട്ടങ്ങൾ പ്രാബല്യത്തിൽ വരുത്തി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ചട്ടങ്ങളുടെ ഭാഗമായി മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും ക്ഷേമവും പരിരക്ഷയും ഉറപ്പ് വരുത്തുന്നതിനായി മെയിന്റനൻസ് ട്രിബ്യൂണലുകൾ രൂപീകൃതമാകുകയും ട്രിബ്യൂണലുകൾ മുമ്പാകെ ഫയൽ ചെയ്യുന്ന പരാതികളിൽ വാദം കേൾക്കുന്നതിനു മുന്നോടിയായി ട്രിബ്യൂണലുകളിൽ നിയോഗിച്ചിട്ടുള്ള കൺസിലിയേഷൻ ഓഫീസർമാർ (അനുരഞ്ജന ഉദ്യോഗസ്ഥൻമാർ) പ്രസ്തുത പരാതികളിൽ ഹിയറിംഗ് നടത്തി ലഭ്യമാകുന്ന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലാണ് ട്രിബ്യൂണലുകൾ കേസുകൾ ഒത്തുതീർപ്പാക്കുന്നത്.

(2) സംസ്ഥാനത്തെ 24 ട്രൈബ്യൂണൽ കാര്യാലയങ്ങളിൽ നിന്നായി 2020 ജൂലൈ മാസം വരെയുള്ള 689 കേസുകൾ കൺസിലിയേഷൻ ഓഫീസർമാർ മുഖാന്തിരം ഒത്തു തീർപ്പാക്കിയിട്ടുണ്ടെന്നും ഒരു അപേക്ഷ തീർപ്പാക്കുന്നതിന് 1000/- രൂപ വീതം 689 അപേക്ഷകൾ തീർപ്പ് കല്പിച്ചതിനു 6,89,000/- രൂപ കൺസിലിയേഷൻ ഓഫീസർമാർക്ക് ഓണറേറിയമായി അനുവദിക്കേണ്ടതുണ്ടെന്നും ടി തുക 2020-21 Plan Write up...ൽ 2235-02-104-82-(പി) സായംപ്രഭാ (വയോജനങ്ങളുടെ ക്ഷേമ പദ്ധതി) ശീർഷകത്തിൽ വിനിയോഗിക്കുന്നതിന് അനുമതി നൽകണമെന്നും പരാമർശം (2) പ്രകാരം സാമൂഹ്യനീതി ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

3) സാമൂഹ്യനീതി ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ പരാമർശം (3) പ്രകാരം വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗം ഇനം 16 ആയി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

AS (1) / ketu
Pl. submit with file WG 2/12
21/12

4)സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും ക്ഷേമവും പരിരക്ഷയും സംബന്ധിച്ച സംസ്ഥാന ചട്ടങ്ങൾ പ്രകാരം രൂപീകൃതമായ മെയിന്റനൻസ് ട്രിബ്യൂണലുകളുടെ മുമ്പാകെ വരുന്ന കേസുകളിൽ കൺസിലിയേഷൻ നടത്തി നിശ്ചിത സമയപരിധിക്കുള്ളിൽ ട്രിബ്യൂണൽ മുമ്പാകെ റിപ്പോർട്ട് സമർപ്പിക്കുന്നതിന് കൺസിലിയേഷൻ ഓഫീസർമാർക്ക് ഓണറേറിയം അനുവദിക്കുന്നതിനായി നടപ്പ് സാമ്പത്തിക വർഷത്തെ 2235-02-104-82-(പി) എന്ന ശീർഷകത്തിൽ നിന്നും 6,89,000/- രൂപ (ആറുലക്ഷത്തി എൺപത്തൊൻപതിനായിരം രൂപ മാത്രം) ചെലവഴിക്കുന്നതിനുള്ള ഭരണാനുമതി നൽകി ഉത്തരവു പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
BIJU PRABHAKAR
SECRETARY

പകർപ്പ്

ഡയറക്ടർ ,സാമൂഹ്യനീതി വകുപ്പ് ,തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ)കേരളം, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (.എ & ഇ)കേരളം, തിരുവനന്തപുരം

ധനകാര്യ വകുപ്പ്

സാമൂഹ്യനീതി (എ) വകുപ്പ്

ആസൂത്രണസാമ്പത്തിക കാര്യ വകുപ്പ്

ഐ.&പി.ആർ (വെബ് & ന്യൂ മീഡിയ)വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധികരിക്കുന്നതിന്)

കരുതൽ ശേഖരം, ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

സാമൂഹ്യനീതി വകുപ്പ്- നാഷണൽ ആക്ഷൻ പ്ലാൻ ഫോർ ഡ്രഗ് ഡിമാന്റ് റിഡക്ഷൻ - 2018-19 വർഷത്തെ ആക്ഷൻ പ്ലാൻ നടപ്പാക്കുന്നതിന് തുക ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യനീതി (സി) വകുപ്പ്

സ.ഉ.(സാധാ) നം.401/2020/സാ.നീ.വ തീയതി,തിരുവനന്തപുരം, 18/08/2020

---

പരാമർശം:- 1 സ.ഉ. (സാധാ) നം. 728/2019/സാനീവ തീയതി 14.11.2019

2 സ.ഉ. (സാധാ)നം .80/2020/സാനീവ തീയതി 14.02.2020

3 സാമൂഹ്യനീതി ഡയറക്ടറുടെ 11.06.2020 ലെ SJD/181/2020-G3 നമ്പർ കത്ത്

4 സ.ഉ. (സാധാ) നം. 4102/2020/ധന തീയതി 12.07.2020

<u>ഉത്തരവ്</u>

നാഷണൽ ആക്ഷൻ പ്ലാൻ ഫോർ ഡ്രഗ് ഡിമാന്റ് റിഡക്ഷന്റെ ഭാഗമായി 2018-19 വർഷത്തെ സംസ്ഥാന ആക്ഷൻ പ്ലാൻ നടപ്പിലാക്കുന്നതിനായി പരാമർശം (1) പ്രകാരം 67.50 ലക്ഷം രൂപ 2235-02-200-63 (പി) ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിന് അനുമതി നൽകിയിരുന്നു. എന്നാൽ കഴിഞ്ഞ സാമ്പത്തിക വർഷം ട്രഷറി നിയന്ത്രണങ്ങൾ കാരണം ടി. തുക ചെലവഴിക്കാൻ സാധിച്ചിട്ടില്ല എന്നും 2020-21 സാമ്പത്തിക വർഷം ബഡ്ജറ്റിൽ പ്രസ്തുത ശീർഷകവും തുകയും ഉൾപ്പെടുത്തിയിട്ടില്ല എന്നതിനാൽ 2235-02-200-63 (പി) ശീർഷകം പുനഃസ്ഥാപിച്ച് അതിൽ കേന്ദ്രസർക്കാർ അനുവദിച്ച ആദ്യഗഡുവായ 67.5 ലക്ഷം രൂപ വകയിരുത്തണമെന്ന് പരാമർശം (3) പ്രകാരം സാമൂഹ്യനീതി ഡയറക്ടർ ആവശ്യപ്പെട്ടിരിക്കുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (4) പ്രകാരം 2235-60-200-63 എന്ന പുതിയ ശീർഷകത്തിൽ 67.50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ട്രഷറി ക്യൂവിലുള്ള ബില്ലുകൾ മാറി നൽകുന്നതിനാണ് തുക വകയിരുത്തിയിട്ടുള്ളത്. ഇതിന്റെ അടിസ്ഥാനത്തിൽ, 2018-19 വർഷത്തെ സംസ്ഥാന ആക്ഷൻ പ്ലാൻ നടപ്പിലാക്കുന്നതിനായി പരാമർശം (1) പ്രകാരം അനുമതി നൽകിയ 67.50 ലക്ഷം രൂപ, നടപ്പ് സാമ്പത്തിക വർഷത്തെ 2235-60-200-63 ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജു പ്രഭാകർ
സെക്രട്ടറി

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ ( ജി & എസ്.എസ്.എ/ എ & ഇ), കേരളം , തിരുവനന്തപുരം

ധനകാര്യ വകുപ്പ് (04.08.2020 ലെ WW2-171/2020-FIN (E-1526394 പ്രകാരം)

വിവരപൊതുജനസമ്പർക്ക (ന്യൂ മീഡിയാ വിഭാഗം ) വകുപ്പ് ( വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

0

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

സാമൂഹ്യനീതി വകുപ്പ്- കൊല്ലം വൃദ്ധസദനത്തിൽ സെക്കന്റ് ഇന്നിംഗ്സ് ഹോം പദ്ധതി നടപ്പാക്കുന്നതിന് തുക ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

സാമൂഹ്യനീതി (സി) വകുപ്പ്

സ.ഉ.(സാധാ) നം.366/2020/സാ.നീ.വ തീയതി,തിരുവനന്തപുരം, 07/08/2020

പരാമർശം:- 1 സ.ഉ.(സാധാ) നം 120 / 2020/ സാനീവ തീയതി 2.3.2020

2 സാമൂഹ്യനീതി ഡയറക്ടറുടെ 30.03.2020 ലെ SJD/1021/2020-G2 നമ്പർ കത്ത്

3 സാമൂഹ്യനീതി ഡയറക്ടറുടെ 17.06.2020 ലെ SJD/1021/2020-G2 നമ്പർ കത്ത്

## ഉത്തരവ്

കൊല്ലം വൃദ്ധസദനത്തെ ആധുനിക സൗകര്യങ്ങളോടെ ദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനായി HLFPPT യുടെ സഹായത്തോടെ സെക്കന്റ് ഇന്നിംഗ്സ് ഹോം പദ്ധതി ആദ്യം വർഷം 54,67,966/- രൂപ ( ജി.എസ്.ടി ഒഴികെ ) ചെലവഴിച്ച് നടപ്പാക്കുന്നതിനും പദ്ധതി ചെലവിന്റെ 30% തുക 2019-20 സാമ്പത്തിക വർഷത്തെ 2235-02-104-82(പി) ശീർഷകത്തിൽ നിന്നും ബാക്കി തുക അടുത്ത വർഷത്തെ ടി. ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിനും പരാമർശം (1) പ്രകാരം ഭരണാനുമതി നൽകിയിരുന്നു. എന്നാൽ, കഴിഞ്ഞ സാമ്പത്തിക വർഷം പദ്ധതി ആരംഭിക്കാൻ കഴിയാഞ്ഞതിനാൽ ടി.തുക 2020-21 വർഷം വിനിയോഗിക്കുന്നതിന് e-LAMSൽ പോസ്റ്റ് ചെയ്യണമെന്ന് പരാമർശം (2) പ്രകാരം സാമൂഹ്യനീതി ഡയറക്ടർ ആവശ്യപ്പെട്ടിരുന്നു. 2020-2021 സാമ്പത്തിക വർഷം മതിയായ ബജറ്റ് വിഹിതം ലഭ്യമായിട്ടുള്ളതിനാൽ ടി.നിർദ്ദേശം അംഗീകരിച്ചിട്ടില്ല. വൃദ്ധസദനങ്ങളെ ദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമായതിനാൽ കൊല്ലം വൃദ്ധസദനം സെക്കന്റ് ഇന്നിംഗ്സ് ഹോം ആക്കി ഉയർത്തുന്നതിന് ഭരണാനുമതി ലഭ്യമാക്കണമെന്നും മൂന്ന് വർഷങ്ങളിലായി പദ്ധതി നടപ്പാക്കാവുന്നതും ആദ്യവർഷത്തെ പദ്ധതി പ്രവർത്തനത്തിനായി 54,67,966/- രൂപ ( ജി.എസ്.ടി ഒഴികെ ) നടപ്പ് സാമ്പത്തിക വർഷത്തെ 2235-12-104-82-(പി) ശീർഷകത്തിൽ നിന്നും ചെലവഴിക്കാവുന്നതാണ് എന്നും പരാമർശം (3) പ്രകാരം സാമൂഹ്യനീതി ഡയറക്ടർ അറിയിക്കുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊല്ലം വൃദ്ധസദനത്തെ സെക്കന്റ് ഇന്നിംഗ്സ് ഹോം ആയി ഉയർത്തുന്നതിനായി 54,67,966/- രൂപ (**അൻപതിനാല് ലക്ഷത്തി അറുപത്തി ഏഴായിരത്തി തൊള്ളായിരത്തി അറുപത്തിയാറ് രൂപ മാത്രം**) ( ജി.എസ്.ടി ഒഴികെ ) നടപ്പ് സാമ്പത്തിക വർഷത്തെ 2235-12-104-82-(പി) ശീർഷകത്തിൽ നിന്നും

ചെലവഴിയ്ക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജു പ്രഭാകർ
സെക്രട്ടറി

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ( ജി & എസ്.എസ്.എ/ എ & ഇ )
കേരളം,തിരുവനന്തപുരം

ധനകാര്യ വകുപ്പ്

വിവരപൊതുജനസമ്പർക്ക (ന്യൂ മീഡിയാ വിഭാഗം ) വകുപ്പ്, വെബ്സൈറ്റിൽ പ്രസിദ്ധീകരിയ്ക്കുന്നതിനായി

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ്- മലപ്പുറം ജില്ലയിലെ തവനൂർ സർക്കാർ വൃദ്ധസദനം സെക്കന്റ് ഇന്നിംഗ്സ് ഹോം ആക്കി മാറ്റുന്നത്- അറ്റകുറ്റപ്പണികൾക്ക് തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

സാമൂഹ്യനീതി (സി) വകുപ്പ്

സ.ഉ.(സാധാ) നം.412/2020/സാ.നീ.വ തീയതി,തിരുവനന്തപുരം, 18/08/2020

പരാമർശം:- 1 സ.ഉ.(സാധാ) നം. 119/2020/സാനീവ തീയതി 02.03.2020

2 സാമൂഹ്യനീതി ഡയറക്ടറുടെ 18.03.2020 ലെ SJD-1020/2020-G2 നമ്പർ കത്ത്

3 24.06.2020 ന് കൂടിയ വകുപ്പ്തല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ മിനിറ്റ്സ്

ഉത്തരവ്

മലപ്പുറം ജില്ലയിലെ തവനൂർ വൃദ്ധസദനത്തെ സെക്കന്റ് ഇന്നിംഗ്സ് ഹോം ആക്കി മാറ്റുന്നതിനായി HLFPPT സമർപ്പിച്ച പ്രൊപ്പോസൽ അംഗീകരിച്ച് 54,67,966/- രൂപ 2235-02-104-82 പി ശീർഷകത്തിൽ നിന്നും ചെലവഴിച്ച് ടി. പ്രവർത്തി ചെയ്യുന്നതിന് പരാമർശം (1) പ്രകാരം ഭരണാനുമതി നൽകിയിരുന്നു. എന്നാൽ ഇതിന്റെ ഭാഗമായി ഇവിടെ ചെയ്യേണ്ടിയിരുന്ന ചില അറ്റകുറ്റപ്പണികൾ ചെയ്യുന്ന കാര്യം പ്രസ്തുത പ്രൊപ്പോസലിൽ ഉൾപ്പെടുത്തിയിട്ടില്ലാഞ്ഞതിനാൽ ടി. പ്രവർത്തികൾക്ക് ഭരണാനുമതി ലഭിച്ചിട്ടില്ല എന്നും ടി. പ്രവർത്തികൾ ചെയ്യുന്നതിനായി പി.ഡബ്ല്യു ഡിയിൽ നിന്നും എസ്റ്റിമേറ്റ് ലഭ്യമായിട്ടുണ്ടെങ്കിലും HLFPPT യുമായി ഉണ്ടാക്കിയിട്ടുള്ള MOU പ്രകാരം സമയബന്ധിതമായി പദ്ധതി പൂർത്തീകരിക്കേണ്ടതുള്ളതിനാൽ ടി.അറ്റകുറ്റപ്പണികൾ കൂടി HLFPPT ചെയ്യുന്നതിന് 18.12.19 ലെ യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട് എന്നും ആയതിനാൽ ടി. അറ്റകുറ്റപ്പണികൾ HLFPPT മുഖേന ചെയ്യുന്നതിനും ഇതിനായി 6,44,903/- രൂപ ( ആറ് ലക്ഷത്തി നാൽപ്പത്തിനാലായിരത്തി തൊള്ളായിരത്തി മൂന്ന് രൂപ മാത്രം) 2235-02-104-82 പി ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിനും അനുമതി നൽകണമെന്ന് പരാമർശം (2) പ്രകാരം സാമൂഹ്യനീതി ഡയറക്ടർ ആവശ്യപ്പെട്ടിരുന്നു. 24.06.2020 ന് കൂടിയ വകുപ്പ് തല വർക്കിംഗ് ഗ്രൂപ്പ് യോഗം ഇനം 5 ആയി ഇക്കാര്യം അംഗീകരിച്ചിട്ടുണ്ട്.

2) ഇതിന്റെ അടിസ്ഥാനത്തിൽ, മലപ്പുറം ജില്ലയിലെ തവനൂർ വൃദ്ധസദനത്തെ സെക്കന്റ് ഇന്നിംഗ്സ് ഹോം ആക്കി മാറ്റുന്നതിനായി അറ്റകുറ്റപ്പണികൾ HLFPPT മുഖേന ചെയ്യുന്നതിനും ഇതിനായി 6,44,903/- രൂപ ( ആറ് ലക്ഷത്തി നാൽപ്പത്തിനാലായിരത്തി തൊള്ളായിരത്തി മൂന്ന് രൂപ മാത്രം) 2235-02-104-82 പി ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

File No.SJD-C1/172/2020-SJD

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജു പ്രഭാകർ
സെക്രട്ടറി

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ( ജി & എസ്.എസ്.എ/ എ & ഇ) കേരളം, തിരുവനന്തപുരം

സാമൂഹ്യനീതി (എ) വകുപ്പ്

ആസൂത്രണസാമ്പത്തിക കാര്യ വകുപ്പ്

ധനകാര്യ (പ്ലാനിംഗ്-ബി) വകുപ്പ്

വിവരപൊതുജനസമ്പർക്ക (ന്യൂ മീഡിയാ വിഭാഗം ) വകുപ്പ് ( വെബ് സൈറ്റിൽ പ്രസിദ്ധീകരിയ്ക്കുന്നതിനായി)

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ്- മലപ്പുറം ജില്ലയിലെ തവനൂർ വൃദ്ധസദനം സെക്കന്റ് ഇന്നിംഗ്സ് ഹോം ആക്കി മാറ്റുന്നത്- തുക ചെലവഴിയ്ക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു

സാമൂഹ്യനീതി (സി) വകുപ്പ്

സ.ഉ.(സാധാ) നം.360/2020/സാ.നീ.വ തീയതി,തിരുവനന്തപുരം, 02/08/2020

പരാമർശം:- 1 സ.ഉ.(സാധാ) നം. 119/2020/സാനീവ തീയതി 02.03.2020

2 സാമൂഹ്യനീതി ഡയറക്ടറുടെ 30.03.2020 ലെ SJD/1020/2020-G2 നമ്പർ കത്ത്

3 23.05.2020 ലെ സാനീവ -സി1/62/2020-സാനീവ നമ്പർ സർക്കാർ കത്ത്

4 സാമൂഹ്യനീതി ഡയറക്ടറുടെ 25.06.2020 ലെ SJD/1020/2020-G2 നമ്പർ കത്ത്

ഉത്തരവ്

ആദ്യ വർഷം 54,67,966/- രൂപ ( അമ്പത്തിനാല് ലക്ഷത്തി അറുപത്തേഴായിരത്തി തൊള്ളായിരത്തി അറുപത്താറ് രൂപ മാത്രം) (ജി.എസ്.ടി ഒഴികെ) ചെലവഴിച്ച് മലപ്പുറം ജില്ലയിലെ തവനൂർ വൃദ്ധസദനം സെക്കന്റ് ഇന്നിംഗ്സ് ഹോം ആക്കി മാറ്റുന്നതിന് HLFPPT നൽകിയ പ്രോജക്റ്റിന് അനുമതി നൽകിക്കൊണ്ടും ഇതിനായി 30% തുക 2019-20 സാമ്പത്തിക വർഷത്തെ 2235-02-104-82 (പി) ശീർഷകത്തിൽ നിന്നും ചെലവഴിയ്ക്കുന്നതിനും ബാക്കി തുക അടുത്ത സാമ്പത്തിക വർഷത്തെ ടി. ശീർഷകത്തിൽ നിന്നും ചെലവഴിയ്ക്കുന്നതിനും പരാമർശം (1) പ്രകാരം ഭരണാനുമതി നൽകിയിരുന്നു. കഴിഞ്ഞ സാമ്പത്തിക വർഷം പദ്ധതി ആരംഭിയ്ക്കാൻ കഴിയാഞ്ഞതിനാൽ ടി.തുക 2020-21 വർഷം വിനിയോഗിയ്ക്കുന്നതിന് e-LAMSൽ പോസ്റ്റ് ചെയ്യണമെന്ന് സാമൂഹ്യനീതി ഡയറക്ടർ പരാമർശം (2) പ്രകാരം ആവശ്യപ്പെട്ടിരുന്നു. 2020-2021 സാമ്പത്തിക വർഷം മതിയായ ബജറ്റ് വിഹിതം ലഭ്യമായിട്ടുള്ളതിനാൽ ടി. ശിപാർശ അംഗീകരിച്ചിട്ടില്ല.

2) വൃദ്ധസദനങ്ങളിലെ താമസക്കാരുടെ ജീവിതനിലവാരം ഉയർത്തുന്ന പദ്ധതിയുടെ പ്രാധാന്യവും അനിവാര്യതയും പരിഗണിച്ച് തവനൂർ വൃദ്ധസദനത്തിൽ സെക്കന്റ് ഇന്നിംഗ്സ് ഹോം പദ്ധതി ഈ സാമ്പത്തിക വർഷം HLFPPT മുഖേന നടപ്പാക്കുന്നതിനും ഇതിലേയ്ക്കായി 54,67,966/- രൂപ നടപ്പ് സാമ്പത്തിക വർഷത്തെ 2235-02-104-82 (പി) ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിനും അനുമതി നൽകണമെന്ന് പരാമർശം (4) പ്രകാരം സാമൂഹ്യനീതി ഡയറക്ടർ ആവശ്യപ്പെട്ടിരിയ്ക്കുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മലപ്പുറം ജില്ലയിലെ തവനൂർ വൃദ്ധസദനത്തെ സെക്കന്റ് ഇന്നിംഗ്സ് ഹോം ആയി ഉയർത്തുന്നതിനായി

ആദ്യവർ ഷം 54,67,966/- രൂപ (അമ്പത്തിനാല് ലക്ഷത്തി അറുപത്തേഴായിരത്തി തൊള്ളായിരത്തി അറുപത്തിയാറ് രൂപ മാത്രം) നടപ്പ് സാമ്പത്തിക വർഷത്തെ 2235-02-104-82 (പി) ശീർഷകത്തിൽ നിന്നും ചെലവഴിയ്ക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജു പ്രഭാകർ
സെക്രട്ടറി

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ( ജി & എസ്.എസ്.എ/ എ& ഇ), കേരളം, തിരുവനന്തപുരം
ധനകാര്യ ( വെൽഫെയർ വിങ് ) വകുപ്പ്
വിവരപൊതുജനസമ്പർക്ക (ന്യൂ മീഡിയാ വിഭാഗം) വകുപ്പ് ( വെബ് സൈറ്റിൽ പ്രസിദ്ധീകരിയ്ക്കുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - നാഷണൽ ആക്ഷൻ പ്ലാൻ ഫോർ ഡ്രഗ് ഡിമാന്റ് റിഡക്ഷൻ- സ്റ്റേറ്റ് ലെവൽ സെല്ലിലേയ്ക്ക് കരാർ ജീവനക്കാരെ നിയമിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യനീതി (സി) വകുപ്പ്

സ.ഉ.(സാധാ) നം.417/2020/സാ.നീ.വ തീയതി,തിരുവനന്തപുരം, 19/08/2020

---

പരാമർശം:- 1 കേന്ദ്രസാമൂഹ്യനീതിയും ശാക്തീകരണവും മന്ത്രാലയ സെക്രട്ടറിയുടെ ,30.10.2019 ലെ 7-4/2018-DP II (Part) നമ്പർ അർദ്ധ ഔദ്യോഗിക കത്ത്

2 സ.ഉ. (സാധാ) നം 157/2020/സാനീവ തീയതി 16.03.2020

3 സാമൂഹ്യനീതി ഡയറക്ടറുടെ 01.07.2020 ലെ SJD/1011/2020-G5 നമ്പർ കത്ത്

ഉത്തരവ്

കേന്ദ്രസർക്കാർ പദ്ധതിയായ നാഷണൽ ആക്ഷൻ പ്ലാൻ ഫോർ ഡ്രഗ് ഡിമാന്റ് റിഡക്ഷൻ (NAPDDR ) (100% CSS) നടപ്പാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പരാമർശം (1) പ്രകാരം ലഭ്യമായിട്ടുണ്ട്. അതിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പദ്ധതിയുടെ നടത്തിപ്പിനായി സ്റ്റേറ്റ് പ്രോജക്ട് മാനേജ്മെന്റ് കമ്മിറ്റി, സ്റ്റേറ്റ് ലെവൽ സെൽ, ഡിസ്ട്രിക്ട് ലെവൽ സെൽ എന്നിവ പരാമർശം (2) പ്രകാരം രൂപീകരിച്ചിട്ടുണ്ട്. സ്റ്റേറ്റ് ലെവൽ സെല്ലിലേയ്ക്ക് പ്രോജക്ട് കോഓഡിനേറ്റർ (1എണ്ണം) പ്രോജക്ട് അസിസ്റ്റന്റ് ( 2 എണ്ണം) എന്നീ തസ്തികയിൽ വ്യക്തമായ നടപടി ക്രമങ്ങളോടെ കരാർ നിയമനം നടത്തേണ്ടതുണ്ട് എന്നും സ്റ്റേറ്റ് ലെവൽ സെല്ലിന് സംസ്ഥാന ആക്ഷൻ പ്ലാൻ തയ്യാറാക്കുക, കേന്ദ്രസർക്കാരിന് സമയബന്ധിതമായി പുരോഗതി റിപ്പോർട്ട് , ധനവിനിയോഗ റിപ്പോർട്ട് എന്നിവ നൽകുക, സംസ്ഥാനത്ത് പദ്ധതിയുമായി ബന്ധപ്പെട്ട ജോലികൾ ഏകോപിപ്പിക്കുക, തുടങ്ങിയ ഉത്തരവാദിത്തങ്ങൾ നിർവഹിക്കേണ്ടതുള്ളതിനാൽ മേൽപ്പറഞ്ഞവരുടെ സേവനം അത്യന്താപേക്ഷിതമാണ് എന്നും ആയതിനാൽ ടി. കരാർ നിയമനങ്ങൾ സേവന വേതന വ്യവസ്ഥകൾ പ്രകാരം അനുവദിച്ച് ഉത്തരവാകണമെന്നും പരാമർശം (3) പ്രകാരം സാമൂഹ്യനീതി ഡയറക്ടർ ആവശ്യപ്പെട്ടിരിക്കുന്നു.ജീവനക്കാരുടെ വേതന ഇനത്തിലുള്ള തുക കേന്ദ്രസർക്കാർ പദ്ധതി ഫണ്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ സംസ്ഥാനത്തിന് സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുന്നില്ല എന്നും ഡയറക്ടർ അറിയിക്കുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നാഷണൽ ആക്ഷൻ പ്ലാൻ ഫോർ ഡ്രഗ് ഡിമാന്റ് റിഡക്ഷന്റെ ഭാഗമായി പരാമർശം (2) പ്രകാരം രൂപീകരിച്ച സ്റ്റേറ്റ് ലെവൽ സെല്ലിലേയ്ക്ക് പ്രോജക്ട് കോഓഡിനേറ്റർ, പ്രോജക്ട് അസിസ്റ്റന്റ് എന്നിവരെ

താഴെപ്പറയുന്ന സേവന വേതന വ്യവസ്ഥകൾ പ്രകാരം കരാർ വ്യവസ്ഥയിൽ നിയമിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം | തസ്തിക | വിദ്യാഭ്യാസ യോഗ്യത | പ്രവർത്തിപരിചയം | ഓണറേറിയം | തസ്തികകളുടെ എണ്ണം | പ്രായ പരിധി |
|---|---|---|---|---|---|---|
| 1 | പ്രോജക്ട് കോഓഡിനേറ്റർ | ബിരുദാനന്തര ബിരുദം | 5 വർഷം | 50,000/- | 1 | 21 നും 35 നും മധ്യേ |
| 2 | പ്രോജക്ട് അസിസ്റ്റന്റ് | ബിരുദാനന്തര ബിരുദം | 3 വർഷം | 30,000/- | 2 | 21 നും 35 നും മധ്യേ |

<u>നിയമനരീതി</u>

സാമൂഹ്യനീതി ഡയറക്ടർ ( ചെയർപേഴ്‌സൺ), എക്സൈസ് വകുപ്പിന്റെ പ്രതിനിധി(അംഗം), സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഈ മേഖലയിൽ ഉള്ള വിദഗ്ധൻ(അംഗം)എന്നിവരെ ഉൾപ്പെടുത്തി കമ്മിറ്റി രൂപീകരിച്ച് പത്രമാധ്യമങ്ങളിലൂടെ അപേക്ഷ ക്ഷണിച്ച് യോഗ്യരായ ഉദ്യോഗാർത്ഥികളെ എഴുത്തുപരീക്ഷ, അഭിമുഖം എന്നിവയുടെ അടിസ്ഥാനത്തിൽ ഒരു വർഷത്തേയ്ക്ക് കരാർ നിയമനം നൽകാവുന്നതും പദ്ധതിയുടെ കാലാവധിയും ഫണ്ടിന്റെ ലഭ്യതയും വിധേയമായി കരാർ നിയമനം ദീർഘിപ്പിയ്ക്കുന്നത് സംബന്ധിച്ച് തീരുമാനം കൈക്കൊള്ളാവുന്നതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജു പ്രഭാകർ
സെക്രട്ടറി

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ( ജി & എസ്.എസ്. എ / എ & ഇ) കേരളം, തിരുവനന്തപുരം

ധനകാര്യ വകുപ്പ്

വിവരപൊതുജനസമ്പർക്ക (ന്യൂ മീഡിയാ വിഭാഗം ) വകുപ്പ് ( വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

സാമൂഹ്യനീതി വകുപ്പ് - National Action Plan for Senior citizens (NAPSrC) - 2019-20 വർഷത്തെ ആക്ഷൻ പ്ലാൻ അംഗീകരിച്ചുകൊണ്ടും ബജറ്റ് വിഹിതം അനുവദിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യനീതി (സി) വകുപ്പ്

G.O.(Rt)No.380/2020/SJD തീയതി,തിരുവനന്തപുരം, 14/08/2020

---

പരാമർശം:- 1 സാമൂഹ്യനീതി ഡയറക്ടറുടെ 11/6/2020 ലെ ജി4-101799/2019 നം കത്ത്

2 24/6/2020 ലെ വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗ തീരുമാനം

<u>ഉത്തരവ്</u>

National Action Plan for Senior citizens (NAPSrC) പദ്ധതിയുടെ നടത്തിപ്പ് കാലയളവ് 2019-2025 വരെ ആയതിനാൽ കേന്ദ്ര സർക്കാരിന്റെ ആക്ഷൻ പ്ലാൻ പ്രകാരമുള്ള 10 ഘടകങ്ങളിൽ ചുവടെ ചേർക്കുന്ന 6 ഘടകങ്ങൾ ഉൾപ്പെടുത്തിയാണ് 2019-20 ലെ ആക്ഷൻ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്. ടി പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുന്നതിനു സംസ്ഥാനത്തിലെ വിവിധ വകുപ്പുകളായ തദ്ദേശ സ്വയംഭരണ വകുപ്പ്, ആരോഗ്യം, പോലീസ്, റവന്യൂ വ്യവസായ വകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, തുടങ്ങി വിവിധ വകുപ്പുകളുടെ ഏകോപനവും സഹകരണവും ആവശ്യമാണ്. പദ്ധതി പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പാക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പുകളെ ഉൾപ്പെടുത്തി ഒരു കൺസൽട്ടേറ്റീവ് മീറ്റിംഗ്/ വർക്ക്ഷോപ്പ് സംഘടിപ്പിയ്ക്കാവുന്നതും ആക്ഷൻ പ്ലാൻ പ്രകാരം വിശദമായ ബഡ്ജറ്റ് തയ്യാറാക്കി ബന്ധപ്പെട്ട വകുപ്പുകൾ മുഖേന പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമെന്നും ജില്ലാ തലത്തിൽ പദ്ധതി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനു ജില്ലാതല സെല്ലും , സംസ്ഥാനതലത്തിൽ പദ്ധതി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനു സംസ്ഥാനതല സെല്ലും രൂപീകരിക്കാവുന്നതാണെന്നും പദ്ധതിക്കായുള്ള തുക ഈ സാമ്പത്തിക വർഷത്തെ 2235-02-104-79 (പി) എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിനുള്ള അനുമതി നൽകണമെന്നും പരാമർശം (1) പ്രകാരം സാമൂഹ്യനീതി ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

<u>6 ഘടകങ്ങൾ</u>

1. സാമ്പത്തിക സുരക്ഷ.
2. ആരോഗ്യ പരിരക്ഷയും പോഷകാഹാരവും
3. ക്ഷേമവും അഭയകേന്ദ്രങ്ങളുടെ സ്ഥിതിയും
4. ബോധവൽക്കരണ പരിപാടി

5. പഠനവും ഗവേഷണവും
6. പ്രോജക്ട് മേൽനോട്ടവും നടത്തിപ്പും.

(2) പ്രസ്തുത ശുപാർശ 24/6/2020 ൽ ചേർന്ന വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗം ഇനം .4 ആയി അംഗീകരിച്ചിട്ടുണ്ട്.

(3) മേൽ സാഹചര്യത്തിൽ, National Action Plan for Senior citizens (NAPSrC) പദ്ധതിയുടെ 2019-20 വർഷത്തെ ആക്ഷൻ പ്ലാൻ അംഗീകരിച്ചും നടപ്പു സാമ്പത്തിക വർഷത്തെ 2235-02-104-79 (പി) എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 1,00,00,000/- രൂപ ( ഒരു കോടി രൂപ മാത്രം) സാമൂഹ്യ നീതി ഡയറക്ടർക്ക് ചെലവഴിക്കുന്നതിനുള്ള ഭരണാനുമതി നൽകിയും ഉത്തരവാകുന്നു. ആക്ഷൻ പ്ലാൻ അനുബന്ധമായി ചേർത്തിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
BIJU PRABHAKAR
SECRETARY

പകർപ്പ്

ഡയറക്ടർ, സാമൂഹ്യ നീതി വകുപ്പ്,തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ (എ & ഇ))കേരള, തിരുവനന്തപുരം

ധനകാര്യ വകുപ്പ്

ആസൂത്രണസാമ്പത്തിക കാര്യ വകുപ്പ്
വെബ് & ന്യൂ മീഡിയ വിഭാഗം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ശേഖരം, ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

# ACTION PLAN FOR IMPLEMENTATION OF NATIONAL ACTION PLAN FOR WELFARE OF SENIOR CITIZENS 2019-20

**I. National Overview:**

The well-being of senior citizens is mandated in the **Constitution of India under Article 41:** "The state shall, within the limits of its economic capacity and development, make effective provision for securing the right to public assistance in cases of old age". The Right to Equality is guaranteed by the Constitution as a fundamental right. Social security is the concurrent responsibility of the Central and State Governments. The Government of India is a signatory to several International conventions demonstrating its commitment to address the concerns of the Senior citizens, namely the Madrid Plan of Action and the United Nations Principles for Senior Citizens adopted by the UN General Assembly in 2002, the Proclamation on Ageing and the global targets on ageing for the Year 2001 adopted by the General Assembly in 1992,the Shanghai Plan of Action 2002 and the Macau Outcome document 2007 adopted by UNESCAP.

**National policy on Senior Citizens, 1999** reaffirms the commitment to ensure the well-being of the Senior Citizens. The Policy envisaged State support to ensure financial and food security, health care, shelter and other needs of Senior Citizens, equitable share in development, protection against abuse and exploitation, and availability of services to improve the quality of their lives. In pursuance of the National Policy for Senior Citizens (NPOP), a **National Council for Senior Citizens (NCOP)** was constituted in 1999 under the Chairpersonship of the Minister for Social Justice and Empowerment to oversee implementation of the Policy. The NCOP is the highest body to advise the Government in the formulation and implementation of policy and programmes for the aged. In order to have a definite structure as well as regional representation, the National Council for Senior Citizens (NCOP) has been reconstituted and **renamed as National Council of Senior Citizens (NCSrC). The Maintenance and Welfare of Parents and Senior Citizens Act (MWPSC), 2007** was enacted in December 2007, to ensure need-based maintenance for parents and senior citizens and their welfare and is under active consideration for amendments in 2019.

**Integrated Programme for Senior Citizens was introduced by the Ministry of Social Justice and Empowerment in 1992 and revised from time to time.** The main objective of the Scheme is to improve the quality of life of the Senior Citizens by providing basic amenities like shelter, food, medical care and entertainment opportunities and by encouraging productive and active ageing through providing support for capacity building of State! UT Governments! Non-Governmental Organizations (NGOs) Panchayati Raj Institutions (PRIs) / local bodies and the community at large.

The **'Rashtriya Vayoshri Yojana' (RVY) was launched w.e.f. 01/4/2017**, for providing physical aids and assistive living devices viz. walking sticks, elbow crutches, walkers/crutches, tripods/quad-pods, hearing aids, wheelchairs, artificial dentures and spectacles etc. to the senior citizens belonging to BPL category who suffer from age related disabilities/infirmities such as low vision, hearing impairment, loss of teeth and loco-motor disabilities to restore near normalcy in their bodily functions.

**Vayoshreshtha Samman Awards** are National Awards which are conferred to eminent Senior Citizens and Institutions for rendering best services to senior citizens each year from

1999.The Ministry of Social Justice and Empowerment observes International Day of Senior Citizens on 1st October.

**Indira Gandhi National Old Age Pension Scheme (IGNOAPS) is implemented by the Ministry of Rural Development National Old Age Pension Scheme under National Social Assistance Programme since 1995.** Under this scheme Central assistance is given towards monthly pension @ of Rs.200/- to 60 years old andRs.500/- to persons above 80 years belonging to a house hold below poverty line, which is meant to be supplemented by contribution of the State Governments.

**National Programme for Health Care of the Elderly (NPHCE) -the Ministry of Health and Family Welfare launched National Programme for Health Care for Elderly in 2010.** The programme is State oriented and basic thrust of the programme is to provide dedicated health care facilities to the senior citizens (>60 year of age) at various level of primary health care.

**Pradhan Mantri Vaya Vandana Yojana** (PMVVY) **is a pension scheme for senior citizens which have been introduced by the Government of India. The scheme was launched on 21st July 2017 by the Ministry of Finance.** The scheme is a boon for senior citizens in the times of falling interest rates. The aim of the scheme is to give senior citizens regular pension. The scheme can be purchased offline and online through Life Insurance Corporation of India (LIC).

**Senior Citizen Welfare Fund was established by the Ministry of Finance in 2015-16.** Any credit balance in any of the accounts under (a) small savings and other saving schemes and other schemes of Central Government (b) Accounts of Public Provident Fund remaining unclaimed for a period of seven years from the date of its declaration as an inoperative shall be transferred by the Institutions holding them to the fund The fund shall be utilized for the welfare schemes meant for senior citizens.

## II INTRODUCTION:

As India experiences sustained periods of growth, the population will become healthier and live longer. Research indicates that 12% of India's population will be over the age of 60 by2030 and according to the UN Population Fund; this is expected to increase to 19.4% by 2050. Projection indicates there are going to be more women than men in the 60+ age group. Increased longevity has resulted in a rise of population above 80 years of age, which accounts for nearly 1.1 Crore people. With around 6 lakh people over the age of 100, India is expected to have the highest number of centenarians by *2050*. As the number of senior citizens increase - from 10.38 Crore in 2011 to an estimated 17.3 Crore in 2026 and 30 Crore in 2050- the need for programmes for their welfare increases. Increase in life expectancy, coupled with nuclear structure of families, dependency on others for their day-to-day maintenance and age-related difficulties; pose a tough challenge to the lives of elderly people. The problem gets exacerbated for the elderly women due to higher economic dependency. In rural areas, where 70% of the elderly live, migration of younger people for economic reasons and the poor quality of medical services, leads to a grim situation, especially for those above 80 years of age. With 5.1 crore of the elderly population living below the poverty line and increasing crimes against senior citizens, the vulnerability of elderly people is unquestionable.

Further, as people are living longer post their retirement, the challenge is to find ways to remain actively engaged and productive, with dignity. The implementation of the NAPSrC assumes huge significance in view of 12% of Indian population becoming over the age of 60 by 2020-30. There is a very strong need for the Government of India and all the State Governments to work in unison to successfully implement the strategies which have been

explained in the plan document .National Action Plan for the welfare of senior citizens (NAPSrC 2019-25) a central sector scheme conceptualized and rolled out by Ministry of Social justice and Empowerment, Govt. of India. This Action plan is based on National Policy for older persons 1999 and Maintenance and Welfare of Senior Citizens (MWPSC) Act-2007. NAPSrC highlights all the facets which are required to create an ecosystem where all Indians can age gracefully and live a life of dignity. The plan lays down in one document the mission, vision and plan of action of the Govt. of India for the welfare and well-being of the senior citizens of the country. In addition to the activities proposed at Government of India Level, the action plan also proposes to give grants to State Governments to carry out activities included as components in the schemes.

**III.DEVELOPMENT OBJECTIVES/GOALS:**

The Action Plan for Kerala has been drawn up based on the NAPSrc, with a view of welfare and well-being of senior citizens of the State. This plan takes care of the top four needs of the senior citizens viz financial security, food, health care and human interaction/ life of dignity. It also includes the facets of safety/protection and general well-being of the elderly beginning from awareness generation and sensitization of the society. The major components are suggested to be implemented over a period of five years, viz 2019-20 to 2024-25.

1.Financial security

2. Health care and Nutrition.

3.Shelter and Welfare.

4. Protection of life and property of senior citizens.

5. Active and productive ageing with intergenerational bonding and skill development.

6. Accessibility, Transport and age friendly environment.

7.Awareness generation and capacity building.

8. Promoting Silver economy. Senior friendly industrial goods and services in the society.

9.Research and study.

10. Project Management.

Objectives of NAPSrc can be achieved by focusing on convergence and rolling out various state initiatives. Though the states are free to devise their own strategies and programs, setting up of senior citizens Homes, Elderly Resource centres, Health care services for senior citizens and programme management should be implemented on priority basis.

**IV-STAKEHOLDERS:**

- Elderly themselves (Rural/Urban, of all ages Male and Females, Bedridden persons).
- Their Informal caregivers/Families (unpaid care givers) in the community.
- Formal Care-Givers.

- Government be it in Elderly Care or Social Welfare departments, or Health or State.
- Government in general especially people at grass-root/ cutting edge level.
- Care Institutions (Public/Private).
- Health care Institutions.
- Local Bodies/ Corporates.
- The Non-Profit or Non-Governmental Associations.
- The Think Tanks.
- The Media and,
- The Public at large.

## V-SITUATIONAL ANALYSIS IN KERALA:

The large increase in human life expectancy over the years has resulted not only in a very substantial increase in the number of older persons but in a major shift in the age groups of 80 and above. In the 60+ years age group, Kerala has the highest sex ratio at 1247 females to 1000 males, as compared to 1028 females for 1000 males all India. The situation improves further to 1319 (70+ years) and 1472 (80+ years). However, elder females fare worse than elder males in terms of dependence, inability to meet basic needs and ownership of property. High literacy rates, increase in standard of living, access to health facilities, increased transportation facility, wide road network, high rate of institutional delivery ad acceptance of family planning, etc., have helped to decrease the death and birth rates. The present scenario leads to a drastic growth in the elderly population from one out of ten persons in 2001 to one out of four persons in 2051.

Since Kerala is a model State for ensuring health and well being of aged population, through the national action plan it is proposed to focus on filling the gaps in various activities implemented for the welfare of parents and senior citizens concentrating on the following components viz.,

**-Financial Security**

**-Health Care and Nutrition**

**-Shelter and Welfare**

**-Awareness Generation and Capacity Building**

**-Research and Study**

**-Project Management**

## Detailed Action Plan for the Year 2019-20

| Sl. No | Component/Activities | /Activity proposed/Duration | No of participants | No of programmes | Cost/programme | Total cost |
|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| I | **Financial Security** | | | | | | |
| | Creating awareness to ensure the rights of parents and senior citizens under MWPSC Act.2007. Ensuring speedy relief by the machineries in place. (Strategy 1:10 of GoI guidelines) | Help desks in all DSJOs | | | 14 | 20000 | 2.80.000 |
| II | **Health Care & Nutrition** | | | | | | |
| | Incentivising best performing Trust, Charitable Societies and Voluntary Organisations for providing treatment to the very poor elderly. (Strategy 2:9 of GoI guidelines) | | | | One for each District | 10,000 x14 | 1,40,000 |
| III | **Shelter and Welfare** | | | | | | |
| | Voluntary/NGO sector to be a very important institutional mechanism to provide user friendly affordable services to complement the endeavors of the State. (Strategy 3:16of ~~GoI~~ guidelines) | Focus to be given to nutritional support to the most needy in the community with the support of NGOs /Associations etc | | | | 3,00,000 x14 | 42,00000 |
| IV | **Awareness Generation and Capacity Building** (Strategy 7:6 to 7:11 of GoI guidelines) | | | | | | |
| | Orientation to elderly para medical personnel and private medical practitioners | One day | 50 | | 28 | @ 30000 per programme | 25.20.000 |
| | Orientation to NSS volunteers and Youth clubs | One day | 50 | | 28 | | |
| | Orientation to Kudumbasree workers | One day | 50 | | 14 | | |
| | Awareness generation on MWPSC Act to police officers, judicial officers and central govt and state | One day | 50 | | 14 | | |

| | | | | | | |
|---|---|---|---|---|---|---|
| | govt officers | | | | | |
| | Development of a Web portal/App for the use of senior citizens. (Strategy 7:4 & 7:5 of GoI guidelines) | | | | | 4,00,000 |
| | IEC Activities | | | | | |
| | Awareness generation through mass media & Social Media | | | | | 5,00,000 |
| | FM Radio/ electronic media | | | | | |
| | Development of Modules for Awareness programmes | | | | | |
| V | **Research and Study** (Strategy 9:5 to 9:8 of GoI guidelines) | | | | | |
| | Collecting data on crime against senior citizens in more details by NCRB (National Crime Record Bureaus) and disseminating the findings to prevent further crimes against elderly | | | | | 15,00,000 |
| | Data on impact of substance abuse in old age. Measuring the impact vis-à-vis Cohorts | | | | | |
| | Impact of living arrangements on elderly life style and long-term care issues | | | | | |
| | Socio -economic-and cultural determinant of long term care of elderly in rural/urban settings | | | | | |
| | Research on Dementia, Parkinson, Alzheimer and such age related diseases and their care regimens | | | | | |

| | | | | | | |
|---|---|---|---|---|---|---|
| VI | **Project Management** | | | | | |
| | Technical and managerial support to State Government (Strategy 10:3 of GoI guidelines | Hiring or consultants, convergence meetings and other matters related with implementation of National action plan | | | | 460000 |
| | **TOTAL** | | | | | **10000000** |

**(Rupees one crore only)**

**Note: On implementation of the scheme, component wise amount may vary depending on the actual situation without crossing the AS amount.**

**FUND EARMARKED**

1.6 The fund earmarked for the implementation of NAPSrC during the financial year 2019-20 is as given in Table 2.

| Total allocation | Amount Released | HoA |
|---|---|---|
| 1 Crore | 75 lakhs | 2235-02104-79-Plan |

The remaining amount of Rs.25 lakhs will be released from GoI on submission of approved action plan of the State Government

**Implementation Methodology**

Social Justice Directorate will coordinate the activities for implementation of the action plan in collaboration with state holder departments, viz.,Revenue Divisional Offices, LSGI, Police, Health, Women and Child Development, NGOs, DELSA, Voluntary organisations etc. On getting Administrative Sanction, an effective implementation strategy specific to the State will be designed in a consultative workshop incorporating all the stakeholders and timeline for implementation also will be chalked out in the workshop and the action plan will be implemented accordingly.

## Monitoring and Evaluation

The National Action Plan on Senior Citizens is proposed to be implemented over a period of five years, viz 2019-20 to 2024-25. In order to ensure effective monitoring to the programme,a project monitoring unit will be established at Directorate level. In addition to this the State Vayojana Council constituted vide G.O.(Ms)No. 19/2010/SJD dated 06/03/2010 and G.O.(Rt)No.274/2019/SJD will supervise the activities in the State and district Vayojana Councils constituted vide G.O.No260/2017/SJD dated 02/05/2017 will monitor the activities in the District Level. The District committees are to submit quarterly progress reports to the State Project monitoring unit and State Project monitoring to consolidate the District Level activities and to appraise the activities to the State Council. A copy of the consolidated progress report should be submitted to GoI periodically.

**Director of**
**Social Justice**

ഭരണഭാഷ- മാതൃഭാഷ

E - 82756/2020

150 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ്- NAPSrC (National Action Plan for senior Citizen) -മുതിർന്ന പൗരൻമാർക്ക് സംസ്ഥാനത്ത് ഹെൽപ്പ് ലൈൻ തുടങ്ങുന്നതിനുള്ള ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

സാമൂഹ്യനീതി (സി) വകുപ്പ്

G.O.(Rt) No.502/2020/SJD തീയതി,തിരുവനന്തപുരം, 22/09/2020

പരാമർശം:- 1)കേന്ദ്ര സാമൂഹ്യനീതി ശാക്തീകരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിയുടെ 15-40(5)/2020-2/Src നം കത്ത്

2) സാമൂഹ്യനീതി ഡയറക്ടറുടെ 24/8/2020 ലെ ജി5/2497/2020 നമ്പർ കത്ത്.

ഉത്തരവ്

മുതിർന്ന പൌരന്മാരുടെ ദേശീയ ആക്ഷൻ പ്ലാനിലെ (National Action Plan for senior Citizen) വ്യവസ്ഥകൾക്കനുസൃതമായി അവരുടെ പരാതികൾ പരിഹരിക്കുന്നതിനും സീനിയർ സിറ്റിസൺസ് വെൽഫയർ ആക്ട് (MWPSC Act-2007) ശരിയായി നടപ്പിലാക്കുന്നതിനുമായി ദേശീയ ഹെൽപ്പ് ലൈൻ ആരംഭിക്കുന്നുവെന്ന് പരാമർശം (1)ലെ കത്ത് പ്രകാരം കേന്ദ്ര സർക്കാർ അറിയിക്കുകയുണ്ടായി.നിർദ്ദിഷ്ട മാനദണ്ഡങ്ങൾക്കനുസൃതമായി സംസ്ഥാന ഹെൽപ്പ് ലൈനുകളുടെ ഒരു ശൃംഖലയായാണ് ദേശീയ ഹെൽപ്പ് ലൈൻ നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നതെന്നും താഴെ തട്ടിൽ നിന്നുള്ള പ്രവർത്തനത്തെ സംയോജിപ്പിക്കുന്ന വിധം സംസ്ഥാന സർക്കാരുകൾക്ക് പ്രാദേശിക ഭാഷയിൽ പ്രവർത്തിക്കാനുതകുന്നവിധത്തിലാണ് ഹെൽപ്പ് ലൈൻ സജ്ജീകരിക്കുന്നതെന്നും അയതിന്റെ ചെലവ് ആദ്യ 2 വർഷത്തേക്ക് കേന്ദ്ര സർക്കാർ വഹിക്കുമെന്നും അതിനായി 2020-21 സാമ്പത്തിക വർഷത്തേക്ക് കേരളത്തിന് 106 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളതെന്നും പ്രസ്തുത തുക വിനിയോഗിക്കുന്നതിനുള്ള അനുമതി നൽകണമെന്നുമാവശ്യപ്പെട്ട് പരാമർശം (2) പ്രകാരം സാമൂഹ്യനീതി ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

2). സാമൂഹ്യനീതി ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ വിശദമായി പരിശോധിച്ചു. സംസ്ഥാന സർക്കാരിന്റെ ഭാഗത്തു നിന്ന് സാമ്പത്തിക പ്രതിബദ്ധത വരാത്ത വിധം , കേന്ദ്ര സർക്കാർ ഗൈഡ് ലൈൻസ് പ്രകാരം മുതിർന്ന പൗരൻമാർക്ക് സംസ്ഥാനത്ത് ഹെൽപ്പ് ലൈൻ തുടങ്ങുന്നതിനുള്ള ഭരണാനുമതി നൽകികൊണ്ടും. ടി പദ്ധതിക്കായുള്ള ഹ്യൂമൻ റിസോഴ്സസ് കണ്ടെത്തുന്നതിനുള്ള ചുമതല CMD/IMG എന്നീ സർക്കാർ ഏജൻസികളെ ഏൽപിക്കുന്നതിനുള്ള അനുമതി നൽകികൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

BIJU PRABHAKAR

SECRETARY

25/15

പകർപ്പ്

ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ജി&എസ്.എസ്.എ)/എ&ഇ) കേരള, തിരുവനന്തപുരം.

ധനകാര്യ വകുപ്പ് (ww2/223/2020,dated,18/09/2020)

വിവര പൊതുജന സമ്പർക്ക(വെബ് & ന്യൂ മീഡിയ വിഭാഗം) വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ